*Chief Minister* (SHRI PANAMPILLI GOVINDA MENON): That is not a matter in which this Government could do anything. It is entirely a matter pertaining to Government of India. That belongs to the Ministry of Transport.

SHRI P. V. AVIRA THARAKAN: I do not press the matter.

## LEGISLATIVE BUSINESS

### The Travancore Public Servants (Inquiries) Amendment Bill

*Chief Minister* (SHRI PANAMPILLI GOVINDA MENON): I, the Chairman of the Select Committee on the Travancore Public Servants (Inquiries) Amendment Bill, present the report of the Committee on the above Bill.

### Travancore-Cochin Appropriation (No. 3) Bill, 1955.

MR. SPEAKER: Rule 155 regulates the procedure to be followed in the matter of the Travancore-Cochin Appropriation Bill. As laid down in sub-rule (2) of this rule, this day is allotted for the disposal of this business. If the discussion is not completed by 1 P. M. today, all questions necessary to dispose of this matter will forthwith be put to the vote of the House.

I am sure that Members are aware that the discussions on the Appropriation Bill should be confined to the items constituting the supplementary grant or the policy underlying it and no discussion may be raised on the original grant or the policy underlying it, save in so far as may be necessary to explain or illustrate a particular item under discussion. It is only a routine matter and if the business is finished early, the House can proceed to discuss other items in the agenda.

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I beg to introduce the Travancore-Cochin Appropriation (No. 3) Bill, 1955.

*Home Minister* (SHRI A. J. JOHN): I second it.

MR. SPEAKER: The Bill stands introduced.

SHRI PANAMPILLI GOVINDA MENON: Sir, I move that the Travancore-Cochin Appropriation (No. 3) Bill, 1955 be taken up for consideration at once.

SHRI A. J. JOHN: I second it.

(MR DEPUTY SPEAKER in the Chair)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബിൽ ഇന്നലെയും, ഇവിടെ വസവുമായി ഈ നിയമസഭ സദയം പാസ്സാക്കിയ സപ്ലിമെന്ററി ഡിമാൻഡുകൾ ഉൾക്കൊള്ളിച്ചു, കാണ്സ്റ്റിറ്റ്യൂഷൻ അനുസരിച്ചു ഒരു ബില്ലായി സഭയുടെ അംഗീകാരത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുകയാണു്. ഇതിനെപ്പറ്റി കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, എനിക്കു ഈ സപ്ലിമെന്ററി ഗ്രാന്റ് ബിൽ ഇവിടെ അവതരിപ്പിക്കുന്ന ഈ അവസരത്തിൽ ഒരു പ്രത്യേക വസ്തുത ഗവണ്മെന്ററിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ടു്. അതായതു് ഡിമാൻഡുനമ്പർ 23-ൽ കോവാപ്പറേഷൻ ഗ്രാന്റു് സബ് ഹെഡ്ഡിൽ 44,500 രൂപ കൃഷിക്കാർക്കു അടിയന്തിരമായ ആശ്വാസനടപടികൾ നടപ്പാക്കുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയാണു്. ഈ 44,500 രൂപ സൊസൈറ്റികൾക്കുവേണ്ടി നീക്കിവയ്ക്കുന്ന ഈ സന്ദർഭത്തിൽ, കഴിഞ്ഞ ഏതാനും മാസങ്ങളായി ശ്രദ്ധിക്കപ്പെട്ടു്, പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സംഘങ്ങളെപ്പറ്റിയും ഈ സംഘങ്ങൾ മുഖേന ദുരിതം അനുഭവിക്കുന്ന കൃഷിക്കാർക്കു ഗവണ്മെന്റു് നൽകുന്നതായി ശ്രദ്ധിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും ചിലതു് ഇവിടെ പ്രസ്താവിക്കാനുണ്ടു്. ഈ രാജ്യത്തെ കൃഷിക്കാരിൽ വളരെ പാവപ്പെട്ടവരും, എണ്ണത്തിൽ കൂടുതലുള്ളവരുമാണു് മരച്ചീനികൃഷിക്കാർ. അവരുടെ ദുരിതാനുഭവങ്ങളെ പരാമർശിച്ചുള്ള അടിയന്തിരപ്രമേയം, ഇൻഡ്യൻ പാർലമെന്റിൽപോലും അവതരിപ്പിക്കപ്പെട്ടു. പാർലമെന്റിന്റെ ശ്രദ്ധയെപ്പോലും ഈ കാര്യത്തിലേക്കു തിരിച്ചുവിടാൻ അവരുടെ നടപടികൾക്കു സാധിച്ചിട്ടുണ്ടു്. ഇവിടെ തിരുവിതാംകൂർ-കൊച്ചി മരച്ചീനികർഷകസംഘവും തിരുവിതാംകൂർ-കൊച്ചി കർഷകസംഘവും പലതവണ ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റിനോടു് നിവേദനം നടത്തിയിട്ടുള്ളതാണു്. ഇങ്ങനെയുള്ള ഒരു പ്രത്യേക സന്ദർഭത്തിലാണു് കഴിഞ്ഞ ബഡ്ജറ്റുസമ്മേളനം ഇവിടെ നടന്നതു്. രാജ്യത്തിൽ ദുരിതം അനുഭവിക്കുന്നവർക്കു് എന്തെങ്കിലും ആശ്വാസനടപടികൾ സ്വീകരിക്കുകയോ, അവരുടെ വർദ്ധിച്ചുവരുന്ന പരാധീനതകൾക്കു് തൽക്കാലികമായിട്ടെങ്കിലും ചില നടപടികൾ കൈക്കൊള്ളുകയോ ചെയ്യണമെന്നു നിലവന്നപ്പോൾ, നിവൃത്തിയില്ലാതെ വന്നതിനാൽ മാത്രം ഇങ്ങനെയൊരു പദ്ധതി ഗവണ്മെന്റു് സ്വീകരിക്കുകയായിരുന്നു. തൽഫലമായി ഇരുപതു കോവാപ്പറേറ്റീവു് സൊസൈറ്റികൾ രൂപീകരിക്കണമെന്നും, ഈ സൊസൈറ്റികൾ മുഖാന്തിരം ഇരുപതിനായിരം ടൺ കപ്പ വെട്ടിക്കാനും മാർക്കറ്റിൽ ഇന്നു് കിട്ടാത്ത നല്ല ഒരു വില കൊടുത്തു് കർഷകരെ സഹായിക്കണമെന്നും വേണ്ടിയുള്ളതായിരുന്നു ആ സ്കീം. സദുദ്ദേശപരമായ ഒരു പദ്ധതിയായിരുന്നു ഇതെങ്കിലും പ്രയോഗത്തിൽ അതു് എത്രമാത്രം ഫലപ്രദമായി എന്നു പരിശോധിച്ചാൽ അറിയാം, പത്തു ലക്ഷം ടൺ മരച്ചീനി മിച്ചം വരുമ്പോൾ ഒരുലക്ഷം ടണ്ണിന്റെ അഞ്ചിലൊന്നായ ഇരുപതിനായിരം ടൺ മാത്രം വാങ്ങുന്നതുകൊണ്ടു് മരച്ചീനിക്കു് കാര്യമായ മാർക്കറ്റിൽ വിലവർദ്ധനവു് എങ്ങനെ സംഭവിക്കുമെന്നാണു്? അതുകൂടാതെ സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള മദ്ധ്യവർത്തികളുടെ ആക്രമണംമൂലം യഥാർത്ഥത്തിൽ ദുരിതമനുഭവിക്കുന്നവർ കർഷകരല്ല എന്ന സ്ഥിതിയാണുണ്ടായിരിക്കുന്നതു്. ഗവണ്മെന്റിന്റെ അനാസ്ഥമൂലം സൊസൈറ്റികൾ രൂപീകരിക്കുന്നതു് കഴിഞ്ഞ നവംബർ മാസത്തിലല്ല നടപ്പിൽ വന്നിട്ടു. വിണ്ടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണ പിള്ള]

ഈ രാജ്യത്ത് കർഷകവിഭാഗം പ്രക്ഷോഭണമുണ്ടാക്കിയപ്പോഴാണ് മരച്ചീനികർഷകരുടെ 200 കോവാപ്പറേറീവ് സൊസൈറ്റികൾ രൂപീകരിക്കാനുള്ള ഉത്തരവുണ്ടായത്. അതിനെ തുടർന്ന് പല സ്ഥലത്തും മദ്ധ്യവർത്തികൾ, ഗവണ്മെൻറപണം കൈക്കലാക്കാൻ പരിചയവുമുള്ളവർ, സൊസൈറ്റികൾക്കുവേണ്ടി കടിപിടിയായി. 200 സൊസൈറ്റികൾ രൂപീകരിക്കുന്ന പ്രശ്നത്തിൽത്തന്നെ വളരെയധികം കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. 197 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ഇപ്പോൾ പറയുന്നു. ഒരു സൊസൈറ്റിക്കുവേണ്ടി അരുവിക്കരനിന്നും അപേക്ഷ കൊടുത്തപ്പോൾ, ആ അപേക്ഷയിന്മേൽ രജിസ്ട്രാർ അനുവാദം നൽകിയില്ല. ഇനി രണ്ടു സൊസൈറ്റികൂടി രൂപീകരിക്കാനുണ്ട്, രണ്ട് ആഭ്യൂഹകം മാപടി പറയാമെന്നായിരുന്നു അദ്ദേഹം അന്നു സമാധാനം പറഞ്ഞിരുന്നത്. ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി 197 സൊസൈറ്റികൾ മാത്രമേ ഇതിനു രൂപീകരിച്ചിട്ടുള്ളുവെന്ന്. ഇനി മൂന്നു സംഘങ്ങൾ രൂപീകരിക്കാനുള്ളപ്പോൾ, ഒരു സംഘം ഞങ്ങൾക്കു സ്ഥാപിക്കാനുണ്ടായിരുന്ന താല്പര്യത്തെ കോവാപ്പറേറീവ് രജിസ്ട്രാർ നിരുത്സാഹപ്പെടുത്തിയതിന്റെ കാരണമെന്താണെന്നു അറിയേണ്ടതാണ്. ഓരോ താലൂക്കിലും സൊസൈറ്റികൾ രൂപീകരിച്ചതു ഏതടിസ്ഥാനത്തിലാണെന്നു പരിശോധിച്ചാൽ രാഷ്ട്രീയമായ ഉദ്ദേശങ്ങളുണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുന്നതാണ്. ഏറ്റവും കൂടുതൽ കപ്പ ഉൽപ്പാദിപ്പിക്കുന്നതു നെടുമങ്ങാടുതാലൂക്കിലാണ്. 68,000 ഏക്കറോളം സ്ഥലത്തു കപ്പ കൃഷിചെയ്യുന്ന താലൂക്കാണ് നെടുമങ്ങാട്. അവിടെ ഒൻപതു സൊസൈറ്റികൾക്കാണ് അനുവാദമുണ്ടായതു. താരതമ്യേന കപ്പക്കൃഷി കുറവുള്ള, നെയ്യാറിൻകരതാലൂക്കിലാണെങ്കിൽ പതിനാലു സൊസൈറ്റികൾ രൂപീകരിക്കാനനുവാദം നൽകിയിരുന്നു.

ശ്രീ. എം. ഭാസ്കരൻ നായർ : നെയ്യാറിൻകരതാലൂക്കിൽ 78,000 ഏക്കർ സ്ഥലം മരച്ചീനിക്കൃഷി നടത്തുന്നതായി അറിയാമോ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : 1950-51-ലെ സ്റ്റാറ്റിസ്റ്റിക്സ് നിന്നും വളരെ സൂക്ഷ്മതയോടുകൂടി പഠിച്ചുകൊണ്ടാണ് ഞാൻ പറയുന്നതു. എന്തായാലും നെയ്യാറിൻകരതാലൂക്കിൽ പതിനാലു സൊസൈറ്റികൾ രൂപീകരിക്കാനനുവാദമുണ്ടായതു അനീതിയാണെന്നു ഞാൻ പറയുന്നില്ല. മി. ഭാസ്കരൻനായർ ഈ കാര്യത്തിൽ പരിഭ്രമിക്കേണ്ട ആവശ്യമില്ല. ആ തത്വത്തിന്റെ പിന്നിൽ ന്യായമായ അവകാശവാദം നടന്നുവെന്നേയുള്ളൂ. നെയ്യാറിൻകരതാലൂക്കിൽ പതിനാലു സൊസൈറ്റികൾ ആകാമെങ്കിൽ, നെടുമങ്ങാടുതാലൂക്കിൽ ഇരുപതു സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഞങ്ങൾക്കു ന്യായമായി ലഭിക്കേണ്ട സൊസൈറ്റികളുടെ എണ്ണം കിട്ടാതിരിക്കുന്നതിനു പ്രത്യേകം കാരണമുള്ളതായി നെടുമങ്ങാടുതാലൂക്കുനിവാസികൾ വിശ്വസിച്ചുവരുന്നുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഒരൊറ്റ കാൺഗ്രസ്സുസ്ഥാനാർത്ഥിയെപ്പോലും വിജയിപ്പിക്കാൻ കൂട്ടാക്കാത്ത നെടുമങ്ങാട്ടുകാർക്ക് സൊസൈറ്റി മൂലമായോ മറ്റെങ്ങനെയോ ഇല്ലാതാക്കണമെന്നാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നതു,

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് ജനവിശ്വാസം. കൺഗ്രസ്സുകാരെ തിരഞ്ഞെടുക്കാത്തതിനു പകവീട്ടലായി ഇങ്ങനെ ഒരു നയം അവലംബിക്കുന്നതു ശരിയാണോ? രൂപീകരിക്കപ്പെട്ടുന്ന സൊസൈറ്റികളുടെ ജൂറിസ് ഡിക്ഷൻ കർഷകർക്കു നന്മയുണ്ടാകത്തക്കവിധം സൗകര്യപ്രദമായിരിക്കണം. അതുപോലെ തന്നെ കോവാപ്പറേറീവ് മേഖലയിലേയ്ക്ക് കർഷകരെ സംഘടിപ്പിക്കുന്നതിനും ഈ സൊസൈറ്റികൾമൂലം സാധിക്കണം. ഓരോ കർഷകനും, സംഘത്തിൽ അംഗമായി ചേരണമെന്ന നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ആ നിയമം അനുസരിച്ച് ഇന്നു സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയമാണ്. സൊസൈറ്റിയിൽ അംഗമായി ചേരുന്ന കർഷകന്റെ കുപ്പുമാത്രമേ എടുക്കാവൂ എന്ന നിയമമുണ്ട്. ആ നിയമം അനുസരിക്കപ്പെട്ടാൽ ആയിരക്കണക്കിനു ആളുകളെ സംഘത്തിലേയ്ക്കു കൊണ്ടുവരാൻ സാധിക്കും. സംഘത്തിന്റെ കോപ്പാട്ടാ അനുസരിച്ചുള്ള ലാഭം ന്യായമായി കർഷകരായ അംഗങ്ങൾക്കുതന്നെ ലഭിക്കുന്നതിനുള്ള വ്യവസ്ഥ കർശനമായി പാലിക്കപ്പെടണം. ലാഭം ഇരുനൂറും, മുന്നൂറും രൂപവീതം ലഭിക്കുമെന്നുണ്ടെങ്കിൽ ഓരോ കർഷകനും 5 രൂപവീതം കൊടുത്തു സംഘാംഗമായിത്തീരുന്നതിനുള്ള പ്രാഥമികചെലവു് അതു കായ്മയായി കരുതാതെ എല്ലാവരും അംഗങ്ങളായി ചേരുന്നതാണ്. എന്നാൽ, കോവാപ്പറേറീവ് സൊസൈറ്റിയുടെ അക്കൗണ്ടിംഗ് എന്തെല്ലാമെന്നറിയാൻപാടില്ലാത്ത മരച്ചീനികർഷകർക്കു ഈ സൊസൈറ്റികളിൽ അംഗങ്ങളായി ചേരുന്നതിനോ, ഗവണ്മെൻറ് ഉദ്ദേശിക്കുന്ന നന്മ അനുഭവിക്കുന്നതിനോ അവസരം ലഭിക്കാതെയാണിരിക്കുന്നതു്. യഥാർത്ഥ കർഷകരല്ലാത്തവർ അംഗങ്ങളായി ചേർന്നും, ഏതാനും അംഗങ്ങൾമാത്രം ഉൾപ്പെട്ട സൊസൈറ്റികൾ ഉണ്ടാക്കിയും ഈ പ്രസ്ഥാനത്തെ മദ്ധ്യവർത്തികളായ ഒരു ക്ലർക്ക് ചൂഷണംചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പൊറം മുപ്പതും ഇരുപത്തഞ്ചും അംഗങ്ങൾമാത്രം ചേർന്ന് എങ്ങനെയെങ്കിലും ഒരു സംഘം തട്ടിക്കൂട്ടി, പ്രസിഡൻറുമുതൽ എല്ലാ ഉദ്യോഗഭാരവാഹിത്വവും വഹിച്ചു സൊസൈറ്റികൾ നടത്തി ലാഭമുണ്ടാക്കുന്നവരുടെ ഒരു കൂട്ടുകെട്ടുമാത്രമായിട്ടാണിന്നു് മിക്ക സംഘങ്ങളും രൂപവൽക്കരിക്കപ്പെട്ടുകാണുന്നതു്.

കാട്ടാക്കട 3569-ാം നമ്പർ സഹകരണസംഘം, ഉഴുതുമ്പലം, കരകുളം, നെടുമങ്ങാട്, വെമ്പായം, ആര്യനാട് എന്നിവിടങ്ങളിൽ ഏഴെട്ടു സൊസൈറ്റികൾ വൻപിച്ച തുകകൾ കൊള്ളയിട്ടിട്ടുണ്ട്. ഈ ആരോപണത്തെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിച്ചിട്ടുള്ളതാണ്. ആ സ്ഥലങ്ങളിലെ കർഷകർ പ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുമുണ്ട്. കർഷകരുടെ നന്മയെ ലക്ഷ്യമാക്കി കോവാപ്പറേറീവ് പ്രസ്ഥാനത്തിനുവേണ്ടി 26 ലക്ഷം രൂപ ചെലവാക്കുമ്പോൾ അതു യഥാർത്ഥ കർഷകർക്കു പ്രയോജനപ്പെടുന്നതിനു് സഹകരണമേഖലകളിൽ അവരുടെ കൂട്ടായ്മ തൊല്പ്പിവും സഹകരണവും ഉണ്ടാകുന്നതിനു ആവശ്യമായ ഉദ്ബോധനവും പ്രചരണവും നൽകേണ്ടതു് ഇനിയും ആവശ്യമായിരിക്കുകയാണ്. കർഷകർ ഏതു പാർട്ടിയിൽപ്പെട്ടവരാണെന്നുള്ള ചിന്താഗതിയില്ലാതെ എല്ലാ കർഷകർക്കും അവർ കൺഗ്രസ്സുകാരോ, കമ്മ്യൂണിസ്റ്റുകളോ, ആർ.എസ്.പി.-യോ, കെ.എസ്.പി.-തുടങ്ങി ഏതു പാർട്ടിയിൽപ്പെട്ടവരും ആയിക്കൊള്ളട്ടെ ഈ 26 ലക്ഷത്തിന്റെ പ്രയോജനം പൂർണ്ണമായും ലഭിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ ആർ. ബാലകൃഷ്ണ പിള്ള]

പിന്നെ, ഈ ഇരുപത്തിയാറലക്ഷം രൂപ പൊതുഖജനാവിൽ നിന്നും ചെലവാക്കുമ്പോൾ ഗവണ്മെൻറാഗ്രഹിക്കുന്ന പ്രയോജനമുള്ള ഗുണം കർഷകന് ലഭിക്കുന്നുണ്ടോ എന്നു നോക്കിയിട്ടുണ്ടോ? ഇതിനുമുമ്പുള്ള ഗവണ്മെൻറിനില്ലേ? ഇതുപോലെ ഈ സൊസൈറ്റികളുടെ കയ്യിൽ എല്പിച്ചുകൊടുത്തിരിക്കുന്നതിനുശേഷം ആ സൊസൈറ്റികളുടെ നടത്തിപ്പിനെപ്പറ്റിയും അവയുടെ പ്രവർത്തകന്മാരുടെ സ്വഭാവത്തെപ്പറ്റിയും യാതൊരു അന്വേഷണവും നടത്താതെ കണ്ണുമടച്ചിരുന്നാൽ ജനങ്ങൾക്കു ഗുണം കിട്ടിക്കൊള്ളുമെന്നു വിചാരിക്കുന്നതു സദുദ്ദേശ്യത്തിൻറെ ലക്ഷണമാണോ? അതുകൊണ്ടാണു ഞാൻ ഇക്കാര്യം സഭയിൽ ഇത്രയേറെ പ്രാധാന്യം കൊടുത്തു പ്രതിപാദിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിമാർ ഒരുകാര്യം മനസ്സിലാക്കിയാൽ കൊള്ളാം. കാൺഗ്രസ്സ് പാർട്ടിയിൽപ്പെട്ടവരും മറ്റെല്ലാ കക്ഷിയിൽപ്പെട്ടവരും ആയ അംഗങ്ങൾ ഇതേസംബന്ധിച്ചു ഈ സഭയിൽ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടു്. ശരിയായ ഉത്തരം പറയുവാൻ നമ്മുടെ മന്ത്രിമാക്കു ഇതുവരെ സാധിച്ചിട്ടില്ല. അതുകൊണ്ടു ഗവണ്മെൻറ് ഇതിനെപ്പറ്റി ഒരു പുനഃപരിശോധന നടത്തണമെന്നു ഞാനപേക്ഷിക്കുന്നു. അങ്ങനെ പുനഃപരിശോധന ചെയ്യുന്നതോടുകൂടി സൊസൈറ്റിപ്രവർത്തകന്മാരുടെ പേരിൽ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാൽ നടപടികൾ നടത്തേണ്ടതാണു്. മുളമുട്ടടിമ, വെള്ളായണി പരമു മുതലായവരെപ്പോലും ജയിക്കുന്ന പ്രവർത്തകന്മാർ ഇത്തരം സൊസൈറ്റികളിലുണ്ടു്. അവരെയെല്ലാം മുക്കാലിയിൽ കെട്ടി അടിക്കുവാൻപോലും മടിച്ചുകൂടാ. കൃഷിക്കാരുടെ രക്ഷയ്ക്കുവേണ്ടി അലാട്ടുചെയ്തിട്ടുള്ള ഈ തുക വമ്പിച്ച ഭോഗവും പിള്ളചെയ്തു പോവുകയാണു്. ഇങ്ങനെ പണം തട്ടിയെടുക്കുന്നവരുടെ പേരിൽ നിർദ്ദാക്ഷിണ്യമായ നടപടികൾ നടത്താൻ ഗവണ്മെൻറ് തയാറാകണം. കൃഷിക്കാർക്കുവേണ്ടി ഇതുകൊണ്ടു നന്മയുണ്ടാകേണ്ടതെന്നു ഗവണ്മെൻറ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ വളരെ ശ്രദ്ധയോടുകൂടി ഇതു് കൈകാര്യം ചെയ്യണം. എന്നാൽ ഞങ്ങൾക്കതിനെപ്പറ്റി സംശയമുണ്ടു്.

കാട്ടാക്കടയിലെ 3659-ാം നമ്പർ സൊസൈറ്റിക്കു അലാട്ടുചെയ്തിരുന്നതു് 180 ടൺ വാട്ടകപ്പയും, 30 ടൺ ഉണക്കകപ്പയുമാണു്. ഇക്കൊല്ലം കപ്പകൃഷിക്കാർ നിരാശപ്പെട്ടിരിക്കുകയാണു്. കാലാകാലങ്ങളിൽ മഴപെയ്യാത്തതുകൊണ്ടുള്ള വിളുകുറവും, പോരാത്തതിനു വിലക്കുറവുംകൊണ്ടു് ഭീമമായ നഷ്ടം അവർ സഹിച്ചുകൊണ്ടിരിക്കുന്നു. നെടുമങ്ങാടു താലൂക്കിൽ നൂറേക്കറിനു മുകളിൽ ഏക്കർ സ്ഥലത്തു മരച്ചീനികൃഷിക്കാർ കൃഷിച്ചെലവിനുപോലും വക കാണാതെ കൃഷിയിറക്കാൻ വിഷമിക്കുകയാണു്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയാണു് ഇന്നവരെ അഭിമുഖീകരിക്കുന്നതു്. ഇങ്ങനെ ദുരിതമനുഭവിക്കുന്ന കൃഷിക്കാരുടെ ആശ്വാസത്തിനുവേണ്ടിയാണല്ലോ സൊസൈറ്റിമുഖേന ഇത്രയുംടൺ കപ്പ വാങ്ങിക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചതു്. ആ താലൂക്കിൽ വച്ചു കൃഷി ഇൻസ്പെക്ടറന്മാരുടേയും സംഘം പ്രവർത്തകന്മാരുടേയും, മരച്ചീനികൃഷിക്കാരുടേയും ഒരു കാൺഫറൻസു വിളിച്ചുകൂട്ടുകയുണ്ടായി. ആ കാൺഫറൻസിൽവച്ചു് ചർച്ച നടത്തിയപ്പോൾ വാട്ടകപ്പ താലൂക്കിൽ ഇല്ലാത്തസ്ഥിതിക്കു് കോട്ടാ മുഴുവനും ഉണക്കക്കപ്പയായി അടയ്ക്കുവാൻ അനുവാദം കിട്ടണമെന്നു് അവിടത്തെ സംഘം പ്രവർത്തകരും പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറ്മാരും പറയുകയുണ്ടായി; എന്തെങ്കിലും ആശ്വാസകരമായ നടപടികൾ എടുക്കുന്നു എന്നല്ലാതെ കൃഷിക്കാർക്കു ഉപയോഗക്ഷമമായി പദ്ധതിയെ രൂപപ്പെടുത്തുന്ന കാര്യത്തിൽ ഗവണ്മെൻറ് ഒട്ടുംതന്നെ ശ്രദ്ധിക്കുന്നില്ല. 180 ടൺ വാട്ടകപ്പ കൊടുക്കണമെന്നല്ലാതെ, ഈ കപ്പ ഗവണ്മെൻറാവശ്യപ്പെടുമ്പോൾ അതിലേർപ്പെട്ടിരിക്കുന്ന ആളുകൾക്കു കൊടുക്കാൻ ഉണ്ടാകുന്ന വിഷമതകളെപ്പറ്റി ഗവണ്മെൻറ് നോക്കുന്നില്ല. തന്നിമിത്തം ആകെ പത്തുടൺ കപ്പ മാത്രമേ ആ നാട്ടിൽ കൃഷിക്കാരിൽനിന്നും എടുക്കുവാൻ സംഘം തയ്യാറായിട്ടുള്ളൂ. ബാക്കി 170 ടൺ വാട്ടകപ്പ ഏതാനും വ്യക്തികൾ ചേർന്ന് നാഗ്പൂരിൽനിന്നും എടുത്തു, കൊണ്ടുകൊടുക്കയിലുള്ള ആരുമറിയാതെ ഇവിടെ ആര്യശാലയിൽ കൊണ്ടുവന്നു വിറ്റ് ലാഭമുണ്ടാക്കി. ഡിപ്പോ ആഫീസർ ഈ കള്ളത്തരം അറിഞ്ഞിട്ടുണ്ടോ എന്ന സംശയമുണ്ട്. അതുകൊണ്ടു ഓരോ ലോറിക്കും പത്തോ പന്ത്രണ്ടോ രൂപ വീതം അദ്ദേഹത്തിനും കൊടുത്തുകൊണ്ടിരുന്നു. ചെന്നാഗ്പൂരിയിൽ ഒരു കണ്ടി കപ്പയ്ക്ക് 22 രൂപ വിലയുള്ളപ്പോൾ ഗവണ്മെൻറ് റേറ്റ് 52 രൂപ 13 ണ-യാണ്. അങ്ങനെ കണ്ടി ഒന്നുക്ക് 30 രൂപയോളം ലാഭം ഇവർക്കു ലഭിക്കുന്നു. മൂന്നരക്കണ്ടിയാണ് ഒരു ടൺ. ആ നിലയ്ക്ക് 26,000-ത്തോളം രൂപ അവിടെ 26 ആളുകൾകൂടി തട്ടിയെടുത്തിരിക്കുകയാണെന്നു കാണാം. ആ സംഘത്തിലെ എക്സിക്യൂട്ടീവ് അംഗങ്ങൾപോലും അറിയാതെയാണ് ഈ വൽപ്പന നടത്തുന്നതു്. ഇതെല്ലാം കഴിഞ്ഞശേഷം നമ്മുടെ മുഖ്യമന്ത്രി, ഡി. സി. സി. പ്രസിഡൻറ് ഇവരെയെല്ലാം വിളിച്ചുകൂട്ടി അവർ ഒരു കാൺഗ്രസ്സ് പ്രചരണയോഗം നടത്തുകയുണ്ടായി. ഇവരെല്ലാം വന്നു പ്രസംഗങ്ങൾ നടത്തുമ്പോൾ കാര്യങ്ങളെല്ലാം ശരിയായി നടക്കുകയാണെന്നു ജനങ്ങൾക്കു ഒരു ധാരണയുണ്ടാകുമല്ലോ. രാജ്യത്തെ രക്ഷിക്കുവാനും രാജ്യക്ഷേമത്തെ പുലർത്തുവാനും അഹോരാത്രം പ്രയത്നിക്കുന്ന നമ്മുടെ മുഖ്യമന്ത്രിപോലും അവിടെ വന്ന അവസരത്തിൽ അവിടത്തെ ബ്ലാക്കുമാർക്കറ്റിംഗിനെപ്പറ്റിയും അവിടെയുള്ള ഏതാനും പേർ ചെയ്തുകൂട്ടുന്ന വിക്രിയകളെപ്പറ്റിയും കോലാഹലങ്ങളെപ്പറ്റിയും അന്വേഷിക്കുവാൻ മനസ്സുകാണിച്ചില്ല. മുഖ്യമന്ത്രി പ്രസംഗിച്ചതിനു ശേഷം കാട്ടാക്കടയിൽ ഉണ്ടായ ഇതുപോലെയുള്ള അഴിമതികളെപ്പറ്റി ജനങ്ങൾ ഗവണ്മെൻറിൻറെ അടുക്കൽ പരാതിപ്പെട്ടു. എന്നാൽ അതിനെ സംബന്ധിച്ചു യാതൊരു നടപടിയും എടുത്തിട്ടില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ 26,000 രൂപ തട്ടിയെടുത്തതിനുശേഷം മുഖ്യമന്ത്രിയെക്കൂട്ടി ഒരു കാൺഗ്രസ്സ് യോഗം വിളിച്ചുകൂട്ടിയാൽ ജനങ്ങളുടെ ഈ പരാതികളൊക്കെ നിന്നുകൊള്ളുമെന്നും രക്ഷപ്പെടാമെന്നും വിചാരിച്ചായിരിക്കാം സംഘംപ്രസിഡൻറ് ഇത്തരം നടപടികൾക്കു കച്ചകെട്ടിയതു്. ഇങ്ങനെയാണു കാര്യങ്ങൾ നടക്കുന്നതെങ്കിൽ ആ നാട്ടിലെ കൃഷിക്കാർക്കു് ഇതുകൊണ്ടെന്തുശ്വാസമാണുണ്ടാകാൻ പോകുന്നതെന്നു ഈ മന്ത്രിമാരോടു് ഞാൻ ചോദിക്കുന്നു. കാട്ടാക്കടയിലുള്ള ഒരു സൊസൈറ്റിയുടെ കഥയാണിതു്. മറ്റു സൊസൈറ്റികളുടെ കഥയും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമായിട്ടുള്ളതല്ല.

Mr. DEPUTY SPEAKER: The scope of the discussion is very limited. This is Appropriation Bill. You were all along speaking about tapioca.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇക്കാര്യത്തിനു ഞാൻ പ്രാധാന്യം കൊടുത്തു എന്നേയുള്ളൂ. ആര്യനാട്ടു സൊസൈറ്റിയിൽ ആദ്യത്തെ കച്ചവടത്തിൽത്തന്നെ രണ്ടായിരം രൂപ ലാഭംകിട്ടിയത്രേ! ഒടുവിൽ പ്രസിഡൻറും വൈസ്പ്രസിഡൻറും തമ്മിൽ വഴക്കായി. അതിനെപ്പറ്റി എക്സ്ചേഞ്ചിൽ അംഗങ്ങൾ പരാമർശിച്ചപ്പോൾ ഓരോ എക്സ്ചേഞ്ചിനും അംഗത്തിനും 37 രൂപ 2 അണ വച്ചു വീതംകൊടുത്തിരിക്കുകയാണ്. കള്ളക്കച്ചവടം നടത്തിയില്ലെങ്കിൽ ഈ തുക ലാഭിച്ചുസായിപ്പാകുമെന്നാണ് അവർ ജനങ്ങളെ പറഞ്ഞു ധരിപ്പിച്ചു വരിക്കുന്നത്. 30 അല്ലെങ്കിൽ 40-ൽ കൂടുതൽ അംഗങ്ങളുള്ള ഒരൊറ്റ സൊസൈറ്റിപോലും നെടുമങ്ങാട്താലൂക്കിൽ ഇല്ല. ഓരോ കൃഷിക്കാരനും ലാഭംകിട്ടും എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെൻറ ഈ പദ്ധതി ഏർപ്പെടുത്തിയതു്. എന്നാൽ ഇന്നു നടക്കുന്നതെന്താണു്? കമ്മ്യൂണിസ്റ്റനുഭാവികളേയോ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ അംഗങ്ങളേയോ നടത്തുന്ന സൊസൈറ്റികളും ഇക്കൂട്ടത്തിൽ ഉണ്ടു്. അവിടെയും കൊള്ളനടക്കുന്നുണ്ടായിരിക്കാം. അവരോടും ഗവണ്മെൻറ യാതൊരു ദാക്ഷിണ്യവും കാണിക്കേണ്ട കാര്യമില്ല. ഇങ്ങനെ ഈ സൊസൈറ്റികളിൽ നടക്കുന്ന കൊള്ളകളേയും വഞ്ചനകളേയും പറ്റി സത്യസന്ധമായ അന്വേഷണം നടത്തി എങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാൽ കർശനമായ നടപടികൾ എടുക്കുവാൻ ഗവണ്മെൻറ തയ്യാറാണം. ജനങ്ങളുടെ മുമ്പിൽ യോഗ്യന്മാർ എന്നു നടിച്ചുനടക്കുന്ന ആളുകളിൽ ചിലരും ഇങ്ങനെയുള്ള സൊസൈറ്റി പ്രവർത്തകന്മാരുടെ കൂട്ടത്തിൽപ്പെടും. അവരേയും ജനങ്ങളുടെ മുമ്പാകെ വച്ചു് വേണ്ട അന്വേഷണം നടത്തി നടപടികൾക്കു വിധേയമാക്കേണ്ടതാണു്. അതിനു ഗവണ്മെൻറ തുനിയുകയാണെങ്കിൽ ഗവണ്മെൻറുദ്ദേശിക്കുന്ന ഫലം ഈ പദ്ധതിക്കുണ്ടാകും. അങ്ങനെ ചെയ്യാതെ, ഈ കള്ളന്മാരെയെല്ലാം ഗവണ്മെൻറിൻറെ ചിറകിനടിയിൽ വച്ചുകൊണ്ടു ഇറിയും മറയ്ക്കു് കായ്കാനാൻ പോകുകയാണെങ്കിൽ, ഇങ്ങനെ കുറെക്കാലം കഴിയുമ്പോൾ കാര്യങ്ങളെല്ലാം ശരിപ്പെട്ടുകൊള്ളുമെന്നാണു ഗവണ്മെൻറ വിചാരിക്കുന്നതെങ്കിൽ ഗവണ്മെൻറ മൂഢസ്വർഗ്ഗത്തിൽ കഴിയുകയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

കേന്ദ്രഗവണ്മെൻറിലെ കാർഷികവകുപ്പു ഡെപ്യൂട്ടിമന്ത്രി ശ്രീ. എ പി ജയിൻ ഇവിടെ വന്നപ്പോൾ ഇവിടത്തെ കപ്പക്കൃഷിക്കാരുടെ കഷ്ടനഷ്ടങ്ങളെപ്പറ്റി അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ കപ്പകൃഷി അങ്ങു മാറ്റിക്കളയരുതോ എന്നാണ് അദ്ദേഹം ചോദിച്ചതു്. സർ, മണ്ണിനേയും മനുഷ്യനേയും മാറ്റിയാൽ മാത്രമെ കപ്പകൃഷി മാറ്റാൻ കഴികയുള്ളൂ. 1951-52-ൽ 18 കോടി രൂപയുടെ മരച്ചീനി ഈ രാജ്യത്തു ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നതാണ്. ഇതിൽ നിന്നുണ്ടാകുന്ന വിദേശനാണ്യവരുമാനമുണ്ടായിരിക്കുന്ന രാജ്യത്തിൻറെ നഷ്ടം എത്രമാത്രം ഗുരുതരമാണെന്നു് ആർക്കും ഊഹിക്കാവുന്നതാണല്ലോ. ഇന്നത്തെ മുഖ്യമന്ത്രി, ഈ കപ്പക്കൃഷിക്കാരുടെ ദുരിതാശ്വാസത്തിനുവേണ്ടി ഒരു ദീർഘകാലപദ്ധതി ഗവണ്മെൻറാസൂത്രണം ചെയ്യുവരികയാണെന്നു പറയുകയുണ്ടായി. അവരുടെ ദുരിതാശ്വാസത്തിനു ഗവണ്മെൻറിനു് സ്ഥായിയായ യാതൊരു പരിഹാരനടപടികളും ചെയ്യുവാൻ ഇല്ല. രണ്ടാമത്തെ പഞ്ചവത്സരപദ്ധതി വരുമ്പോഴെങ്കിലും ഈ രാജ്യത്തെ കപ്പക്കൃഷിക്കാരെ രക്ഷിക്കുവാനുള്ള പദ്ധതികൾ ഏർപ്പെടുത്തേണ്ടതാണെന്നു ഗവണ്മെൻറിനു

LIBRARY ARCHIVES Kerala Legislative Assembly

തോന്നേണ്ടതല്ലേ? ആ പദ്ധതിയിൽ ഈ കൃഷിയെ പ്രോത്സാഹിപ്പിക്കത്തക്കവിധത്തിലുള്ള വ്യവസായവൽക്കരണനടപടികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടോ? അത്തരത്തിലുള്ള വ്യവസായവൽക്കരണപദ്ധതികൾ ഇവിടെ നടപ്പിൽ വരുത്തുവാൻ ഇവിടെ മുതലാളിമാർ തയ്യാറായില്ലെന്നു വന്നുകൂടാത്തതല്ല. അങ്ങനെയാണെങ്കിൽ അതിനെയും ഇവിടെ ഒരു സ്റ്റാർച്ചുഫാക്ടറിയോ, ചൗവ്വരി-ഗ്ലൂക്കോസ് ഫാക്ടറിയോ സ്ഥാപിക്കുവാനുള്ള ഉത്തരവാദിത്വം രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിലെങ്കിലും ഉൾപ്പെടുത്തി ഗവണ്മെന്റ് സ്വയം ഏറ്റെടുത്തേണ്ടതല്ലേ? ആദ്യത്തെ പഞ്ചവത്സരപദ്ധതി ഇക്കൊല്ലം അവസാനിക്കും. രണ്ടാമത്തെ പഞ്ചവത്സരപദ്ധതി അടുത്ത അഞ്ചു മുതല്ലത്തേയ്ക്ക് നടപ്പിലുണ്ടാവും. ഈ പത്തുകൊല്ലത്തിനിടയിലും മരച്ചീനികൃഷിക്കാരുടെ തലവിധി പരിഹാരമുണ്ടാക്കുകയില്ലെന്നല്ലേ മനസ്സിലാക്കേണ്ടത്? അതുകൊണ്ട് ഇത്തരം വ്യവസായങ്ങൾ പ്രൈവറ്റ് സെക്ടറിൽപ്പെടുത്താതെ പബ്ലിക് സെക്ടറിൽപ്പെടുത്തി എത്രയും വേഗത്തിൽ മരച്ചീനികൃഷിക്കാരുടെ ദുരിതത്തിനു സ്ഥായിയായ പരിഹാരം നൽകേണ്ട ചുമതല ഗവണ്മെന്റിനുണ്ടായിരുന്നു. രണ്ടു പഞ്ചവത്സരപദ്ധതികൾ ഇവിടെ നടപ്പിൽ വന്നുകഴിഞ്ഞതിനുശേഷവും ഈ കൃഷിക്കാർക്കു ആശ്വാസം ലഭിക്കാൻ എന്താണു മാർഗ്ഗം? അതുവരെ അവർക്കു ജീവിക്കേണ്ടേ? 1917-18-ൽ ഇവിടത്തെ വ്യവസായ ഡയറക്ടറായിരുന്ന (S. G. Barker) എസ്. ജി. ബാർക്കർ എന്ന ഉദ്യോഗസ്ഥൻ ഈ രാജ്യത്തെ വ്യവസായസാദ്ധ്യതകളെപ്പറ്റി താലൂക്കടിസ്ഥാനമാക്കി അന്വേഷണം നടത്തിയശേഷം അന്നത്തെ ദിവാൻജിയായിരുന്ന സർ എം. കൃഷ്ണൻനായർക്ക് സമർപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽനിന്നും നെടുമങ്ങാട് താലൂക്കിൽ അരുവിക്കരയിൽ ഒരു സ്റ്റാർച്ചുഫാക്ടറി സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു ഫാക്ടറി ഉണ്ടാക്കിക്കഴിഞ്ഞാൽ ലോകവിപണിയിലേയ്ക്കുവേശ്യമുള്ള സ്റ്റാർച്ചു പ്രൊഡ്യൂസ് ചെയ്യാമെന്നും ഗവണ്മെന്റിനു നല്ലലാഭം ഉണ്ടാക്കുവാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈവക കാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചുകൊണ്ടു നെടുമങ്ങാട് താലൂക്കിലുള്ള പതിനായിരം ആളുകൾ ഒപ്പിട്ട ഒരു മെമ്മോറാണ്ടം നമ്മുടെ മുഖ്യമന്ത്രിക്കു കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞതു്, ഇങ്ങനെയുള്ള ഫാക്ടറികൾ പബ്ലിക് സെക്ടറിൽ എടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ലെന്നാണ്. അതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതു് ഇവിടത്തെ മരച്ചീനികർഷകരെ രക്ഷിക്കുവാനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുവാൻ ഗവണ്മെന്റ് തയ്യാറല്ലായെന്നല്ലേ? നമ്മുടെ സംസ്ഥാനം ഒരു കേന്ദ്രഗവൺമെന്റ് സെൻട്രൽ സെക്ടറായിട്ട് പ്രദേശമിപ്പിക്കുന്നതിന്റെ പ്രഥമപടിയായി സംസ്ഥാനത്തുണ്ടാകുന്ന മരച്ചീനി സംഭരിച്ചു് അവയെ സ്റ്റാർച്ചു്, ഗ്ലൂക്കോസ് തുടങ്ങിയ സാധനങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനു് ആവശ്യമുള്ള യന്ത്രസാമഗ്രികളും ഫാക്ടറികളും സ്ഥാപിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ഒരു സ്റ്റാർച്ചു് ഫാക്ടറി സ്ഥാപിയ്ക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ഈ തുക സ്വന്തം ഉത്തരവാദിത്വത്തിൽ ഗവണ്മെന്റ് ഒരു ഫാക്ടറി സ്ഥാപിയ്ക്കുന്നതിനു് വേണ്ടി ഉപയോഗപ്പെടുത്തണം. അല്ലാതെ മരച്ചീനികർഷകരെ ദുരിതാവസ്ഥയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി എന്നപേരിൽ കുറെ അധികം പണം ഗവണ്മെന്റിൽനിന്നും നഷ്ടപ്പെടുന്നു എന്നല്ലാതെ മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

ക്കാൻ മറെറാന്നുമില്ല. കർഷകക്കു് ഈ പ്രസ്ഥാനംകൊണ്ടു് യാതൊരു ശുശ്വാസവും ഉണ്ടായിട്ടില്ലെന്നും, ഈ പ്രസ്ഥാനത്തിനുവേണ്ടി ഗവണ്മെൻറിൽനിന്നും ചെലവാക്കിയ 26 ലക്ഷം രൂപയും മരച്ചീനി സൊസൈറ്റികളിലെ ഏതാനും വ്യക്തികൾ തട്ടിയെടുത്തുവെന്നല്ലാതെ അതുകൊണ്ടു് കർഷകക്കു് പ്രതീക്ഷിച്ചിരുന്ന നന്മയൊന്നും ഉണ്ടായിട്ടില്ലെന്നും, ഈ പ്രസ്ഥാനം തുടരുന്നപക്ഷം നന്മഉണ്ടാകുമെന്നു് പ്രതീക്ഷിക്കാനില്ലെന്നും, ഉറപ്പിച്ചു പറഞ്ഞുകൊണ്ടു് സർ, ഞാൻ അവസാനിപ്പിക്കുകയാണു്. മരച്ചീനി ധാരാളം ഉൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങളുടെ കേന്ദ്രമായ നെടുമങ്ങാടു് താലൂക്കിൽ സ്റ്റാർച്ചുഫാക്ടറി സ്ഥാപിക്കുകയും, ഗവണ്മെൻറിൽ നിന്നും ചെലവാക്കിയ ഈ വൻതുക തട്ടിയെടുത്ത വ്യക്തികളെ സൂക്ഷ്മാന്വേഷണത്തിനു വിധേയരാക്കി കർശനമായി ശിക്ഷിക്കുകയും വേണ്ടതാണെന്നു് വീണ്ടും അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഭാസ്കരൻ നായർ : സർ, മരച്ചീനിക്കൃഷിക്കാരുടെ കഷ്ടപ്പാടുകളെ പരിഗണിച്ചു് അവരെ സഹായിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് ഒരു പദ്ധതി ആവിഷ്കരിച്ചതിൽ ഗവണ്മെൻറിനോടു് കൃതജ്ഞതയുണ്ടു്. ഇതിലേയ്ക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ള സൊസൈറ്റികളുടെ പ്രവർത്തനത്തെപ്പറ്റി ശ്രീ. ആർ. ബാലകൃഷ്ണപിള്ള പല കാര്യങ്ങളും ഇവിടെ പറഞ്ഞതിൽ ഒന്നുരണ്ടു കാര്യങ്ങളോടു് എനിക്കും യോജിക്കാതിരിക്കാൻ നിവൃത്തിയില്ല. സർ, തെക്കൻതാലൂക്കുകളെ സംബന്ധിച്ചിടത്തോളവും ഈ പദ്ധതികൊണ്ടു് പ്രയോജനമൊന്നുമുണ്ടായിട്ടില്ലെന്നുമാത്രമല്ല പരിപൂർണ്ണമായ പരാജയത്തിലാണു് കലാശിച്ചിട്ടുള്ളതെന്നും ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. അതിനു് പ്രത്യേക കാരണങ്ങളും ഇല്ലാതില്ല. ഈ സെക്രട്ടറിയേറ്റിലുള്ള സെക്രട്ടറി അദ്ദേഹത്തിൻറെ കീഴിലുള്ള രണ്ടു മൂന്നു സിൽബന്ധികളുമായിമാത്രം ആവിഷ്കരിച്ചു് രൂപംകൊടുത്തിട്ടുള്ള ഒരു സംപ്രദായമായതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചുതെന്നു തോന്നുന്നു. ഈ പദ്ധതി ഈ സഭയിൽ ചർച്ചാവിഷയമാക്കിയ അവസരത്തിൽ ഇതു സംബന്ധിച്ചു സ്വീകരിക്കേണ്ട നടപടികളെപ്പറ്റി പല ബഹുമാനപ്പെട്ട മെംബറന്മാരും സംസാരിക്കുകയുണ്ടായി. എന്നാൽ മെമ്പറന്മാരുടെ അഭിപ്രായങ്ങൾക്കു് അതർഹിക്കുന്ന വില ഈ പദ്ധതി നടപ്പിലാക്കുന്ന വിഷയത്തിൽ കാണിച്ചിട്ടില്ല. സർ, ഈ രാജ്യത്തു് ധാരാളം സഹകരണസംഘങ്ങൾ പ്രവർത്തന രഹിതമായി നിലവിലുണ്ടു്. വിശേഷിച്ചും നാട്ടുംപുറങ്ങളിൽ കൂടെ അധികം സംഘങ്ങൾ പ്രവർത്തനരഹിതമായ നിലയിൽ ഇരിക്കുകയാണു്. ഈ സംഘങ്ങളിൽ 90 ശതമാനം അംഗങ്ങളും മരച്ചീനികർഷകരാണു്. അങ്ങനെയുള്ള കർഷകരുടെ സഹകരണസംഘമാണു് നമുക്കാവശ്യം. ഇതുകൂടാതെ ഈയ്യിടെ ചേർത്തലയിൽവച്ചു കൂടിയ അഖിലതിരുവിതാംകൂർ കോവപ്പു റൈറിവു് കൺഫറൻസിൽ ഏകകണ്ഠമായ ഒരു തീരുമാനം എടുത്തിട്ടുള്ളതു് അനാവശ്യമായി സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ടു് പ്രയോജനമൊന്നുമില്ലെന്നും നിലവിലുള്ള സംഘങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയാണു് വേണ്ടതെന്നുമാണു്.

സർ, പട്ടണങ്ങളിലും നാട്ടുംപുറങ്ങളിലും അനവധി സഹകരണസംഘങ്ങൾ നിലവിലിരിക്കവേ, കൂടുതലായി ഇരുന്നൂറോളം മരച്ചീനി

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘത്തെ ഇപ്പോൾ രൂപീകരിച്ചിട്ടുള്ളതു് ശരിയല്ല. അതേ സംബന്ധിച്ചുതന്നെ ഈ സഭയിൽ വലിയ വിമർശനത്തിനു് ഇടയായിട്ടുണ്ടു്. മരച്ചീനി ഗവണ്മെൻറു് സംഭരിക്കുന്നു എന്നറിഞ്ഞതുമുതൽ കൃഷിക്കാർ തങ്ങളുടെ കപ്പയെല്ലാം ഉണക്കി സൂക്ഷിച്ചു. പക്ഷെ കുറെ അധികം നാളുകൾ കഴിഞ്ഞതിനുശേഷമാണു്, അതായതു് നാലഞ്ചുമാസം കഴിഞ്ഞതിനുശേഷമാണു്, പുതിയ സംഘത്തെ രൂപീകരിക്കപ്പെട്ടതു്. കപ്പ ധാരാളമുണ്ടാകുന്ന സ്ഥലങ്ങളിൽ സാധാരണയായി അവർ അവയുടെ ഒരു ചെറിയ അംശം മാത്രമേ ഉണ്ടാക്കുന്ന പതിവു് ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഗവണ്മെൻറു് ഈ പദ്ധതി നടപ്പിൽ വരുത്തുന്നതായി പ്രഖ്യാപിച്ചതോടുകൂടി എല്ലാ കർഷകരും വെള്ളക്കപ്പ ഉണ്ടാക്കാൻ തുടങ്ങി. ഗവണ്മെൻറു് ഇവയൊക്കെ വിലയ്ക്കെടുക്കുമെന്നുള്ള പ്രതീക്ഷയിലാണു് അവർ അങ്ങനെ ചെയ്തതു്. വിശേഷിച്ചു് വെള്ളക്കപ്പ വാട്ടുകപ്പയെപ്പോലെ കുറെ അധികം നാൾ വച്ചുക്കാൻ നിവൃത്തിയില്ല. രണ്ടുമൂന്നു മാസം കഴിഞ്ഞാൽ അവ പൊടിയുകയും പുഴുക്കുത്തു മുതലായവ ചെയ്യുകയും ചെയ്യും. നാലു മാസംകഴിഞ്ഞതുകൊണ്ടു് സഹകരണസംഘത്തെ രൂപീകരിച്ചു്, എന്നെ നാലുകിലുള്ള കർഷകർ തങ്ങളുടെ കപ്പയുംകൊണ്ടു് സൊസൈറ്റികളെ സമീപിച്ചപ്പോൾ കപ്പയെടുത്തുകൊണ്ടു് വിലയെഴുതുന്നതു് അപകരം അവ ചീത്തയാണെന്നുള്ള സർട്ടിഫിക്കറ്റുകൊടുത്തു പറഞ്ഞയയ്ക്കുകയാണു് ചെയ്തതു്. അങ്ങനെ കർഷകരുടെ കപ്പ മിക്കവാറും ഉപയോഗശൂന്യമായ രീതിയിൽ ചീത്തയായിട്ടുടങ്ങിയതിനുശേഷമാണു് സംഘത്തെ രൂപീകരിക്കപ്പെട്ടതു്. മരച്ചീനി കൃഷി തോടുകൂടി മിക്കവാറും നശിച്ച ഒരവസ്ഥയിൽ എത്തിയപ്പോൾ സൊസൈറ്റിയെ രൂപീകരിച്ചു സംഭരിക്കുവാൻ തുടങ്ങി. ഈ തോടുകൂടി മിക്കവാറും ഉണക്കക്കപ്പ സംഭരിക്കാൻ വിചാരിച്ചതുപോലെ സാധിച്ചിട്ടുമില്ല. ഈ പരിതഃസ്ഥിതിയിൽ ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ ചങ്ങനാശ്ശേരിയിൽനിന്നും മരച്ചീനി ലോറിയിൽ കയറ്റി ഇവിടെ കൊണ്ടുവന്നു് വിറ്റഴിക്കും. മറ്റൊരു നഷ്ടം കൃഷിക്കാർക്കുണ്ടായിട്ടുള്ളതു് ഈ സംഘത്തെ രൂപീകരിക്കുന്നതിനു് മുമ്പുതന്നെ ആരംഭിച്ച മഴ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണു്, ഇതേവരെ മഴ മാറിയിട്ടില്ല. അതുകൊണ്ടു് വല്ല സ്ഥലത്തും കപ്പ അവശേഷിച്ചിരുന്നെങ്കിൽത്തന്നെ അതു പിഴുതെടുത്തു് ഉണക്കുന്നതിനു് നിവൃത്തിയില്ലാതായിരിക്കുന്നതു്. കാരണം, പിഴുതെടുത്താൽ പച്ച ഉണക്കുന്നതിനോ അല്ലെങ്കിൽ വാട്ടി ഉണക്കുന്നതിനോ മഴയുള്ളതുകൊണ്ടു്. സാധിക്കാത്ത അവസ്ഥയാണു് ഇപ്പോഴുള്ളതു്. ഇപ്രകാരവും കർഷകർക്കു് ഈ പദ്ധതി പ്രയോജനപ്പെട്ടില്ല. ഇപ്പോൾ സഹകാരിസംഘത്തിൽ കപ്പ എടുക്കുന്നില്ലായെന്നും ഒരു തീരുമാനം ഉണ്ടായിരിക്കുകയാണു്. കപ്പ കൃഷിക്കാർക്കു് പൊതുവേ നഷ്ടമാണെങ്കിലും ഈ പദ്ധതികൊണ്ടു് ചില സ്ഥലങ്ങളിൽ മാത്രമുള്ള കർഷകർക്കു് പ്രയോജനമുണ്ടായിട്ടുണ്ടു്. സംസ്ഥാനത്തു പൊതുവേ കർഷകരുടെ നില അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി സമാരംഭിച്ചിട്ടുള്ള ഈ പ്രസ്ഥാനംകൊണ്ടു് കുറെപേർക്കുമാത്രം പ്രയോജനം ഉണ്ടായതുകൊണ്ടു് പ്രതീക്ഷിച്ച ഫലം ഉണ്ടാകുന്നതല്ല.

സർ, എന്റെ സ്നേഹിതൻ കരകുളം മെംബർ ശ്രീ. ബാലകൃഷ്ണപിള്ള സത്യവിരുദ്ധമായ ഒന്നുരണ്ടു പ്രസ്താവനകൾ ഉന്നയിച്ചതിനെപ്പറ്റി അല്പം ചില സംഗതികൾകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഈയിടെ കാട്ടാക്കടവച്ചു നടന്നതായ ഒരു പ്രചരണയോഗത്തിൽ മുഖ്യമന്ത്രി പ്രസംഗിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. ഭാസ്കരൻ നായർ]

കയുണ്ടായി. ഞാനും ആ യോഗത്തിൽ പ്രസംഗിച്ചു. എന്റെ സ്നേഹിതൻ ഉന്നയിച്ചതു പോലെ മറ്റു ചീനിസഹകരണസംഘങ്ങളിൽ നടക്കുന്ന അഴിമതികളെയും പണാപഹരണങ്ങളെയും സംബന്ധിച്ചു് മുഖ്യമന്ത്രിയോടു് ആരും എന്തെങ്കിലും ഒരു ചോദ്യവും ചോദിക്കുകയുണ്ടായില്ല. ആ വിഷയത്തെപ്പറ്റി ഒരു വാക്കുപോലും ആരും സംസാരിച്ചതുമില്ല. അങ്ങനെയിരിക്കെ മുഖ്യമന്ത്രിയോടു ചോദ്യങ്ങൾ ചോദിക്കുകയും മുഖ്യമന്ത്രി അവയ്ക്കു് യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും മറ്റും ഈ സഭയിൽ പറഞ്ഞതു് തികച്ചും സത്യവിരുദ്ധമാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. അവാസ്തവപ്രസ്താവനകൾ ഈ സഭയിൽവച്ചു് പറഞ്ഞുപരത്തിവിച്ചതു് ഖേദകരമാണെന്നുമാത്രമേ എനിക്കതിനെപ്പറ്റി പറയുവാനുള്ളൂ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ ആ മീറ്റിംഗിൽ ഹാജരായിരുന്നില്ല. എന്റെ അറിവു ശരിയാണെങ്കിൽ പോലീസുകാരെ കണ്ടു് ആണു് ആളുകൾ അധികം ചോദ്യങ്ങൾ ചോദിക്കാതിരുന്നിട്ടുള്ളതെന്നാണു് ഞാൻ അറിയുന്നതു്.

ശ്രീ. എം. ഭാസ്കരൻ നായർ : അധികം ചോദ്യങ്ങൾ ചോദിച്ചില്ലെന്നു മാത്രമല്ല ഒരു ചോദ്യവും ആരും ചോദിച്ചില്ല. ഞാൻ സ്ഥലത്തുണ്ടായിരുന്നു. മുഖ്യമന്ത്രി പ്രസംഗം കഴിഞ്ഞു് അവിടെനിന്നും പിരിഞ്ഞതിനുശേഷവും ഞാൻ യോഗാവസാനംവരെ ഉണ്ടായിരുന്നതാണു്.

ശ്രീ. എ. താണുപിള്ള : ചങ്ങനാശ്ശേരിയിൽ നിന്നും ലോറിയിൽ കപ്പ കൊണ്ടുവന്നു് ഇവിടത്തെ സൊസൈറ്റികൾ മുഖാന്തരം വിറ്റഴിച്ചു് മുതലാക്കിയെന്നുള്ള ശ്രീ. ബാലകൃഷ്ണപിള്ളയുടെ ആരോപണത്തിനു് ബഹുമാനപ്പെട്ട മെമ്പർ എന്തു മറുപടിയാണു് പറയുന്നതു്?

ശ്രീ. എം. ഭാസ്കരൻനായർ : ഞാൻ അതു മുമ്പു് പ്രസ്താവിച്ചല്ലോ. ശ്രീ. ബാലകൃഷ്ണപിള്ളയുടെ ആരോപണങ്ങൾക്കെല്ലാം മറുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല. സൊസൈറ്റികൾ കപ്പ വിൽക്കുന്നതിൽ ലാഭമുണ്ടാക്കിയിട്ടുണ്ടായെന്നും എനിക്കു് അറിയാൻപാടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : നെടുമങ്ങാട്ടു് താലൂക്കിൽ വാട്ടകപ്പ ശേഖരിച്ചു് വിൽക്കുന്നതു കോൺഗ്രസ്സു് സൊസൈറ്റികൾ അല്ലേ?

MR. DEPUTY SPEAKER : The hon. Member Mr. Kurup is not in his seat.

ശ്രീ. എ. താണുപിള്ള : അങ്ങനെ ചങ്ങനാശ്ശേരിയിൽ നിന്നും കപ്പ കൊണ്ടുവന്നു് സൊസൈറ്റികൾ മുഖേന വിൽക്കുന്നതിനേക്കാൾ താങ്കൾ നേരിട്ടു് അവിടെനിന്നു മുഴുവനും വാങ്ങിക്കുന്നതല്ലേ നല്ലതു്?

ശ്രീ. എം. ഭാസ്കരൻ നായർ : അതായിരുന്നു നല്ലതു്. കോൺഗ്രസ് സംഘങ്ങളിലും അലോട്ടുചെയ്തിരിക്കുന്ന ചോട്ടാ ഞാൻ മേൽപ്രസ്താവിച്ച കാരണങ്ങളാൽ കിട്ടാത്തതുകൊണ്ടായിരിക്കും ഉണക്കക്കപ്പ ഉള്ള സ്ഥലങ്ങളിൽനിന്നും വാങ്ങി supply ചെയ്തിട്ടുള്ളതു്. നെടുമങ്ങാട്ടുതാലൂക്കിലുള്ള കപ്പ മുഴുവനും വിറ്റതു് കോൺഗ്രസ്സ് സഹകരണസംഘങ്ങളാണെന്നു് ശ്രീ. കുറുപ്പിനു സംശയമുണ്ടെങ്കിൽ തോന്നുന്നു. കോൺഗ്രസ്സുകാർക്കു് മാത്രമേ ചീനി

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങൾ അത്രയധികം ഇല്ലെന്നാണ് എന്റെ അറിവ്. നേരേമറിച്ച് പുതിയതായി സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽ 75 ശതമാനവും മി. കുപ്പിന്റെ പാർട്ടിയിൽപ്പെട്ടിട്ടുള്ളവരുടെ നിയന്ത്രണത്തിലാണെന്നാണ് എന്റെ അറിവ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സഹകരണസംഘങ്ങൾ ഏതു പാർട്ടിയിൽപ്പെട്ടതായിരുന്നാലും അവ ചൊട്ടയിലായാലും പണപ്പാരാണവും ചെയ്യുന്നതു സംബന്ധിച്ചാണ് ഞങ്ങൾക്കു പരാതിയുള്ളത്. അങ്ങനെയുള്ളവരെ കർശനമായ ശിക്ഷയ്ക്കു വിധേയരാക്കണമെന്നാണ് ഞങ്ങൾ പറയുന്നതു്.

ശ്രീ. എം. മോഹനൻ നായർ: ആ അഭിപ്രായത്തോടു് ഞാൻ യോജിക്കുകയാണു്. പൊതുക്കാര്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ സത്യസന്ധത പാലിച്ചില്ലെങ്കിൽ അവരെ കർശനമായ നടപടികൾക്കു വിധേയരാക്കണമെന്നാണു് എന്റെയും അഭിപ്രായം. പൊതുജനപ്രസ്ഥാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ സത്യസന്ധത പാലിക്കേണ്ടതു് അത്യാവശ്യമാണു്. അല്ലെങ്കിൽ രാജ്യപുരോഗതിയെ അതു് വിഘാതപ്പെടുത്തും. മാത്രവുമല്ല, ഈ വകകാര്യങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ പൊതുജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ചും അവരുടെ സഹകരണത്തോടുകൂടി വേണമെന്നുമാണ് എനിക്കു പറയുവാനുള്ളതു്. സർ, ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

SHRI PANAMPILLI GOVINDA MENON: May I suggest that if there is no other Member to speak on this tapioca matter, it will be advisable if the Minister is allowed to make his remarks, so that the debate may be intelligent.

MR. DEPUTY SPEAKER: Is there anybody else who desires to speak about tapioca?

ശ്രീ. എൻ. പരമേശ്വരൻ പിള്ള: സർ, മരച്ചീനി സഹകരണസംഘങ്ങളെ സംബന്ധിച്ചു് ഈ സഭയിൽ ചോദ്യോത്തരവേളകളിൽ ധാരാളം പരാമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. സംസ്ഥാനത്തുള്ള സാധാരണക്കാരായ ആളുകളുടെ ഉപജീവനത്തെ സ്പർശിക്കുന്ന ഒരു ചെറുകിടകൃഷിയാണു് കപ്പക്കൃഷി. ഇടക്കാലങ്ങളിൽ കപ്പക്കൃഷിക്കാർക്കു് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ ത്വരിതവേഗം കൈക്കൊള്ളേണ്ടതാണെന്നു് ഇതിനു മുൻപു് ശ്രീ. പട്ടം താണുപിള്ള ചീഫ് മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ കുറെ ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽചെന്നു് നിവേദനം നടത്തുകയുണ്ടായി. പക്ഷേ അതിനൊരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം മന്ത്രിപദത്തിൽനിന്നും ഒഴിയുകയാണു് ചെയ്തതു്. അതുകഴിഞ്ഞു് ഈ ഗവണ്മെന്റ് അധികാരമേറ്റപ്പോൾ ഈ കാര്യത്തെ പരിഗണിച്ചു് ഒരു തൽക്കാലികാശ്വാസനടപടി എന്നപോലെ കപ്പക്കൃഷിക്കാരിൽനിന്നും കപ്പ വിലയ്ക്കുവാങ്ങുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്തു് നടപ്പിൽവരുത്തുകയുണ്ടായി. ആ പദ്ധതി പരിപൂർണ്ണമായി വിജയിച്ചിട്ടുണ്ടെന്നു പറയാൻ സാധ്യമല്ല. സഹകരണസംഘങ്ങൾ മുഖേന കർഷകർക്കു നൽകിയിട്ടുള്ള വിഷ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻ പിള്ള]

മങ്ങളം പരിഹരിക്കുന്നതിനവേണ്ടി സംഘങ്ങളം രൂപീകരിച്ചതും ഗവണ്മെന്റിൽനിന്നും കുറെ അധികം പണം ഈ വകയ്ക്കുവേണ്ടി ചെലവാക്കിയതുംകൊണ്ട് അതിന്റെ ഉദ്ദേശം സാധിച്ചിരുന്നുവെങ്കിൽ ഈ പദ്ധതിയെ സ്വാഗതം ചെയ്യാമായിരുന്നു. പക്ഷെ സഹകരണസംഘത്തെപ്പറ്റി പല വിധത്തിലുള്ള പരാതികളം ഈ സഭയിലെന്നപോലെ നാട്ടിലും കേട്ടുതുടങ്ങിയിരിക്കുകയാണ്. കോവാപ്പറേറീവ് അപ്പെക്സ് ബോർഡ് ഉൽഘാടനം ചെയ്ത അവസരത്തിൽ മുഖ്യമന്ത്രി പറഞ്ഞതുപോലെ നാട്ടിൽ വളരെ വർഷമായി ഒരു പരിതഃസ്ഥിതി ഉണ്ടാകുമ്പോൾ അതിനു പരിഹാരം കാണാൻ സഹകരണസംഘങ്ങളേയും സഹകരണമാർഗ്ഗത്തേയും ആശ്രയിക്കാറുണ്ട്. അതുപോലെ മരച്ചീനിക്കർഷകരുടെ ഇടയിൽ വന്നുപോയിട്ടുള്ള ദുരിതങ്ങൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള സഹകരണസംഘങ്ങളം അവക്ക് വേണ്ടിടത്തോളം ഫലപ്രദമല്ലാതായിത്തീർന്നിരിക്കുന്ന ഒരവസ്ഥയാണ് ഇപ്പോൾ വന്നിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ പദ്ധതി വിജയപ്രദമല്ലെന്ന്.

കപ്പക്കർഷകസഹകരണസംഘങ്ങളം സൃഷ്ടിക്കുന്നതു മിസ്റ്റർ ഭാസ്കരൻ നായർ അഭിപ്രായപ്പെട്ടതുപോലെ ഈ രാജ്യത്തു നിലവിലുള്ളതും കപ്പകൃഷിക്കാർ ഉൾക്കൊള്ളുന്നതുമായ സഹകരണസംഘങ്ങളെ തിരഞ്ഞെടുക്കുന്നതുമൂലമായിരിക്കണമെന്നും, അല്ലാതെ മേൽപ്പറഞ്ഞ രീതിയിൽ വെറും സഹകരണസംഘങ്ങളം രൂപീകരിക്കുന്നതുകൊണ്ടു മെച്ചം ഒന്നുമില്ല എന്നും എനിക്കു അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തെ പരിഗണിക്കാമെന്നു ആഭ്യന്തരവകുപ്പുമന്ത്രി ഈ സഭാതലത്തിൽവച്ചു പറഞ്ഞുവെങ്കിലും ചേർത്തല സഹകരണകാൺഫറൻസിൽ ഇതിനെക്കുറിച്ചുള്ള പ്രമേയം പാസ്സാക്കിയതിനേയും, അതു ഏതു രീതിയിൽ പ്രായോഗികമാക്കണമെന്നുള്ളതിനേയും സംബന്ധിച്ചു ഒന്നും പരിഗണിക്കാതെ പുതുതായി സഹകരണസംഘങ്ങളം, ഉദ്യോഗസ്ഥന്മാർ മുഖേന രൂപീകരിക്കുകയാണ് ഉണ്ടായതു. നേരേമറിച്ചു സഹകരണസംഘം ആക്ടും, റൂൾസും അനുസരിച്ചും ഇതുവരെയുള്ള നടപടികളം അനുസരിച്ചും സഹകരണൈക്യസംഘം മുഖേന സംഘങ്ങളം രൂപീകരിക്കാതെ ഇപ്പോൾ ചെയ്തതുപോലെ സംഘങ്ങളം രൂപീകരിക്കുന്നതു ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇതിനെക്കുറിച്ചു ഇന്നുള്ള പല പരാതികളും ഒഴിവാക്കാമായിരുന്നു. കപ്പകൃഷിക്കു തീരെപറ്റാത്ത സ്ഥലങ്ങളിൽ ഡിപ്പാർട്ട്മെന്റ മുഖേന കപ്പസഹകരണസംഘങ്ങളം രൂപീകരിച്ചിട്ടുള്ളതുകൊണ്ടു ഇപ്പോൾ കപ്പകൃഷി സഹകരണസംഘങ്ങളം ആ സ്ഥലങ്ങളിൽനിന്നും മാറേണ്ടതായി വേറൊരു വൈഷമ്യവും വരുന്നുണ്ട്. കപ്പകൃഷിയില്ലാത്ത സ്ഥലങ്ങളിൽ ഈ സംഘങ്ങളം രൂപീകരിച്ചിട്ടുള്ളതുകൊണ്ടു അതിന്റെ പ്രവർത്തനം വിജയകരമായിട്ടില്ലെന്നു പരാതിയുണ്ട്. എല്ലാ താലൂക്കുകളിലും മുമ്പുതന്നെ ഉള്ള സഹകരണസംഘങ്ങളിൽ ഇതു ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ സഹകരണൈക്യസംഘങ്ങൾവഴി കപ്പസഹകരണസംഘങ്ങളം രൂപീകരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഇതിന്റെ നടത്തിപ്പു വിജയകരമായി പ്രവർത്തിക്കുമായിരുന്നുവെന്നു മാത്രമല്ല വളരെ പരാതികളം ഒഴിവാക്കുകയും ചെയ്യാമായിരുന്നു. പിന്നീട്, ഇതിന്റെ പ്രവർത്തനത്തെപ്പറ്റി ഗവണ്മെന്റ് എന്താണ് ഉദ്ദേശിക്കുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

എന്നു് അറിയേണ്ടിയിരിക്കുന്നു. 200 രൂപയോളം വരുന്നതുകൊണ്ടു് ഓരോ സംഘത്തിനും ഗ്രാന്റു കൊടുക്കുന്നുണ്ടു്. ടി സംഘങ്ങൾക്കു കുറെ കപ്പു വില യ്ക്കുകൊടുക്കണമെന്നു നിശ്ചയിച്ചു. മിഥുനം കർക്കടകമാസങ്ങളിൽ തീരപ്രദേശത്തുള്ളവർക്കു് കുറഞ്ഞ വിലയ്ക്കു് മരച്ചീനി കൊടുക്കുന്നതിനുള്ള ഒരു ആശ്വാസനടപടിയായിട്ടാണു് ഇതു് തീരുമാനിച്ചിരുന്നതു്. എന്നാൽ അതിനു് പ്രയോജനപ്പെടാത്ത രീതിയിലാണു് സംഘങ്ങൾക്കു മുഖേന കപ്പു വില്ക്കുന്നതിനുള്ള പദ്ധതി നടപ്പിലായതു്. ഏതായാലും അടിയന്തിരമായ ആശ്വാസനടപടി എന്ന നിലയിൽ ഇതു് ശരിക്കു പ്രവർത്തിച്ചില്ലെങ്കിൽ ഉദ്ദേശിക്കുന്നതുപോലെയുള്ള പ്രയോജനം ലഭിക്കുമോ എന്നുള്ളതു് സംശയമാണു്. പിന്നീടു് ഇപ്പോൾത്തന്നെ വിലയ്ക്കുകൊടുക്കുന്ന കപ്പു ഗവണ്മെന്റു് എങ്ങിനെ ചെലവാക്കാൻ പോകുന്നു എന്നുള്ളതു് ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണു്. അതു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതുപോലെ വിലവാങ്ങണമെന്നുവച്ചാൽ അതു് പറയുമെന്നു തോന്നുന്നില്ല. ഇതിനെക്കുറിച്ചു് വ്യക്തമായ വിവരങ്ങൾ അറിയിക്കേണ്ടതാണു്. ഞാൻ കുറെ ദിവസങ്ങൾക്കുമുമ്പു് സഹകരണസംഘം രജിസ്ട്രാരെ കണ്ടു സംസാരിച്ചതിൽ അദ്ദേഹം പറഞ്ഞതു് കപ്പുസഹകരണസംഘങ്ങൾ രൂപീകരിച്ചു്, ശരിയായ വിലയ്ക്കു് ആ സംഘങ്ങൾ മുഖാന്തിരം അംഗങ്ങൾക്കു് വളം വിതരണം ചെയ്യുക, വിവിധതരത്തിലുള്ള കപ്പുണ്ടകം കൊടുക്കുന്നതിനുവേണ്ടി പ്രചരണം നടത്തുക, പണം അഡ്വാൻസു കൊടുക്കുക, വ്യാവസായികമായ വിഭവങ്ങൾ ഇതിൽനിന്നും ഉണ്ടാക്കുവാൻവേണ്ടി ശ്രമിക്കുക ഇതൊക്കെ ചെയ്യുന്നതിനു് ഒരു പദ്ധതി ഉണ്ടാക്കണമെന്നാണു്. ഇതു് പ്രായോഗികമാക്കുന്നതിനു് എന്താണു് ചെയ്യുവാൻപോകുന്നതു്? പുതുതായി കുറെ സഹകരണസംഘങ്ങൾ ഉണ്ടാക്കി രണ്ടുമാസം അവർ മുഖാന്തിരം കപ്പു എടുത്തിട്ടു് പിന്നെ എന്തുചെയ്യാൻ പോകുന്നു എന്നുള്ളതു സംബന്ധിച്ചു് വ്യക്തമായ ധാരണ ഉണ്ടാക്കേണ്ടതാണു്. ചെറുകിടവ്യവസായങ്ങൾക്കു് എതുതരത്തിൽ ഉപയോഗിക്കാം, എന്നതിനെ സംബന്ധിച്ചു് ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതിനു വേണ്ട നടപടി നടത്തേണ്ടതാണു്. ഈ വക കാര്യങ്ങളിൽ വേണ്ടത്ര ദൃഷ്ടിപതിച്ചു് അതിനെ സംബന്ധിച്ചു് ഇന്നുണ്ടായിട്ടുള്ള പരാതികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കേണ്ടതാണു്. അല്ലെങ്കിൽ സഹകരപ്രസ്ഥാനത്തിനുതന്നെ അതു് ഒരു കളങ്കമായിത്തീരാൻ ഇടയുണ്ടു്. കപ്പു വിലയ്ക്കുകൊടുക്കുകമാത്രമല്ല അതിനെ സംബന്ധിച്ചു് ജനങ്ങൾക്കു പ്രയോജനകരമായ രീതിയിൽ സഹകരണസംഘം മുഖാന്തിരവും മറ്റു വിധത്തിലും എങ്ങനെ പ്രവർത്തിക്കാമെന്നതിനെപ്പറ്റി വളരെയേറെ ഗവണ്മെന്റു് ശ്രദ്ധിക്കണമെന്നാണു് എനിക്കു് അഭിപ്രായമുണ്ടു്. ഈ ഡിമാൻറിനെ സംബന്ധിച്ചു് ഒരുകാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ഈ ഡിമാൻറിൽ യൂണിയനു് ഗ്രാന്റു കൊടുക്കുന്ന ഒരു ഭാഗമുണ്ടു്. 4500 രൂപ ആണ്ടുതോറും യൂണിയനു് ഗ്രാന്റു കൊടുക്കുന്ന പതിവുണ്ടു്. അതു് കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അവസാനദിവസം മാത്രമേ അതിനെ സംബന്ധിച്ചുള്ള ഉത്തരവു പാസ്സാക്കാൻ സാധിച്ചുള്ളു എന്നുള്ളതുകൊണ്ടു്, യൂണിയനുകൾക്കു് അതു് യഥാസമയം കിട്ടിയില്ല. ഇതു് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടാണെന്നുള്ള കാര്യം വ്യക്തമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടുണ്ടായ ഉൾപ്പെടുത്തേണ്ടതായിവന്നു. ഒരു മന്ത്രിസഭയും ഇതിനു് എതിരല്ലാത്ത സ്ഥിതിക്കു് അവസാനനിമിഷംവരെ കാത്തിരിക്കേണ്ട



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

ആവശ്യംതന്നെ ഇല്ലായിരുന്നു. ഈ വക ചെറിയ ചെറിയ കാര്യങ്ങളിൽപ്പോലും ഗവണ്മെൻറ് മിഷ്യനറി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഈ വക കാര്യങ്ങളെപ്പറ്റി ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിക്കുന്നു.

SHRI A. THANU PILLAI: Sir, after listening to the debate on this very important matter, I think that I should make a few observations. Sir, the difficulty of the public cannot be ignored or denied. It was stated by the previous speaker that representations were made to the P. S. P. Government but that Government were not able to do anything in regard to this matter. Sir, I should be excused when I say that doing something or doing anything is not enough. Anything that the Government do should be done with a view to secure results. Here what is it that we find? The position seems to be this. Government have launched upon a scheme. And, so far as we have been able to judge from results the scheme was a failure. The object was to benefit the tapioca cultivator. It is now the common belief that the cultivators are not benefited, if at all, the intermediaries are benefited. The Co-operative Movement was invoked for the purpose and, as was observed by Mr. Parameswaran Pillai, the movement is likely to suffer if this scheme is pursued. And we see only danger and loss and no useful or beneficial results. As for the funds, serious doubts are entertained whether at least a substantial portion of the money invested can be recovered by the sale of the stock. Probably, nothing is likely to be recovered– there is that fear even. As for the kind of societies that have been functioning, it is certainly sad to say that the great Co-operative movement is made use of for personal gain by unscrupulous individuals. The question is not whether they are Congressmen or Communists. They come forward as co-operators. That, certainly should be checked. What is it that we can do? Is this scheme likely to succeed? I should like to hear from the hon. Minister what he proposes to do with the stock. I am told that the stock has begun to deteriorate. If it is true, some 20 to 25 lakhs of public money is wasted.

Now, Sir, I would suggest that the whole thing should be very seriously reconsidered and steps taken so that the cultivator will be benefited. If the cultivator cannot be benefited by the steps taken by Government, then we should see that no public money is wasted on this account.

LIBRARY ARCHIVES Kerala Legislative Assembly

The purchase and sale of this easily spoilt material does not seem to be very hopeful. Instead of this we should think of means for directly helping the cultivator. For an analogy we can take the case of the private school master. If the money is given to the Manager, he does not get anything. In like manner, in this case, if the money is given to the intermediary, the unscrupulous trader, the cultivator gets no benefit. If you spend 20 to 25 lakhs of rupees, make the money available to the cultivator. The cultivator must be benefited whatever may be the result.

As Mr. Parameswaran Pillai suggested, pursue as carefully and as strongly as possible the means of finding out the way to dispose of this matter either by converting it into starch or some other substance and finding a market outside for it. That seems to be the only thing feasible. The real issue is, where is the market for this? How can we market this commodity, and in what form? That matter has to be pursued. Till successful results are achieved in the pursuit of that matter, the cultivator may be helped, because we do not want to lose this industry. It is something like an industry, though it is not like rubber or tea, which commodities find ample markets today. Until we find good market for this, we cannot leave it. Nor have we other crops to take the place of tapioca. We cannot convert all our lands into paddy lands. It also does not look feasible or possible to convert our tapioca area into pepper area. We do not know whether it will grow in any area and whether there will be enough market then. Personally, I think it will grow. But whatever quantity of pepper we produce, you must guarantee that you will find a market. But as regards the present position of tapioca, keeping up the cultivation to the extent to which we can consume and finding a market elsewhere are the aspects that we should consider. We would like to know what we are going to do with the stock. It cannot stand more than six months' preservation.

Now, the Changanassery tapioca, it appears, was brought down to Nedumangad. I do not know whether there is anything in the rules preventing that. While the Changanassery cultivator does not get any benefit, some intermediaries must have got a portion of the profit. People who had nothing to do with it have got some profit out of it. They seem to have brought it to Neyyattinkara and Nedumangad and sold it. Anyway, politics should be completely divorced

LIBRARY ARCHIVES Kerala Legislative Assembly

[ SHRI A. THANU PILLAI ]

from this kind of activity. It is said that the congressmen are involved in a co-operative society which indulges in this kind of activity. And there is the counter allegation that nobody said anything to that effect. Anyhow, we must always see that no action of the Government, or the Ministers or Government Officers, or the public in general, should be calculated to bring about corruption in our State, because we are passing through a period of transition in which scrupulous honesty and courage are the things needed.

Sir, I hope this will receive the full consideration of the Government. We have started this business. If necessary, reconsider it, change it and even give it up, if need be. The Government need not have any feeling of uneasiness about it. Let us not waste public money for no purpose. That is all what I have to say.

ശ്രീ. പി. എം. മത്തേക്കോസ് : സർ, ഈ രാജ്യവാസികൾക്ക് മരച്ചീനിയെ മറക്കാവുന്നതല്ല. ഏറ്റവും അനുപേക്ഷണീയമായ പല സൃഷ്ടിപരപ്രവർത്തനങ്ങളും ഈ ഗവണ്മെൻറ് ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും അതു് നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസംകൊണ്ടു് വളരെ ക്ലേശങ്ങൾ ജനങ്ങൾ സഹിക്കേണ്ടിവരുന്നുണ്ടു്. എന്നുള്ളതു് ഒരു പരമാർത്ഥമാണു്. കപ്പയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന നടപടിയിൽ കാലതാമസം നേരിട്ടതുകൊണ്ടു് പറയത്തക്കവണ്ണമുള്ള പ്രയോജനം സാധുക്കളായ കൃഷിക്കാർക്ക് കിട്ടിയിട്ടില്ല എന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണു്. ബഹു. മന്ത്രി ഇന്നലെ ഇവിടെ പറയുകയുണ്ടായി ആറുമാസത്തിൽ കൂടുതൽ കപ്പ ഇരിക്കുകയില്ലെന്നു്. അതു വാസ്തവമാണു്. സാധാരണ കപ്പകൃഷിക്കാർക്കു് ധനമാസം മുതൽ നാലുമാസത്തിൽക്കൂടുതൽ കപ്പ സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കുന്നതിനു് സാധ്യതയുണ്ടു്. അങ്ങനെ നാലുമാസത്തിനുമുമ്പായിത്തന്നെ സാധാരണക്കാരുടെ കയ്യിൽ ഉണ്ടായിരുന്നതായ കപ്പ അവരുടെ കയ്യിൽനിന്നും അന്യാധീനപ്പെട്ടുപോകുന്നു. കപ്പവില്പന മൂലം ഇങ്ങനെ കാലതാമസം വരുമെന്നു് മനസ്സിലാക്കിട്ടു് എന്തെങ്കിലും ഒരവസരത്തിൽ ലാഭകരമായി അതു് വിൽക്കുവാൻ സാധിക്കും എന്നും കൃഷിക്കാർ മനസ്സിലാക്കി. ആ കപ്പ നിസ്സാരവിലക്കു വാങ്ങി ശേഖരിക്കുകയും അതിൽനിന്നു് അവിടത്തെ വ്യാപാരികൾക്കു് അമിതലാഭം കിട്ടുകയും ചെയ്യുന്നതാണു്. ഇതു് ഗവണ്മെൻറിന്റെ നടപടി താമസം മൂലമാണു്. ഇതുപോലെതന്നെ കപ്പ എത്ര മോശമായിരുന്നിട്ടും കഴിഞ്ഞകാലത്തിൽ ഒരു കണ്ടിക്കു് 15 രൂപവരെ വിലക്കു് വിറ്റിട്ടുള്ളതായും എനിക്കു് അറിയാം. അങ്ങനെയുള്ള 15 രൂപയ്ക്കു് വാങ്ങിച്ച കപ്പ താല്പര്യമുള്ള രൂപവരെ കൃഷിക്കാർ വിൽക്കുന്നതായി കേട്ടിട്ടുണ്ടു്. ഇതു് വാസ്തവമാണു്.

ഇന്നു് ഈ സഹകരണസംഘങ്ങളിൽക്കൂടി എടുത്തിരിക്കുന്ന കപ്പ അത്രയും വിറ്റഴിഞ്ഞിട്ടില്ലാ എന്നു് ബഹു. മന്ത്രി പറഞ്ഞു. ഇന്നു് ആ

LIBRARY ARCHIVES Kerala Legislative Assembly

കപ്പ പ്രയോജനത്തുന്യമായിട്ടുണ്ടെന്നും പറയുകയുണ്ടായി. എന്നാൽ അതു് സംബന്ധിച്ചു് എന്തു നടപടി സ്വീകരിക്കുവാൻ പോകുന്നു എന്നു് ഗവണ്മെൻറ് കർശനമായി പറയുന്നില്ല. എനിക്കു പറയുവാൻ ഉള്ളതു് ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി ഈ ഗവണ്മെൻറ കൈക്കൊണ്ടിരിക്കുന്ന നടപടികളുടെ കൂട്ടത്തിൽ ഗവണ്മെൻറിൽ നിന്നും ആ കപ്പ പാവപ്പെട്ടവർക്കു് വിലകൂടാതെ സൗജന്യമായി ഉപയോഗിക്കാൻ കൊടുക്കണമെന്നാണു്. എന്തുകൊണ്ടെന്നാൽ ഈ കപ്പ ഒരു പ്രമാസം കഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെ ഈ ഡിപ്പോവിൽ ശേഖരിച്ചിരിക്കുന്ന കപ്പ അവിടെയിരുന്നു നശിച്ചുപോയാൽ യാതൊരു പ്രയോജനവും ഗവണ്മെൻറിനു് ഇല്ല. നേരെമറിച്ചു് കപ്പയെ സംബന്ധിച്ചു് കൃഷിക്കാർക്കു് ചെയ്യുന്ന സഹായം അവർക്കുതന്നെ കിട്ടുന്നതിനു് എന്തെങ്കിലും ആവശ്യമായ വ്യവസ്ഥ ചെയ്യേണ്ടതാണു്. അടുത്ത ആണ്ടിലേയ്ക്കുള്ള കപ്പ കൃഷി വളരെ കുറവാണു്, കൃഷി മോശവുമാണു്. കപ്പ കൃഷിയെ സംബന്ധിച്ചിടത്തോളം വളത്തിൻെറ വിലയ്ക്കു് യാതൊരു കുറവും ഇല്ല. കഴിഞ്ഞ കാലത്തു് അങ്ങിനെ നടന്നു എങ്കിലും അടുത്തവർഷം കപ്പയ്ക്കു് ഒരു കണ്ടിക്കു് 100 രൂപ വരേയും വിലവരുന്നതിനു് ഇടയുണ്ടു്. എന്തുകൊണ്ടെന്നാൽ കപ്പകൃഷി വളരെ കുറഞ്ഞിരിക്കുകയാണു്. അതിനു വളമിടുന്നതിനോ അതു വർദ്ധിപ്പിക്കുന്നതിനോ കപ്പകൃഷിക്കാർ യാതൊന്നും ശ്രദ്ധിക്കുന്നില്ല. എന്തെന്നാൽ കപ്പ വിലകുറവും വളത്തിൻെറ വിലക്കൂടുതൽകൊണ്ടും. എനിക്കു അതു സംബന്ധിച്ചു പറയാനുള്ളതു് ഗവണ്മെൻറു ചെയ്യുന്ന ഏതൊരു നടപടിക്കും കാലതാമസം വരുന്നതുകൊണ്ടാണു് ഉള്ളതു നശിക്കുന്നതിനും തല്പരരായ കുറെ ആളുകൾക്കു് മുതലെടുക്കുന്നതിനും സൗകര്യപ്പെട്ടിട്ടുള്ളതെന്നും ഞാൻ വിചാരിക്കുന്നു. ഏതൊരു സംഗതിയും ഇന്നു് നടപ്പിൽ വരുത്തുന്നതിനു് ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നില്ലെങ്കിൽ അതുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുകയില്ലായെന്നാണു് അനുഭവത്തിൽ കാണുന്നതു്. ഏതെങ്കിലും നടപടികൾ ആരംഭിക്കുകയാണെങ്കിൽ അതേറ്റവും വേഗത്തിൽ നടപ്പിലാക്കിയില്ലെങ്കിൽ അതു ജനങ്ങൾക്കു് സഹായകരമാവുകയില്ല. അതു ചെയ്യുന്നതിനു് തങ്ങൾക്കു ഒരു കടമയുള്ളതുകൊണ്ടാണു് അതു ചെയ്യുന്നതു് എന്നുള്ള വിചാരത്തോടുകൂടി ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതായിട്ടു കാണുന്നില്ല. ഇതാണു് ഗവണ്മെൻറു പ്രവർത്തനത്തിൻെറ മുഖ്യ പരാജയകാരണം. സാധാരണക്കാരനായ ഒരു മനുഷ്യൻ കപ്പ കൃഷിചെയ്യാ അതു വിൽക്കുന്നതിനു് ഒരു ഉദ്യോഗസ്ഥനെ സമീപിക്കണമെന്നുണ്ടെങ്കിൽ അതിനു ഏറ്റവും വലിയ ഒരാളെ സ്വാധീനം പിടിക്കുകയൊ അല്ലെങ്കിൽ സ്വാധീനം പിടിക്കുകയൊ വേണം. ഇങ്ങനെയുള്ള ഗവണ്മെൻറുദ്യോഗസ്ഥന്മാരെക്കൊണ്ടു് സാധുക്കൾക്കു് എന്തു പ്രയോജനമാണു്.

ഇപ്രകാരം സാധുക്കൾക്കു് പ്രയോജനപ്പെടുന്ന കാര്യങ്ങൾ നടത്തണമെന്നുണ്ടെങ്കിൽ ബഹു. മന്ത്രി ഈ വക വിഷമങ്ങൾ മനസ്സിലാക്കി അതിനു ആവശ്യമായ നിയമങ്ങൾ കർക്കശമായി ഉണ്ടാക്കാത്ത കാലത്തോളം പാവപ്പെട്ട കൃഷിക്കാർക്കു് യാതൊരു ഗുണവും കപ്പസഹകരണസംഘം കൊണ്ടു് ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് അടുത്തകൊല്ലത്തെ കൃഷിക്കാർക്കു് പ്രയോജനം വരത്തക്കവിധമുള്ള പ്രവർത്തനപരിപാടികൾ സ്വീകരിക്കണമെന്നുള്ള ഈയവസരത്തിൽ ഞാൻ ഈ സഭയിലെ ബഹു. മെമ്പറന്മാരുടേയും മന്ത്രിമാരുടേയും ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: സർ, മരച്ചീനിയുടെ വില മരച്ചീനി മാക്കറ്റിൽ വളരെ വളരെ കുറഞ്ഞുപോയി എന്നും അതിനു് ഏതെങ്കിലും സഹായം ചെയ്യണമെന്നുമുള്ള ഏറ്റവും നല്ല ഉദ്ദേശത്തോടുകൂടി കഴിഞ്ഞ നിയമസഭയിൽ ഒരു മോഷൻ ഞാൻ അവതരിപ്പിച്ചു ചർച്ച നടത്തി. അതു് കഴിഞ്ഞ ഏപ്രിൽ 4–ാം തീയതിയായിരുന്നു. ഈ സഭയിലുള്ള എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരുടേയും അഭിപ്രായപ്രകാരം ഈ സ്കീം അനുസരിച്ചു് മരച്ചീനി കർഷകരെ മാത്രം ഉൾപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിക്കണമെന്നാണു് ഗവണ്മെൻറ്റ് ശ്രദ്ധിച്ചതു്. അതിനുള്ള പ്രധാനമായ കാരണം മറ്റുള്ള ആളുകളോ സംഘങ്ങളോ അതിൽ ഏർപ്പെടുകയാണെങ്കിൽ അതിൻറെ പ്രവർത്തനത്തിനു് മുടക്കം ഉണ്ടാകുമെന്നു വിചാരിച്ചു. നേരെ മറിച്ചു് മരച്ചീനി കർഷകർ മാത്രം സംഘങ്ങൾ ഉണ്ടാക്കി അവർ മരച്ചീനി വാങ്ങുന്നതു് ഏറ്റവും നല്ലതാണെന്നാണു് ഗവണ്മെൻറ്റ് ശ്രദ്ധിച്ചതു്. എൻറെ പ്രമേയം കഴിഞ്ഞ പ്രാവശ്യം ചർച്ചയ്ക്കു് വന്നപ്പോൾ ഈ സഭയിലുള്ളതായ എല്ലാ അംഗങ്ങളും ഈ സ്കീമിനുവേണ്ടി സഹകരിക്കണമെന്നും കൂടി ഗവണ്മെൻറ് ഭാഗത്തുനിന്നും അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ഇവിടെ ഇപ്പോൾ ഈ പുതിയതായ സഹകരണസംഘങ്ങൾ ഉണ്ടാക്കിയതുകൊണ്ടാണു് വിഷമങ്ങൾ ഉണ്ടാകുന്നതെന്നു് പല അംഗങ്ങളും പറയുകയുണ്ടായി. എന്നാൽ പുതിയ സംഘങ്ങൾ ഉണ്ടാക്കിയതുകൊണ്ടാണു് കുഴപ്പം ഉണ്ടായതെന്നു തോന്നുന്നില്ല. ഏതായാലും ഈ സഹകരണസംഘങ്ങളെ സംബന്ധിച്ചു് നമ്മുടെ സ്റ്റോറിൽ ഏതോ ചില കുഴപ്പങ്ങൾ ഉണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഏറ്റവും നല്ല തത്വങ്ങൾ ഈ സഹകരണസംഘങ്ങളുടെ രൂപീകരണത്തിൽ അടങ്ങിയിട്ടുണ്ടു്. അതിൽ മനുഷ്യരുടെ കുഴപ്പംകൊണ്ടു്. അതു മറ്റു സ്റ്റോറുകളെപ്പോലെ നമ്മുടെ സ്റ്റോറിൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്നുള്ളതു് ഒരു പരമാർത്ഥമായ സംഗതിയാണു്. പുതിയസംഘങ്ങൾ പഴയ സംഘങ്ങളെക്കാൾ കൂടുതൽ പ്രയോജനപ്രദമായി പ്രവർത്തിക്കുമെന്നുമായിരുന്നു ഞാൻ ഉദ്ദേശിച്ചതു്. അതുകൊണ്ടാണു് ഗവണ്മെൻറ് ഇതേപ്പറ്റി വളരെ കായ്മായി ആലോചിക്കുകയും ഈ സംഘങ്ങളിൽ മരച്ചീനി കർഷകരെ മാത്രം ഉൾപ്പെടുത്തി രൂപീകരിക്കണമെന്നും തീരുമാനിക്കാനിടയായതു്. അങ്ങനെയുള്ള കർഷകരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ചതിൽ ഇവിടെയുള്ള ബഹു. അംഗങ്ങളും കഴിയുന്നവിധത്തിൽ ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിൽ ഇതിലേയ്ക്കു് വേണ്ട സത്യസന്ധതയുള്ള ആളുകളെ ചേർക്കുവാൻ സാധിക്കുമായിരുന്നു. അതു സംബന്ധിച്ചു് ചില ക്രമക്കേടുകൾ വന്നിട്ടുണ്ടെന്നു് ഈ സഭയിൽ പല ബഹു. അംഗങ്ങളും പറഞ്ഞതിനെ സ്വീകരിക്കുവാൻ ഞാൻ തയാറാണു്. അങ്ങനെ ഏതെങ്കിലും ക്രമക്കേടുകൾ ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കുന്നതിനും ഗവണ്മെൻറ് തയാറാണു്. അതിലേക്കു വേണ്ടതായ എല്ലാ നടപടികളുമെടുക്കാൻ ഗവണ്മെൻറ തയാറാണു്.

ഈ സ്കീമിനു് വിപരീതമായി ചങ്ങനാശ്ശേരി മാർക്കറ്റിൽ നിന്നു മരച്ചീനി വാങ്ങിക്കൊണ്ടു് തെക്കൻതിരുവിതാംകൂറിലെ മാർക്കറ്റിൽ കൊണ്ടുവന്നു എന്നു പറയുന്നു. അതിലേയ്ക്കു ചെയ്യാവുന്ന എല്ലാ നടപടികളും എടുക്കുന്നതിനും ഗവണ്മെൻറ് തയാറാണു്. എനിക്കു് തോന്നുന്നതു

അങ്ങനെ ക്രമക്കേടുകൾ ഉണ്ടാക്കിയ സംഘങ്ങളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുകയും മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്നാണു്. ഏപ്രിൽ മാസത്തിൽ ഈ പ്രമേയം ഇവിടെ ചർച്ച ചെയ്തതിനു ശേഷം സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള നടപടി ഗവണ്മെൻറ് വളരെ സത്വരമായി എടുക്കുകയും അതിനുള്ള എല്ലാനിർദ്ദേശങ്ങളും കോവാ ഫ്രോറീവ് രജിസ്ട്രാക്കു് നൽകുകയും ചെയ്തു. 23-5-55 മുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്തുതുടങ്ങി. നെടുമങ്ങാടുതാലൂക്കിലും സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. 14 സംഘങ്ങളാണു് നെടുമങ്ങാടുതാലൂക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതു്. അവിടെനിന്നും എടുത്തിട്ടുള്ള മരച്ചീനിയുടെ കണക്കു് ഏകദേശം 970 ടൺ 16 ഹണ്ഡ്രഡ്‌വെയിറ്റാണു്. നെയ്യാറിൻ തീരത്തിൽനിന്നും 70 ടൺമാത്രമേ എടുത്തിട്ടുള്ളൂ.

ശ്രീ. പി. എസ്സു്. നടരാജപിള്ള : ഇതു് എടുത്തതിനു ശേഷം കുറെ എങ്കിലും വിൽക്കാൻ സാധിച്ചോ അതോ മുഴുവനും സ്റ്റോർ ചെയ്തിരിക്കുകയാണോ ?

ശ്രീ. എ. ജെ. ജാൺ : ഈ വെള്ളക്കപ്പ എളുപ്പം നശിച്ചുപോകുമെന്നുള്ളതുകൊണ്ടു് കഴിയുന്നതും വേഗത്തിൽ അതു് വിൽക്കുന്നതിനു് ഗവണ്മെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എസ്സു്. നടരാജപിള്ള : അതിന്റെ സീലിംഗ് പ്രൈസ് നിശ്ചയിച്ചോ ?

ശ്രീ. എ. ജെ. ജാൺ : അതിനു് ഒരു കുഴപ്പംവന്നിരിക്കുന്നു. ഇതു മൂലം ഈ കർഷകർക്കു് ഒരു ഗുണവും ഉണ്ടാകുന്നില്ലാ എന്നു് പറയുന്നതു് അശേഷം ശരിയല്ലെന്നാണു് എനിക്കു് പറയാൻ ഉള്ളതു്. ഗവണ്മെൻറ് ഈ സ്കീം തുടങ്ങുന്നതിനുമുൻപു് മരച്ചീനിക്കു് മാർക്കറ്റിൽ ഒരു കാണ്ടിക്കു് 15 രൂപ മുതൽ 20 രൂപവരെ വിലയായിരുന്നു. എന്നാൽ ഗവണ്മെൻറ എടുക്കാൻ തുടങ്ങിയതുമുതൽ 35 രൂപമുതൽ 40 രൂപവരെ വിലവന്നു. ഈ രണ്ടുമാസംകൊണ്ടു് കർഷകരെല്ലാം അവരുടെ വശമുള്ള മരിച്ചീനി മാർക്കറ്റിൽ വിറ്റുകാണും. 15 രൂപയ്ക്കു് വിറ്റിട്ടുള്ളവർക്കു് വലിയ പ്രയോജനം കാണുകയില്ല.

ശ്രീ. പി. എസ്സു്. നടരാജപിള്ള : ഗവണ്മെൻറിന്റെ പർച്ചേസ് പ്രൈസു് അൻപതു രൂപയല്ലേ ?

ശ്രീ. എ. ജെ. ജാൺ : പൗണ്ടിനു് ഒന്നേകാൽ അണയാണു്.

ശ്രീ. പി. എസ്സു്. നടരാജപിള്ള : 26 ലക്ഷം രൂപ ഇപ്പോൾ ചെലവായിട്ടുള്ളതിൽ 30 ശതമാനമെങ്കിലും പ്രൊഡ്യൂസർക്കു പോകുമെന്നുള്ളതു് സമ്മതിക്കാൻ ഞാൻ തയാറാണു്.

ശ്രീ. എ. ജെ. ജാൺ : 15 രൂപ മുതൽ 20 രൂപവരെ ഇരുന്ന മരച്ചീനിക്കു് 35 രൂപമുതൽ 40 രൂപവരെ വില കയറിയതുകൊണ്ടു് അവർക്കു് ആ വിലക്കൂടുതൽ കിട്ടിയിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. താണുപിള്ള : കച്ചവടക്കാർ ധാരാളം സ്റ്റാക്കു ചെയ്തിരുന്നതുകൊണ്ടു് അവർക്കല്ലേ കൂടുതൽ ലാഭം കിട്ടിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഇങ്ങനെ ഗവണ്മെൻറിൽനിന്നും ഒരു സ്കീം വരാൻ പോകുന്നു എന്നറിഞ്ഞതിനാൽ കർഷകർ അതു് ഡിസ്പോസു ചെയ്യുകാണുകയില്ല. നമ്മുടെ നാട്ടിലുള്ള കർഷകർ മിക്കവാറും പത്രങ്ങൾ വായിക്കുന്നവരാണു്. ഈ സ്കീം വരാൻപോകുന്നതായി മിക്ക പത്രങ്ങളിലും വന്നിട്ടുള്ളതുകൊണ്ടു് നമ്മുടെ കൃഷിക്കാർ അതു് പുറത്തു വിൽക്കാതെ ഇരിക്കുകയാണു നല്ലതെന്നു് ചിന്തിച്ചിരിക്കുന്നു. അല്ലാതെ 15 രൂപയ്ക്കു കൃഷിക്കാർ വിറ്റാൽ അവർക്കു് പറിച്ചെടുക്കുന്നതിനുള്ള കൂലിപോലും കിട്ടുകയില്ല. എന്നതുകൊണ്ടു് അവർ കുല പറിക്കാതെ ഇരിക്കുകയാണു്. മാത്രമല്ല നല്ല വിലകൊടുത്തു വാങ്ങിയിട്ടുള്ളതു് ഭൂരിഭാഗവും കർഷകക്കാണു കിട്ടിയിട്ടുള്ളതു്.

ശ്രീ. ഡി. വിവേകാനന്ദൻ: കഴിഞ്ഞ ഏപ്രിൽ നാലാംതീയതി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സ്കീമിൽ ഈ കർഷകരെ സഹായിക്കുന്നതിനും ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഒരു വ്യവസായം തുടങ്ങണമെന്നും അതിൽ നിർദ്ദേശമുണ്ടായിരുന്നു. അതിലേക്കു് യാതൊരു നടപടിയും തുടങ്ങിയതായി കാണുന്നില്ല. അങ്ങനെയാണെങ്കിൽ എന്തെങ്കിലും ഇനം ഈ നാട്ടുകാക്കു് കിട്ടുമെന്നു് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിന്റെ ഉദ്ദേശം മിക്കവാറും സാധിച്ചിട്ടുണ്ടു്. നമ്മുടെ നാട്ടിൽ ഏതു സദുദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന കായ്ത്തിനും കുറെ വിരുദ്ധ മനസ്ഥിതിയുള്ള ആളുകൾ ഉണ്ടെന്നുള്ളതു സമ്മതിക്കാതെ നിവൃത്തിയില്ല. സഹകരണസംഘങ്ങൾ ഇതിലേക്കു് തുടങ്ങിക്കുചതു് ഏറ്റവും സദുദ്ദേശത്തോടുകൂടിയും ഉന്നതമായ ഒരു മാനദണ്ഡം പുലർത്തുമെന്നും കരുതിയാണു്. എന്നാൽ അതിനു നേരേ വിപരീതമായി പ്രവർത്തിക്കുന്ന കുറെ ആളുകൾ നമ്മുടെ നാട്ടിലുണ്ടു്. എല്ലാക്കായ്ത്തിലും ദുഷ്യങ്ങൾ കണ്ടുപിടിക്കുക, കുറ്റപ്പെടുത്തുക എന്നുള്ളതാണു് അവരുടെ നയം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഗവണ്മെൻറു് സഹകരണസംഘങ്ങൾ നിർദ്ദേശം കൊടുത്തതു് എന്നാണെന്നറിയാമോ? രണ്ടു മൂന്നു ദിവസത്തിനകം എടുത്തുകൊള്ളണം എന്നല്ലേ? ഈ മൂന്നു ദിവസംകൊണ്ടു കൃഷിക്കാക്കു് അതു കൊണ്ടു വന്നു വിൽക്കാൻ സാധ്യമാകുമോ? അതുകൊണ്ടിതു കച്ചവടക്കാക്കു് അല്ലേ പ്രയോജനപ്പെട്ടിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവണ്മെൻറു് ജൂലായിമാസത്തിലാണു് മരച്ചീനി എടുക്കാൻ തുടങ്ങിയതു്. അതു് ആഗസ്റ്റു് 31-ാംതീയതിവരെ എന്നാണു് പറഞ്ഞിട്ടുള്ളതു്. പിന്നീടു് പല ഡിപ്പോകളിലും മരച്ചീനി കിടക്കുന്നു എന്നു് ഗവണ്മെൻറിനെ അറിയിച്ചതുകൊണ്ടു് വീണ്ടും 12-9-55 മുതൽ 17-9-55 വരെ എടുക്കുന്നതിനു് നിർദ്ദേശം കൊടുക്കുകയാണു് ചെയ്തതു്. ഇങ്ങനെ ഗവണ്മെൻറു് ചെയ്യുന്നതിനെ ഏതെങ്കിലും വിധത്തിൽ കുറ്റം കണ്ടുപിടിക്കാതെ അതിനു പകരം ഗവണ്മെൻറിന്റെ സദുദ്ദേശത്തെ എല്ലാവരും കൂടി മനസ്സിലാക്കി പ്രവർത്തിച്ചാൽ ഈ രാജ്യത്തിനു വളരെ ഗുണമുണ്ടാകുമായിരുന്നു. ഏതു സ്കീം ഉണ്ടാക്കിയാലും അതിനകത്തു ഒരു മോട്ടീവു് കണ്ടുപിടിക്കുക എന്നുള്ളതു് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : കഴപ്പത്തിനം കണ്ടുപിടിച്ച് ഗവണ്മെന്റിനെ അറിയിക്കുന്ന സമയത്ത് കുറെങ്ങനം കണ്ടുപിടിക്കുകയാണെന്നു പറഞ്ഞാൽ അതു് എങ്ങിനെയാണു് ?

ശ്രീ. എ. ജെ. ജോൺ : ഇതിനകത്തു ചില കഴപ്പത്തിനം എല്ലാം പറഞ്ഞിട്ടുണ്ടെന്നുള്ള പ്രസ്താവനയെ ഞാൻ സ്വീകരിക്കുന്നു. അതു പരിഹരിക്കുന്നതിനുള്ള നടപടി നടത്താമെന്നും സമ്മതിക്കുന്നു. നിയമപ്രകാരം അതു് സാധ്യമാണെങ്കിൽ അതു ചെയ്യും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പന്ത്രണ്ടാംതീയതി മുതൽ വീണ്ടും കപ്പ എടുക്കുന്നതാണെന്നുള്ള വാർത്ത പത്രങ്ങളിൽ വന്നതു 14-ാംതീയതിയാണു്. 18-ാംതീയതി ഡിപ്പോകളും അടച്ചുകളയും. ഈ മൂന്നു ദിവസംകൊണ്ടു് എങ്ങനെങ്കിലും കർഷകനു് മരച്ചീനി വിൽക്കാൻ കഴിയുമോ ?

ശ്രീ. എ. ജെ. ജോൺ : ഡിപ്പോകളിൽ ചെന്നു കിടക്കുന്ന കപ്പ എടുക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു് അതുകൊണ്ടു തന്നെയാണു് സംഭരിക്കുമെന്നു് പറഞ്ഞതു്.

പിന്നീടു് ഇതിന്റെ വ്യവസായ സംബന്ധമായി മറ്റൊരു അന്വേഷിച്ചു് റിപ്പോർട്ടു ചെയ്യേണ്ടതു് ടാപ്പിയോക്കാ മാർക്കറ്റിംഗ് എക്സ്പാൻഷൻ ബോർഡാണു്. അതിനു് വേണ്ടതായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. അതു പിന്നീടു നടപ്പിലാക്കേണ്ട കാര്യമല്ല. അതേപ്പറ്റി ഗവണ്മെന്റു വളരെ കാര്യമായി ആലോചിച്ചു കൊണ്ടിരിക്കുകയാണു്. പല ബഹുമാനപ്പെട്ട മെംബറന്മാരും അഭിപ്രായപ്പെട്ട ഗവണ്മെന്റു പരാജയപ്പെട്ട എന്നു്. എന്നാൽ ഗവണ്മെന്റിന്റെ ഉദ്ദേശം കർഷകരെ സഹായിക്കണമെന്നുള്ളതാണു്. അതു മിക്കവാറും സാധിച്ചിട്ടുണ്ടു് ഈ സ്കീം അല്ലാ വേറെ ഏതെങ്കിലും സ്കീം വേണമെന്നു് ഈ സഭയിലുള്ള അംഗങ്ങളിൽ പറയുകയാണെങ്കിൽ അതു സ്വീകരിക്കാൻ തയ്യാറാണു്.

ശ്രീ. എൻ. ജി. ചാക്കോ : ചില സ്ഥലങ്ങളിൽ മരച്ചീനി കർഷകരുടെ സഹകരണസംഘങ്ങളും സ്വീകരിക്കുന്നതിനു തന്നെ ബുദ്ധിമുട്ടുകൾ നേരിട്ടു എന്നുള്ള കാര്യം ഗവണ്മെന്റിനു് അറിവുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതിനെ ഞാൻ നിഷേധിക്കുന്നില്ല. ബഹുമാനപ്പെട്ടതിരുവനന്തപുരംമെംബർ പറയുകയുണ്ടായി. ഇപ്പോഴത്തെ പ്രൈസ് ബോർഡു് കപ്പക്കൃഷിക്കാരുടെ പ്രതിനിധികൾക്കു മാത്രം പ്രാതിനിദ്ധ്യമുള്ളതല്ല, അതുകൊണ്ടു് അവർക്കു് വേണ്ടിവരുന്ന സഹായം ചെയ്യുന്നില്ലായെന്നു്. അതേപ്പറ്റിയും ആലോചിക്കാൻ ഗവണ്മെന്റു തയ്യാറാണു്.

ഇവിടെ ഈ കപ്പ എന്നു പറയുന്നതു് സാധാരണക്കാരുടേയും, സാധുക്കളുടേയും ഒരു ആഹാരസാധനമാണു്. അതിവിടെ ധാരാളമായി ഉൽപ്പാദിപ്പിക്കുന്നതിനും അതു കൃഷി ചെയ്യുന്നവർക്കു വേണ്ട പ്രോത്സാഹനം കൊടുക്കുന്നതിനുമായി ഗവണ്മെന്റു പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണു്. അതിലേക്കു് വേണ്ടതു ഏതു സ്കീം ആണെന്നുവച്ചാൽ അതു സ്വീകരിക്കുന്നതിനു് ഗവണ്മെന്റു തയ്യാറാണു്. ഈ സ്കീം അല്ലാ വേണ്ടതു് വേറെ ഏതെങ്കിലും സ്കീം ആണു് വേണ്ടതു എന്നു കണ്ടാൽ അതു് രാഷ്ട്രീയ പരിഗണനകൾ ഒന്നും കൂടാതെ രാജ്യത്തിന്റെയും അതിലും ഉപരിയായി ജനങ്ങളുടേയും ക്ഷേമത്തിനു വേണ്ടി അതു പ്രവർത്തനത്തിൽ കൊണ്ടുവരുമെന്നാണു് എനിക്കു പറയുവാനുള്ളതു്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഇപ്പോൾ കിട്ടിയിരിക്കുന്ന സ്റ്റാക്ക് ഡിസ് പോസ് ചെയ്യുന്നതിനെപ്പറ്റി എന്താണ് പറയുവാനുള്ളത് ?

ശ്രീ. എ. ജെ. ജാൺ : ഡ്രൈച്ചിപ്പ്സ് ഉടനെതന്നെ ഡിസ് പോസ് ചെയ്യുന്നതാണ്. അതിപ്പോൾ ഏകദേശം പതിനായിരം ടൺ ഉണ്ട്. അതു ഉടനെ വിറ്റുകഴിക്കുന്നപക്ഷം മാർക്കറ്റിൽ തിരിയെ വരും. അപ്പോൾ കപ്പയുടെ മാർക്കറ്റ് ലെവൽ തീരെ പോകും.

ശ്രീ. എ. താണുപിള്ള : അപ്പോൾ ഇതിനകം സ്റ്റാക്കു ചെയ്തിട്ടുള്ളതെല്ലാം ചീത്തയായിപ്പോകും. അതു നഷ്ടമുണ്ടാക്കുന്നതിനു കാരണമാണ്. അതിന്റെ വിലയിൽ ഒരു ചക്രംപോലും ഗവണ്മെന്റിനു കിട്ടാൻ സാദ്ധ്യതയില്ല. അതുകൊണ്ട് ഇതു മുഴുവൻ ആഹാരസാധനമായി ആളുകൾക്കു വെറുതേ കൊടുക്കുകയാണെങ്കിൽ അതു നശിപ്പിച്ചുകളയാതെ കുറെയെങ്കിലും ഉപയോഗപ്രദമായി തീരുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ : നശിപ്പിച്ചു കളകയില്ല, നശിപ്പിച്ചു കളയാതിരിക്കുന്നതിനു കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതിനു ഗവണ്മെന്റ് തയാറാണ്.

ശ്രീ. സി. ജി. സദാശിവൻ : ഈ കപ്പ ഇന്നവിലയ്ക്ക് എടുക്കണമെന്നു തീരുമാനിച്ചതു ഗവണ്മെന്റാണോ ബോർഡാണോ ?

ശ്രീ. എ. ജെ. ജാൺ : ബോർഡിന്റെ റെക്കമെന്റേഷൻ അനുസരിച്ചാണ് തോന്നുന്നതു്.

ശ്രീ. സി. ജി. സദാശിവൻ : ഈ ബോർഡു് രൂപീകരിച്ചതിനു ശേഷം രണ്ടു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളു എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇന്നത്തെ സ്കീം അനുസരിച്ചു വാട്ടകപ്പ ഒന്നേകാലണയ്ക്കു് വാങ്ങിച്ചു ഒരണയ്ക്കു് വിൽക്കണമെന്നും, ഡ്രൈച്ചിപ്സ് മുക്കാലണയ്ക്കു് വാങ്ങി അരയണയ്ക്കു് വിൽക്കണമെന്നും തീരുമാനിച്ചു.

ശ്രീ. എ. എ. ഡി. ലൂയിസ് : കഴിഞ്ഞ ആറു മാസമായി കപ്പ എക്സ്പോർട്ടു ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എക്സ്പോർട്ടു ചെയ്തതായി അറിവില്ല.

ശ്രീ. എ. എ. ഡി. ലൂയിസ് : പതിനായിരം ടൺ കപ്പ എക്സ്പോർട്ടു ചെയ്യുന്നതിനു ഇൻഡ്യാഗവണ്മെന്റു് ഓപ്പൺ ലൈസൻസ് കൊടുത്തിരുന്നതനുസരിച്ചു അതയച്ചോ ?

ശ്രീ. എ. ജെ. ജാൺ : അതറിവില്ല. കുറെ കപ്പ ഭോപ്പാലിൽ കൂടിയേറി താമസിക്കാൻ പോയവക്കു വേണ്ടി അങ്ങോട്ടു അയക്കണം എന്നു സെൻട്രൽ ഗവണ്മെന്റു് ഈ ഗവണ്മെന്റിനെ അറിയിച്ചു.

ശ്രീ. പി. എസ്. നടരാജപിള്ള : ഈ സ്റ്റാക്കു ചെയ്തിട്ടുള്ള വെള്ളക്കപ്പ ഉപയോഗശൂന്യമായി പോകാതെ അമേരിക്കൻ പ്രൈസ് സപ്പോർട്ടു പോളിസി അനുസരിച്ചു നശിപ്പിക്കാതെ അതു വെറുതേ കടൽതീരപ്രദേശങ്ങളിൽ വിതരണം ചെയ്യൽ തരക്കേടില്ല. അതനുവേണ്ടിയാണു് ഞാൻ ആ വിലയുടെ കാര്യമെല്ലാം ചോദിച്ചതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : ഇതു സംബന്ധിച്ചും ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ക്ഷാമനിവാരണമായ ഇതു നശിപ്പിച്ചുകളയാതെയിരിക്കുന്നതിനുള്ള എല്ലാ നടപടിയും ഗവണ്മെന്റ് സ്വീകരിക്കും. ഒന്നുകിൽ കിട്ടുന്ന വിലയ്ക്ക് വിൽക്കുക, അതല്ലെങ്കിൽ വിലകൂടാതെ കൊടുക്കുക. ഇതിൽ ഏതു ചെയ്യുവാനും ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതു കിടക്കുന്ന സ്ഥലത്തുവച്ചു തന്നെ പബ്ലിക്കായി ലേലം ചെയ്യുമോ ?

ശ്രീ. എ. ജെ. ജോൺ : അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ സമാധാനം മാത്രമേ എനിക്കു ഇപ്പോൾ പറയുവാനുള്ളൂ.

പെട്ടെന്ന് പതിനായിരം ടൺ കപ്പ വിൽക്കാൻ പോകുന്നു എന്നറിഞ്ഞാൽ കപ്പയുടെ മാർക്കറ്റ് തീരെ കുറയും. ചങ്ങനാശ്ശേരി മാർക്കറ്റിൽ എല്ലാംതന്നെ ഇപ്പോൾ 35 രൂപാ വിലയുണ്ട് വാട്ടകപ്പക്ക്. ഡ്രൈച്ചിപ്പ്സിന് ഇരുപത്തിയഞ്ചു രൂപായും വിലയുണ്ടെന്നു ചങ്ങനാശ്ശേരി അഗ്രശിൽദാരുടെ റിപ്പോർട്ട് വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ കപ്പകൃഷിക്കാർക്ക് ഏതെല്ലാം സഹായം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണം എന്നുള്ള ഏറ്റവും നല്ല ഉദ്ദേശത്തോടുകൂടി ഗവണ്മെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. ഫോർമീസ് : ഇതു് ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലേക്കു കയറ്റി അയക്കുവാൻ ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. എ. ജെ. ജോൺ : അതേപ്പറ്റിയും അന്വേഷണം നടത്തി. വടക്കേ ഇൻഡ്യയിലെങ്ങും ഇതു് കൃഷി ചെയ്യുന്നതിനോ ആഹാരസാധനമായി ഉപയോഗപ്പെടുത്തുന്നതിനോ ജനങ്ങൾക്കു പരിചയമില്ല.

ശ്രീ. പ്രാക്കുളം ഭാസി : അതിനു് ഇവിടെനിന്നും രണ്ടോ മൂന്നോ പേരെ കൂടി അയച്ചാൽ പോരേ ?

ശ്രീ. എ. ജെ. ജോൺ : അതു സംബന്ധിച്ചും ഈ സഭതന്നെ തീരുമാനിച്ചാൽ അതിനു വേണ്ടതായ ഏതെങ്കിലും സംഗതികൾ ചെയ്യുന്നതിനും ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ സഭയുടെ അഭിപ്രായം അറിഞ്ഞുകൊള്ളാമെന്നു പറഞ്ഞു. എന്നാൽ ഈ സഭയിലെ എട്ടോ പത്തോ പേരെ കൂടി എടുത്തു അവരുമായി ആലോചിച്ചു അവരുടെ നിർദ്ദേശം കേട്ടു അതനുസരിച്ചു പ്രവർത്തിക്കുന്നതായാൽ അതു് കൂടുതൽ പ്രയോജനമായിരിക്കും. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ സഭയിൽനിന്നും എട്ടോ പത്തോ കപ്പകൃഷിക്കാരായിട്ടുള്ളവരെ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം ആരായുന്നതു കുറെക്കൂടി പ്രയോജനമായിരിക്കും.

ശ്രീ. എ. ജെ. ജോൺ : എട്ടോ പത്തോ പേരെ അല്ലെങ്കിൽ ഇൻഫാർമലായി ഇരുപതോ മുപ്പതോ പേരെ വിളിച്ചുകൂട്ടി അവരുമായി ആലോചിക്കുന്നതിനും ഗവണ്മെന്റ് തയ്യാറാണ്. ഏതായാലും മരച്ചീനികൃഷിക്കാർക്ക് സഹായം കിട്ടണം. മരച്ചീനി ഇവിടെ ഉണ്ടാകുകയും വേണം. ബഹുമാനപ്പെട്ട ചാഴിക്കാടൻ പറഞ്ഞ അഭിപ്രായവും ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുള്ളതു് കൂപ്പുക്ഷാമക്കാരെ സഹായിക്കുന്നതിനും ജനങ്ങളെ രക്ഷിക്കുന്നതിനുമാണു്. ഗവണ്മെൻറിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഈ അസംബ്ളിയുടെ നർബ്ബന്ധംകൊണ്ടാണു് ഗവണ്മെൻറു ചെയ്തതു്.

ശ്രീ. എം. വി. ചെറിയാൻ : ഈ കപ്പ കയറുമതി ചെയ്യാതെ ഈ സംസ്ഥാനത്തു വില കുറച്ചോ വിലകൂടാതെയോ വിതരണം ചെയ്യുകയാണെങ്കിൽ കപ്പയുടെ വില വളരെ കുറഞ്ഞുപോകാൻ ഇടയില്ലേ ?

ശ്രീ. എ. ജെ. ജാൺ : കയറുമതി ചെയ്യുന്നതിനു് ആലോചിക്കുകയാണു്. അമേരിക്കയിൽ ക്യാറ്റർ ഫാഡറായി ഇതു് ഉപയോഗിക്കാൻ കഴിയുമെന്നാണു് അറിയുന്നതു്. അതിലേയ്ക്കുള്ള എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അങ്ങോട്ടു കയറ്റി അയയ്ക്കുന്നതിനുള്ള കപ്പൽക്കൂലി കുറച്ചു കിട്ടുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. കപ്പൽക്കൂലി കുറച്ചു കിട്ടുകയാണെങ്കിൽ സ്റ്റാർച്ചു് ഇംഗ്ലണ്ടിലേയ്ക്കും നമുക്കു അയയ്ക്കാൻ കഴിയും. സ്റ്റാർച്ചു് പരിശോധിക്കാൻ ലാബറട്ടറിയിൽ സാമ്പിൾ അയച്ചിട്ടുണ്ടു്. ഗവണ്മെൻറു് ഇതിൽ വളരെ ശ്രദ്ധയോടുകൂടി ചെയ്യാവുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. യു. നീലകണ്ഠൻ : സർ, കുടിൽ വ്യവസായങ്ങളെപ്പറ്റി. ഗവണ്മെൻറു് അനുവർത്തിച്ചുവരുന്ന നയത്തെപ്പറ്റിയാണു് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കോൺഗ്രസ്സു് ഗവണ്മെൻറിനു വളരെ താൽപ്പര്യമുണ്ടെന്നു് പലരും പറഞ്ഞുകേൾക്കാറുള്ള ഒരു സംഗതിയാണു്. കുടിൽ വ്യവസായങ്ങൾക്കുവേണ്ടി സ്റ്റേറ്റു് എയിഡു് ഇൻഡസ്ട്രീസു് ബോർഡു് രൂപീകരിക്കുകയും 50,000 രൂപവരെ കുടിൽവ്യവസായങ്ങൾക്കു് കടം കൊടുക്കാൻ വ്യവസ്ഥചെയ്യുകയും ചെയ്തിട്ടുള്ളതായി അറിയുന്നു. ആ ബോർഡു രൂപീകരിച്ചു് ഒന്നരവർഷം കഴിഞ്ഞശേഷവും ഒരു പൈ എങ്കിലും ആയിനത്തിൽ കടം കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ലജ്ജയോടുകൂടി ഇല്ലെന്നതന്നെ പറയേണ്ടിവരും. എല്ലാ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളവും ഒരു സ്തംഭനാവസ്ഥ ഉണ്ടായിരിക്കുകയും അനേകലക്ഷം തൊഴിലാളികൾ തൊഴിൽ ശൂന്യരായിത്തീരുകയും ചെയ്തിട്ടുള്ള അവസരത്തിൽ ഈ ബോർഡു് ഏറ്റവും നല്ല രീതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതു് വളരെ അത്യാവശ്യമായിരുന്നു. എന്നാൽ അതിനുവേണ്ട രൂപകല്പനകൾ ഉണ്ടാക്കുന്നതിനു് ഗവണ്മെൻറു കാണിച്ച അനാസ്ഥ ഇവിടത്തെ തൊഴിലില്ലായ്മയ്ക്കു കാരണമായിത്തീർന്നിട്ടുണ്ടെന്നു ഞാൻ പറയുന്നതു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്ഷമിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കുടിൽവ്യവസായം കയർവ്യവസായമാണു്. ഇത്രയും നേരം നടന്ന മരച്ചീനികൃഷിക്കാരുടെ ദുരിതങ്ങളും ഈ കയറുവ്യവസായവുമായി വളരെ അധികം പൊരുത്തമുള്ളതാണു്. കിഴക്കൻ പ്രദേശങ്ങളിൽ ഉണ്ടാകുന്ന കപ്പ മുഴുവൻ വിലയ്ക്കുവാങ്ങി തിന്നൊടുക്കുന്നതു് തീരദേശത്തുള്ളവരാണു്. ഏതാണ്ടു് 15 ലക്ഷത്തോളം ആളുകൾ, തീരദേശത്തു കയറുവ്യവസായംചെയ്തുണ്ടു് ജീവിക്കുന്നവർ ഈ കപ്പയുടെ ദൗർലഭ്യവും ആഹാരത്തിനുവേണ്ടി വാങ്ങി ഉപയോഗിച്ചിരുന്നു. 1954-ൽ മിനിമംവേജസ് പ്രഖ്യാപിച്ചശേഷം കയറുവ്യവസായത്തിൽ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള സ്കീമനോവസ്ഥയാണ് കപ്പയുടെ വിൽപ്പനക്കുറവിനും, വിലക്കുറവിനും കാരണമായിട്ടുള്ളതെന്ന ഗവണ്മെൻറ് മനസ്സിലാക്കേണ്ടതാണ്. മിനിമംവേജസ് പ്രഖ്യാപിച്ചശേഷം അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഒരു 15 ലക്ഷം രൂപ അനുവദിക്കണമെന്ന് ഞാൻ ഒരു പ്രമേയം നിയമസഭയിൽ അവതരിപ്പിക്കുകയും അതു പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗവണ്മെൻറിന് ഈ കയറു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളോടോ ഈ നാട്ടിലെ മരച്ചീനി കൃഷിക്കാരോടോ ആത്മാർത്ഥമായ താൽപ്പര്യം ഉണ്ടായിരുന്നുവെങ്കിൽ ആ രൂപ ഗവണ്മെൻറ് വിനിയോഗിക്കുമായിരുന്നു. ഇന്ന് സപ്ലിമെൻററിഗ്രാൻറുകൾ ചെലവുചെയ്യുന്നതിനാവശ്യപ്പെട്ടുന്ന അപ്രോപ്രിയേഷൻബില്ലിൽ സമർപ്പിച്ചുവെങ്കിലും ആ 15 ലക്ഷം രൂപ ചെലവാക്കുന്നതിനുള്ള നിർദ്ദേശം യാതൊന്നും കൊണ്ടുവന്നിട്ടില്ല. മിനിമംവേജസ് നിശ്ചയിച്ചുവെങ്കിലും അതു പ്രയോഗക്ഷമമായിട്ടില്ല. ഗവണ്മെൻറ് എല്ലാ കാര്യങ്ങളിലും രാമേശ്വരത്തെ ക്ഷൗരംപോലെ അപൂർണ്ണമായ നടപടികളാണ് അവലംബിക്കുന്നത്. ഒരേകാര്യത്തെപ്പററി ഓരോ അവസരത്തിലും ഓരോ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതുകൊണ്ട് പൊതുജനങ്ങളെ മനഃപൂർവ്വം സർക്കാർ കഴപ്പങ്ങളിൽ തള്ളിയിടുന്നു. കടലാസിൽ പറയുകയും ആ കാര്യങ്ങളെപ്പററി കൂടുതൽ പ്രസംഗിക്കുയും ചെയ്യുമെങ്കിലും ഫലത്തിൽ ഞാൻ മുമ്പുപറഞ്ഞ ക്ഷൗരംപോലെയാണ് എല്ലാനടപടികളും അവസാനിക്കുന്നത്. മരച്ചീനിക്കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒരു സ്കീം കൊണ്ടുവരികയും ആറേഴുമാസം കഴിഞ്ഞപ്പോൾ അതു പരാജയപ്പെട്ടിരിക്കുന്നുവെന്നും സഭ പറയുന്നതു് സ്വീകരിക്കാൻ തയ്യാറാണെന്നു് ഈ സഭയിൽ ഹോംമിനിസ്റ്റർ പ്രസ്താവിക്കുകയും ചെയ്തു.

ശ്രീ. എ. ജെ. ജാൺ : അതു സ്കീം പരാജയപ്പെട്ട എന്നു പറഞ്ഞില്ല.

ശ്രീ. യു. നീലകണ്ഠൻ : സർ, മന്ത്രി സമ്മതിച്ച വസ്തുതയാണ് പരാജയം. ഇതിൽനിന്നു തെളിയുന്നതു് ഗവണ്മെൻറിനു് ആ സ്കീമിനെപ്പററി വ്യക്തമായ ഒരു ധാരണയും ഉണ്ടായിരുന്നില്ലെന്നല്ലേ? താൽക്കാലികമായി പരാതികൾക്കു് ശമനമുണ്ടാക്കുന്നതിനുവേണ്ടി ഗവണ്മെൻറു പണം വ്യയംചെയ്തശേഷം കുറേകഴിഞ്ഞു് സ്കീം പരാജയപ്പെട്ടുപോയി, വേറെ സ്കീം കൊണ്ടുവന്നു ശരിയാക്കാം എന്നു പറയുന്ന ഗവണ്മെൻറിന്റെ ഉത്തരവാദിത്വത്തെപ്പററി ആലോചിക്കുമ്പോൾ സർക്കാരിന്റെ ഭാവനയെപ്പററി ആക്ഷേപിക്കാതെ തരമില്ല. കയറുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു ശ്രദ്ധിക്കേണ്ട പ്രധാനമായ കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ. കണ്ടശ്ശാംകടവുമുതൽ കണിയാപുരംവരെ മിനിമംവേജസ് പ്രഖ്യാപിച്ചശേഷം പല ദയനീയസംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മാടൻവിള മുതലായ സ്ഥലങ്ങളിൽ ഇപ്പോഴും സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു് പത്രത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അസിസ്റ്റൻറ് ലേബർകമ്മീഷണർ ശ്രീ. സുബ്രഹ്മണ്യം അവിടെ ഇൻവെസ്റ്റിഗേഷൻ നടത്താൻ പോയതായും പത്രത്തിൽകണ്ടു. കണ്ടശ്ശാംകടവു്, പ്രാക്കുളം എന്നീ സ്ഥലങ്ങളിൽ ഐ. എൻ. ടി. യു. സി. തൊഴിലാളികളും മറെറു് സംഘടനകളിലുള്ള തൊഴിലാളികളും തമ്മിൽ സംഘട്ടനം ഉണ്ടായതിന്റെ ഫലമായി മരണംവരെ നടന്നു എന്നു് അറിയാൻ കഴിഞ്ഞു. ഗവണ്മെൻറ് ഈ കാര്യങ്ങളുടെനേരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. യു. നീലകണ്ഠൻ]

കണ്ണടച്ചിരിക്കയാണെന്നു തോന്നുന്നു. എതു വ്യവസായമായാലും അതിനാവശ്യമായ അസംസ്കൃതസാധനങ്ങൾ ന്യായമായ വിലയ്ക്ക് കിട്ടാൻ വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതു് സർക്കാരിന്റെ പ്രാഥമിക ചുമതലയാണു്. കയറുതൊഴിലാളികൾ മിനിമംവേജസ്സിനുവേണ്ടി മുറവിളികൂട്ടി സമരംനടത്തിയതിന്റെ അടിസ്ഥാനത്തിൽ മിനിമം വേജസു് നിയമം പ്രഖ്യാപിച്ചു. ആ നിയമം പ്രഖ്യാപിച്ചുകഴിഞ്ഞതുകൊണ്ട് അതിനുവേണ്ട അനുകൂല പരിതഃസ്ഥിതി സൃഷ്ടിക്കേണ്ട ഉത്തരവാദിത്വം ആർക്കാണെന്നു സർക്കാർ ആലോചിക്കേണ്ടതല്ലേ? ഇന്നു് അഴുക്കൽ തൊണ്ടിനു 1000-നു 65 രൂപവരെ വിലയുണ്ടു്. 13, 14 സ്കോർ കയറിനു് കണ്ടിക്കു 310 രൂപ വിലയുള്ളപ്പോൾ കണ്ടിക്കു് 4000 തൊണ്ടു വേണ്ടിവരുന്ന 1000 തൊണ്ടിനു 25 മുതൽ 35 രൂപവരെ വിലയുണ്ടായിരിക്കാവു എന്നു മിനിമംവേജസു് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ നിലയിൽ തീരപ്രദേശങ്ങളിൽ തൊഴിൽ നടത്തിക്കൊണ്ടിരിക്കുന്നവർക്കു് തൊണ്ടുടമകളിൽനിന്നും കുറഞ്ഞമായ വിലയ്ക്കു് തൊണ്ടു കിട്ടാൻ സാധിക്കാതെ തൊഴിലില്ലായ്മ നാട്ടിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും പടർന്നു പിടിച്ചിട്ടുണ്ടു്. ഇതു് സർക്കാരിന്റെ ഗുരുതരമായ കൃത്യവിലോപമാണു്.

ശ്രീ. ടി. എ. മജീദ്: മിനിമംവേജസു് കൊടുക്കണമെന്നുള്ള നിയമം കർശനമാക്കുകയാണെങ്കിൽ തൊണ്ടിന്റെ വില സ്വാഭാവികമായി കുറയുകയില്ലേ?

ശ്രീ. യു. നീലകണ്ഠൻ: അതുകൊണ്ടുമാത്രം തൊണ്ടുവില കുറയുമെന്നു് എനിക്കു് അഭിപ്രായമില്ല. തൊണ്ടു വില കുറച്ചു കൊടുക്കണം, തൊണ്ടു് കുറഞ്ഞമായ വിലയ്ക്കു് കിട്ടുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കാനായി ഴിഞ്ഞ തവണ 15 ലക്ഷം രൂപ അനുവദിക്കണമെന്നുള്ള പ്രമേയം അവതരിപ്പിച്ചതു് കോൺഗ്രസ്സു് ബഞ്ചുകളിലുള്ള ശ്രീ. കരുണാകരന്റെയും മറ്റും പിൻതുണയോടുകൂടി പാസ്സായിട്ടുണ്ടു്. എന്തിനു് അതു പാസ്സാക്കി എന്നു് മി. കരുണാകരൻ കോൺഗ്രസ്സു് സർക്കാരിനോടു് ചോദിക്കുമോ? തൊണ്ടിന്റെ കാര്യത്തിൽ വടക്കൻപ്രദേശത്തിനും തെക്കൻ പ്രദേശത്തിനും ചില പ്രത്യേകതകളുണ്ടു്. വടക്കൻപ്രദേശങ്ങളുള്ളവർക്കു് സാധാരണയായി തൊണ്ടു സംഭരിക്കാൻ കഴിയും. എന്നാൽ കണിയാപുരംമുതൽ പേരൂർവരെയുള്ള സ്ഥലങ്ങളിൽ തൊണ്ടു് സംഭരിക്കാൻ വൈഷമ്യങ്ങളുണ്ടു്. സംഭരിക്കാവുന്ന തൊണ്ടിന്റെ അളവിനെക്കാൾ ഈ പ്രദേശത്തു് വ്യവസായം വളരെയധികം വികസിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ പ്രദേശങ്ങളിൽ തൊണ്ടിനു് ഡിമാൻഡു കൂടും. അങ്ങിനെയുള്ള പ്രദേശങ്ങളിൽ തൊണ്ടു് കുറഞ്ഞമായ വിലയ്ക്കു് കിട്ടത്തക്കവണ്ണം ന്യായവില ഡിപ്പോകൾ സ്ഥാപിച്ചു് ഗവണ്മെന്റു് അഴുക്കൽ തൊണ്ടു് വിതരണം നടത്തേണ്ടതാവശ്യമാണു്. കണിയാപുരം മുതൽ പേരൂർവരെയുള്ള സ്ഥലങ്ങളിൽ ദിനംപ്രതി 300 കണ്ടി കയർ ഉൽപാദിപ്പിക്കുന്നുണ്ടു്. അഞ്ചുതെങ്ങു് കയറിനു് താരതമ്യേന കൂടുതൽ കുലിച്ചെലവുള്ളതുകൊണ്ടു പ്രത്യേക പരിഗണന ആവശ്യപ്പെടുന്ന ഈ കാര്യത്തെ സംബന്ധിച്ചു് ഞാൻ മുഖ്യമന്ത്രിക്കു് എഴുതിയിട്ടുണ്ടായിരുന്നു. അതിനു് ഒരു മറുപടിപോലും കിട്ടിയിട്ടില്ല. മരച്ചീനിക്കൃഷിക്കാരുടെ [illegible]

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു് കയറുതൊഴിലാളികളുടെ തൊഴിലില്ലായ്മയാണു് കാരണം. കയറുതൊഴിൽ സ്തംഭനംമൂലം ഏതാണ്ടു് ഒരുലക്ഷം രൂപ പ്രതിദിനം ദേശീയവരുമാനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണെന്നു് മുഖ്യമന്ത്രി ഓർമ്മിക്കേണ്ടതാണു്. ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള 15 ലക്ഷം രൂപ ചെലവുചെയ്യാതിരിക്കുന്നതിൽ നിന്നും ഈ സഭയുടെ അഭിലാഷങ്ങളും, വികാരങ്ങളും, രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളും പരിഗണിക്കുന്നില്ലെന്നല്ലേ മനസ്സിലാക്കേണ്ടതു്? രാഷ്ട്രീയപരിഗണനകൾക്കു് അതീതമായി നിന്നുകൊണ്ടു് രാജ്യരക്ഷയാണു് കോൺഗ്രസ്സിന്റെ ലക്ഷ്യമെന്നു് ജനങ്ങൾ ധരിക്കണമെങ്കിൽ സഭ പാസ്സാക്കിയ 15 ലക്ഷം രൂപ ഉപയോഗിച്ചു് കയറു വ്യവസായത്തിൽ ഉണ്ടായിരിക്കുന്ന ഇന്നത്തെ കഴുപ്രശ്നങ്ങൾക്കു് പരിഹാരം കാണണമെന്നു് ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ 15 ലക്ഷം രൂപ ഏതു വിധത്തിൽ വിനിയോഗിക്കണമെന്നു പറയാമോ?

ശ്രീ. യു. നീലകണ്ഠൻ: ഞാൻ മുഖ്യമന്ത്രിക്കു് അയച്ച കത്തിൽ അതിനെപ്പറ്റി വിശദമായി എഴുതിയിരുന്നു. അതിന്റെ ഒരു സംക്ഷിപ്തം പറയുകയാണെങ്കിൽ ഇന്നു് തൊഴിലില്ലായ്മ വളരെ കൂടുതലുള്ള പ്രദേശങ്ങളിൽ ഒരു രൂപ മിനിമം വേജസ്സു് കൊടുക്കത്തക്ക വിധത്തിൽ ഉൽപ്പാദകർക്കു് തൊണ്ടു് കിട്ടത്തക്കവണ്ണം ന്യായവിലഡിപ്പോകൾ സ്ഥാപിക്കണമെന്നാണു്. തൊണ്ടടമകൾ ക്വിന്റലായ വിലയ്ക്കു് തൊണ്ടു വിൽക്കുകയില്ലെന്നു് നമുക്കറിയാം. ഇന്നത്തെ നിലയ്ക്കു് ഈ ഗവണ്മെന്റു വില നിയന്ത്രിക്കാനുള്ള അധികാരംപോലും കേന്ദ്രത്തിനു് അടിയറവച്ചിരിക്കുകയാണെന്നു ഞാൻ മനസ്സിലാക്കുന്നുണ്ടു്.

ശ്രീ. പ്രാക്കുളം മാസി: കിഴക്കൻപ്രദേശങ്ങളിൽ നിന്നും തൊണ്ടു് ശേഖരിച്ചുകൊണ്ടുവന്നുകൂടേ?

ശ്രീ. യു നീലകണ്ഠൻ: അങ്ങിനെ ചെയ്യാം. അഴകിയതൊണ്ടു് കിട്ടേണ്ട പ്രദേശങ്ങൾക്കു് ഒരു ദിവസം എത്ര തൊണ്ടു് വേണമെന്നു് കണക്കാക്കി അത്രയും തൊണ്ടു് ഗവണ്മെന്റു് നേരത്തെ ശേഖരിക്കണം. കയർ സഹകരണസംഘങ്ങളെ ഇതിനുവേണ്ട മെഷീനറിയായി ഉപയോഗപ്പെടുത്തിക്കൂടേ സർ.

ശ്രീ ജോസഫ് ചാഴിക്കാട്ടു്: മീനച്ചൽതാലൂക്കിൽനിന്നും വാങ്ങാനാളുണ്ടെങ്കിൽ തൊണ്ടു് വിലകൂടാതെ തരാൻ തയ്യാറാണു്.

ശ്രീ. യു. നീലകണ്ഠൻ: ഇങ്ങനെ ഒരുറപ്പു തരുന്നതു് ഈ സഭയ്ക്കു് വളരെ ആശ്വാസകരമാണെന്നു തോന്നുന്നു. ശ്രീ. ചാഴിക്കാടനെപ്പോലെയുള്ള ഉദാരമതികൾ വിലകൂടാതെ തരാൻ തയാറുള്ളപ്പോൾ പണം വന്നാണു് സർക്കാർ സാധുക്കൾക്കുവേണ്ടി ഈ സൗജന്യബുദ്ധി പ്രയോജനപ്പെടുത്താത്തതു്. ഒരു പത്തുലക്ഷം രൂപ സബ്സിഡിയായി സർക്കാർ വിനിയോഗിക്കാൻ സന്നദ്ധമായാൽ 20 കോടി തൊണ്ടു് നിഷ്പ്രയാസം കൂലിക്കുറച്ചെയ്യാൻ കഴിയും. അഴക്കൽ തൊണ്ടിനു് നാലുമാസം ഡിമാന്റുള്ള പ്രദേശങ്ങളിൽ ക്വിന്റലവിലയ്ക്കു് സപ്ലൈചെയ്യാനും കഴിയും. ആ നിലയിൽ മിനിമം വേജസ്സിന്റെ അടിസ്ഥാനത്തിൽ ക്വിന്റലായ വിലയ്ക്കു് തൊണ്ടു് വിതരണംചെയ്യാൻ കഴിയുമെങ്കിൽ ഏറ്റവും വേഗം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. യു. നീലകണ്ഠൻ]

മിനിമം വേജസ്സു് നടപ്പിലാക്കാൻ കഴിയും. ബാക്കിയുള്ള 5 ലക്ഷം രൂപ എവിടെയാണോ തൊണ്ടു് കൂടുതലുള്ളതു് ആ സ്ഥലങ്ങളിലെ കോവാപ്പറേറീവു് സൊസൈറീസിനു് സ്പെഷ്യൽ ഗ്രാൻറായി ട്രാൻസ്പോർട്ടിംഗു് ചാർജ്ജു് കൊടുത്തു് തൊണ്ടു് ശേഖരിച്ചു് വില കുറച്ചുകിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണു്. അങ്ങനെചെയ്യുമ്പോൾ തൊണ്ടിൻറെ വില നിയന്ത്രിക്കാനുള്ള കഴിവു്, കുത്തകാവകാശം സഹകരണസംഘങ്ങൾക്കുണ്ടാകും. ഇന്നു് കയർസഹകരണസംഘങ്ങളുണ്ടെങ്കിലും എത്ര സംഘങ്ങളാണു് തൊണ്ടു് താഴ്ത്തിയിട്ടുള്ളതെന്നു് ഞാൻ ചോദിക്കുന്നു. ഇന്നത്തെ സഹകരണസംഘങ്ങൾക്കു് 25,000 രൂപ വീതം ലോൺ കൊടുത്തിട്ടുണ്ടെങ്കിലും ഒരൊറ്റ സംഘവും മിനിമം വേജസ്സു് നടപ്പിലാക്കുന്നതിനു ശ്രമിച്ചിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ: ഒരുസംഘവും തൊണ്ടുപുഴുത്തിയിട്ടില്ലെന്നാണോ?

ശ്രീ. യു. നീലകണ്ഠൻ: ഏതെങ്കിലും ഒന്നോ രണ്ടോ സംഘം തൊണ്ടു പുഴുത്തിയെന്നു കരുതി 120-ൽ പരം സംഘങ്ങളുടെ ജനറൽ പാളിസിയായി അതിനെ അംഗീകരിക്കാൻ സാദ്ധ്യമല്ല. മിനിമം കൂലിയെ സംബന്ധിച്ചിടത്തോളം വ്യവസായത്തിലുടവായിട്ടുള്ള അനശ്ചിതാവസ്ഥകൊണ്ടു് വില കൂട്ടി പച്ചത്തൊണ്ടു മേടിച്ചു കയർസംഘങ്ങളെ നഷ്ടപ്പെടുത്തി എന്നുള്ള ആരോപണം താങ്ങാൻ സന്നദ്ധമല്ലാത്തതുകൊണ്ടാണു് മിക്ക സംഘങ്ങളും തൊണ്ടു പുഴുത്താത്തതു്. അനാശാസ്യമായി സംഘങ്ങൾക്കു് നഷ്ടം വരുത്തിവച്ചാൽ റവന്യൂ റിക്കവറി ആക്ടനുസരിച്ചു് കമ്മിറ്റിഅംഗങ്ങൾക്കു ഉത്തരം പറയാൻ ചൊദ്യസ്ഥരാണെന്നുള്ള സംഗതി വിസ്മരിച്ചുകൂടാ. സംഘങ്ങൾക്കു കൂടുതൽ ലോൺ അനുവദിച്ചും വ്യവസായത്തിലെ അനിശ്ചിതത്വം അവസാനിപ്പിച്ചും ഗവണ്മെൻറിൻറെ കഴിവു് ഈ കാര്യത്തിൽ പൂർണ്ണമായും പ്രയോഗിക്കണമെന്നും, മിനിമം വേജസ്സു് നടപ്പിലാക്കി കയർവ്യവസായം പ്രോത്സാഹിപ്പിക്കണമെന്നും ഞാൻ വീണ്ടുവീണ്ടും അഭ്യർത്ഥിക്കുകയാണു്. അതുമാത്രമല്ല, ഗവണ്മെൻറിനോടു എനിക്കു വിനീതമായി നിർദ്ദേശിക്കാനുള്ളതു്, ലക്ഷക്കണക്കിനുള്ള തൊഴിലാളികളും ആയിരക്കണക്കിനുള്ള ഉടമസ്ഥകരും സക്കാർഭാഗത്തു നിന്നുണ്ടായിട്ടുള്ള കുറ്റകരമായ അനാസ്ഥയിൽ സംഘട്ടനത്തിലേക്കു വഴിപ്പെട്ടുപോകാതെ സമാധാനമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നാണു്. അങ്ങനെ ഇതിനൊരു പോംവഴി ഉണ്ടാക്കാൻ സാധിക്കുമെന്നു തോന്നുന്നു. ഈ തൊഴിലിനോടു് ഗവണ്മെൻറുഭാഗത്തുനിന്നും കാണിക്കുന്ന ഉദാസീനമനോഭാവംകൊണ്ടും, രാഷ്ട്രീയപരിഗണന വച്ചുകൊണ്ടുള്ള പെരുമാറ്റംകൊണ്ടും ജനങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടുണ്ടു്. സെയിൽസ്ടാക്സു് ഏർപ്പെടുത്തിയതിനുശേഷം, വൻതുകകൾ ചുമത്തി തൊഴിൽപ്പാടകരെ ഉപദ്രവിക്കുന്നതായി പരാതിയുണ്ടു്. തിരുവിതാംകൂർ-കൊച്ചി കയർഡീലേഴ്സു് & പ്രൊഡ്യൂസേഴ്സു് അസോസ്യേഷൻ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കാൻ 38,000-ത്തിൽപരം അംഗങ്ങൾ ഒപ്പിട്ട ഒരു ഭീമഹർജി അയച്ചതായി അറിഞ്ഞിട്ടുണ്ടു്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം—വരാൻ പോകുന്ന കേരളത്തെസംബന്ധിച്ചിടത്തോളം—കൈത്തറി വ്യവസായത്തേക്കാൾ പ്രാധാന്യമർഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണ് കയർവ്യവസായം. ഈ രാജ്യത്തുണ്ടാകുന്ന കോടിക്കണക്കിനുള്ള തൊണ്ട് ഉപയോഗപ്പെടുത്തി ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ നൽകുന്ന ഏക വ്യവസായമാണ് കയർവ്യവസായമെന്ന കാൺഗ്രസ്സ് സക്കാർ ധരിക്കണം. എന്നാൽ കൈത്തറിവ്യവസായത്തിനു നൽകിയിട്ടുള്ള പ്രാധാന്യംപോലും ഈ വ്യവസായത്തിനു നൽകിയിട്ടില്ല. ഇപ്പോൾ കൈത്തറിവ്യവസായത്തെ ഇൻഡ്യാഗവണ്മെൻറ് സെയിൽസ് ടാക്സ്നിന്നും ഒഴിവാക്കിയിരിക്കുകയാണ്. ആ പരിഗണന ഇവിടെ കയർവ്യവസായത്തിനു നൽകേണ്ടതാണ്. കയറിന്റെ വിലയിൽ എഴപത്തഞ്ചു ശതമാനവും കൂലിയിനത്തിൽ ചെലവാകുന്നുണ്ട്. ആ നിലയിൽ ഒരിക്കലും ഈ വ്യവസായത്തിനു സെയിൽസ്ടാക്സ് ഈടാക്കാൻ പാടില്ലാത്തതാണ്. വിലയുടെ മുക്കാൽ ഭാഗം കൂലിയാണ്. സർ, കൂലിയുടെ പുറത്തു വില്പനനികുതി ചുമത്തുന്ന അപരിഷ്കൃതത്വം പാടില്ലാത്തതാണ്. വിശേഷിച്ചും കയറിനു ഒരു ടണ്ണിനു പത്തു രൂപ സെസ്സിനത്തിൽ കേന്ദ്രഗവണ്മെൻറ് ചുമത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിനുള്ള തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള സാഹചര്യം കൂടുതലായുണ്ടാകുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സത്വരമായി സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ. ചെറുകിട വ്യവസായങ്ങളോടുള്ള സക്കാരിന്റെ പ്രഖ്യാപിതനയം അക്ഷരംപ്രതി പരിപാലിക്കുക. മറ്റൊരു കാര്യം എനിക്കു പറയാനുണ്ട്. കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനശേഷം, ചിറയിൻകീഴിൽ ഒരൊറ്റ വർക്സ് മന്ത്രിപോലും വിളിച്ചുകൂട്ടിയിട്ടില്ല. അതിനുള്ള കാരണമെന്താണെന്നു മനസ്സിലായിട്ടില്ല. ജനപ്രതിനിധികളോടുള്ള നിസ്സഹകരണ പ്രഖ്യാപനമാണോ ഇതിന്റെ പിന്നിലുള്ളത്. ഗവണ്മെൻറിൽനിന്നും റോഡുകൾ വെട്ടുന്നതിനു ചില പ്രത്യേക പരിഗണനകൾ കാണിക്കുന്നുണ്ട്. കായിക്കര–അഞ്ചുതെങ്ങുറോഡുപണി ഗവണ്മെൻറിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. പള്ളിക്കാർ ഈ റോഡിന്റെ നേരെയുള്ളഗതിയെ തടഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ നിസ്സഹായരാണ്. ഇതിന്മേൽ ഗവണ്മെൻറിൽ പരാതി കൊടുത്തതിനു യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. ചീഫ് എൻജിനീയർക്കും, മാരാമത്തുമന്ത്രിക്കും പരാതി അയച്ചിട്ടും യാതൊരു അന്വേഷണവും നടത്താൻ തയ്യാറായില്ല. ഒരു പള്ളിയുടെ മുൻവശത്തുകൂടി റോഡു പോകുന്നുവെന്ന കാരണത്താൽ സാധുക്കളായ അനേകം ആളുകളുടെ കുടികൾ പൊളിച്ചുമാറ്റി, സ്ഥലം കൊടുക്കാതെ നിരാധാരരാക്കിയിട്ട റോഡുവെട്ടാനാണ് ശ്രമിച്ചിരിക്കുന്നത്. കായിക്കര–അഞ്ചുതെങ്ങുറോഡിന് ഒന്നര ലക്ഷം രൂപ ചെലവാക്കി ഒരു പാലം പണിനടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പാലംപണി പൂർത്തിയായാൽ ബസ്സ്സർവ്വീസു നടത്താം. അതിനു ഒരു റോഡു സ്റ്റേയിറ്റായിട്ടു പോകുന്നതു സൗകര്യമായിരിക്കും. പരാതിയെപ്പറ്റി പി. ഡബ്ലിയു. ഡി. മന്ത്രിയോ, ചീഫ് ഇൻജിനീയറോ അന്വേഷിച്ചിട്ടില്ല. കാരണം പള്ളിയിലെ ഫാദറും വേറെ ചില ആളുകളുംകൂടി മന്ത്രിമാരെക്കണ്ടു തെറ്റായോ, ശരിയായോ ഗ്രൂപാർശ ചെയ്തതിന്റെ ഫലമായിട്ടാണ് റോഡുപണി നടക്കാത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു. ഇവിടെ പള്ളിഭരണമാണോ, കാൺഗ്രസ്സുഭരണമാണോ നടക്കുന്നതെന്നു മനസ്സിലാകുന്നില്ല, സർ.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഫാദർ, മന്ത്രിയെക്കണ്ട തെറ്റായോ, ശരിയായോ വിവരങ്ങൾ ഗ്രഹിപ്പിച്ചുവെന്നു പറഞ്ഞു. ശരിയായ കാര്യങ്ങൾ പറയുന്നതു തെറ്റാകുമോ ?

ശ്രീ. യു. നീലകണ്ഠൻ: പറഞ്ഞതു ശരിയായിരിക്കാം. പറഞ്ഞ വിവരങ്ങൾ തെറ്റായിരിക്കും.

[Shri A. A. D. Luiz in the Chair.]

വേറൊരു കാര്യം എനിക്കു പറയാനുള്ളതു് തീരപ്രദേശങ്ങളിലെ ദയനീയമായ ശുദ്ധജലദൗർലഭ്യത്തെപ്പറ്റിയാണു്. പലതവണ ഇക്കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. ഭാഗ്യവാന്മാരായ കാൺഗ്രസ്സ് മന്ത്രിമാർ കോൺഗ്രസ്സുകാരിൻറേയും പഞ്ചവത്സരപദ്ധതിയുടേയും മറവിൽ ഒഴിഞ്ഞുമാറരുതു്. ജനങ്ങളുടെ മൗലികമായ ജീവിതസൗകര്യമെങ്കിലും അനുവദിക്കുക! തീരദേശവാസികൾക്കു് തൊഴിൽസൗകര്യങ്ങൾ ലഭിച്ചില്ലെങ്കിലും ശുദ്ധജലം കുടിക്കാനുള്ള സൗകര്യമെങ്കിലും ഉണ്ടായാൽ കൊള്ളാം. കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ ശുദ്ധജലം കുടിച്ചു മരിക്കാനുള്ള അവകാശമെങ്കിലും ഉണ്ടായിരിക്കണം. തൊഴിലും, വേലയും കൂലിയും ഇല്ലാത്തവർ നല്ല വെള്ളം കുടിച്ചു സുഖമായി മരിക്കട്ടെ എന്ന ഒരു സൗമനസ്യമെങ്കിലും ഗവണ്മെൻറു പ്രദർശിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ കാര്യത്തിൽ ഗവണ്മെൻറ് സത്വരമായ ശ്രദ്ധ പതിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എൻ. ജി. ചാക്കോ: സർ, അങ്ങയുടെ സമുദായത്തിൽപ്പെട്ട ഒരാൾ നിയമസഭാധ്യക്ഷസ്ഥാനത്തെ അലങ്കരിക്കുന്നതു് ഇൻഡ്യയുടെ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണു്. ഞാൻ അങ്ങയെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു.

*Chairman* (SHRI A. A. D. LUIZ): I thank the hon. Member. The discussions may continue.

ശ്രീ. കെ. സി. എബ്രഹാം: സർ, നമ്മുടെ നാട്ടിൽ ഒരു പതിവുണ്ടു്. വലിയ തുകകൾ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയെടുത്തശേഷം, അതിൽ നല്ലൊരു ഭാഗം ലാപ്സാക്കി കളയുക. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകകൾ വേണ്ടവിധം ചെലവാക്കുന്നതിനു് വിദഗ്ദ്ധന്മാരെ കിട്ടിയില്ല, ആവശ്യമുള്ള സാധനസാമഗ്രികൾ ലഭിച്ചില്ല, എന്നെല്ലാം പറഞ്ഞു ഒഴിഞ്ഞുനിൽക്കും. അതുപോലുള്ള അനുഭവം ഈ വർഷത്തിലെങ്കിലും ഉണ്ടാകരുതെന്നാണു് എൻറെ അപേക്ഷ. ഡിമാൻഡുനമ്പർ 24-ൽ, തൊണ്ടുവ്യവസായത്തിനുവേണ്ടി 66,000 രൂപ കൊള്ളിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. എന്നാൽ ഈ തുക കൊള്ളിച്ചിട്ടുള്ളതു് ഏതടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. 25 തൊണ്ടുവ്യവസായശാലകൾക്കു് ഗ്രാൻറുകൊടുക്കുന്നതിനു കൊള്ളിച്ചിരിക്കുന്ന ഈ തുക വളരെ അപര്യാപ്തമാണു്. മൂവായിരമോ അതിൽ കൂടുതലോ സംഖ്യ ഓരോ തൊണ്ടുവ്യവസായശാലയ്ക്കും കൊടുക്കാൻ ഉദ്ദേശമുണ്ടെങ്കിൽ കുറഞ്ഞപക്ഷം 75,000 രൂപയെങ്കിലും കൊള്ളിക്കേണ്ടതായിരുന്നു. ഈ തുക തീരെ അപര്യാപ്തമാണെന്നു എനിക്കഭിപ്രായമുണ്ടു്.

അതുപോലെതന്നെ കയർ കോവാപ്പറേറീവു് സൊസൈറ്റികൾക്കു ലോൺ കൊടുക്കുന്നതിനുവേണ്ടി 19,87,500 രൂപ കൊള്ളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

120 സംഘങ്ങളാണ് രൂപീകരിക്കുന്നതിനു ഗവണ്മെൻറ് ആദ്യം ഉദ്ദേശിച്ചിരുന്നതു്. 40 സംഘങ്ങൾകൂടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, ചിലതു രൂപീകരിച്ചുകഴിഞ്ഞുവെന്നും പറയുന്നു. ആദ്യം ഗവണ്മെൻറിന്റെ ഉദ്ദേശം ഓരോ സംഘത്തിനും മൂലധനത്തിന്റെ അഞ്ചിരട്ടി കടമായിട്ടു കൊടുക്കുക എന്നായിരുന്നു. അതു് ഇന്നു പത്തിരട്ടി ആക്കിയിട്ടുണ്ടു്. ആ സ്ഥിതിക്കും 40 സംഘങ്ങൾകൂടി അനുവദിച്ചിരിക്കുന്നതു കൊണ്ടും കൊള്ളിച്ചിരിക്കുന്ന സംഖ്യ മതിയാകയില്ലെന്നു എനിക്കഭിപ്രായമുണ്ടു്.

തീരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് പ്രധാനമായും കയർവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണം. ഇന്നു ലാഭകരമായ നിലയിൽ ഈ വ്യവസായം നടത്താൻ സാദ്ധ്യമല്ലാതാണിരിക്കുന്നതു്. നിശ്ചയിച്ചിട്ടുള്ള മിനിമം വേജസ്സു് കൊടുക്കുന്നതിനു വ്യവസായഉടമകൾക്കു സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതിയാണു് ഇന്നുള്ളതു്. മടൽതല്ലുന്ന തൊഴിലാളികൾക്കു ഇന്നു നിശ്ചയിച്ചിട്ടുള്ള മിനിമംവേജസ്സു് ഫെയർവേജസാണെന്നു ഞാൻ കരുതുന്നില്ല. അതേ സമയത്തു ചില സ്ഥാനങ്ങളിൽ കൂടുതൽ കൂലി നിശ്ചയിച്ചിട്ടുമുണ്ടു്. മടൽ മൂടുന്ന തൊഴിലാളികൾക്കു് കൂലി കൂടുതലാണു്. നാലും അഞ്ചും രൂപ ദിവസം മടൽ മൂടുന്ന തൊഴിലാളികൾക്കു് കൂലി കിട്ടുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ഒരു സ്പീക്കർ ഉണ്ടു്. ഒരു ഡെപ്യൂട്ടിസ്പീക്കറുണ്ടു്. പിന്നെ പാനൽ ഓഫ് ചെയർമാൻമാരായി രണ്ടുപേരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടു്. നാമനിർദ്ദേശം ചെയ്ത ലിസ്റ്റിൽ ആദ്യത്തെ ആൾ ശ്രീ. പി. എസ്സു് നടരാജപിള്ളയാണു്. രണ്ടാമത്തെ ആളാണ് അങ്ങു്. ആദ്യത്തെ ആളായ ശ്രീ. നടരാജപിള്ള താഴെ ഇരിക്കുമ്പോൾ, അങ്ങു മുകളിൽ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നതു ശരിയാണോ?

[11 A. M.]

SHRI P. S. NATARAJA PILLAI: Sir, on that point I wish to say something. There is no senior or junior rank when a panel is nominated. Any one from among the panel is entitled to be in the Chair. As a matter of fact, when the Deputy Speaker thought that he must take some rest, naturally he called one of the panel of chairmen who was available in the House. I am surprised that a man with so much of parliamentary experience as my friend Mr. Chazhikattu Joseph had the courage to raise that point of order.

*Chairman* (SHRI A. A. D. LUIZ): The Speaker or the Deputy Speaker has got the right to call any one of the panel of Chairmen to be in the Chair. I would refer you to he Rules of Procedure.

LIBRARY ARCHIVES Kerala Legislative Assembly

SHRI CHAZHIKATTU JOSEPH: So, you are in the proper place?

*Chairman* (SHRI A. A. D. LUIZ): Yes. Order, order. The discussion will continue.

ശ്രീ. പ്രാക്കുളം ഭാസി : തൊണ്ട മുട്ടുന്ന തൊഴിലാളികൾക്ക് കൂലി കൂട്ടുതലാണെന്നു പറഞ്ഞു. അതിൽ കൂടുതൽ അജ്ഞാനമുണ്ടെന്നറിയാമോ ?

ശ്രീ. കെ. സി. എബ്രഹാം : അജ്ഞാനമുണ്ടായിരിക്കും. മടൽ എണ്ണുന്നതിനു കൂലി നിശ്ചയിച്ചിരിക്കുന്നതു് തെറ്റാണു്. മടൽ മൂടുന്ന ആൾ മടൽ എണ്ണുന്നില്ല. എണ്ണേണ്ട ആവശ്യവുമില്ല.

കയർവ്യവസായം പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെൻറ് ആവിഷ്കരിക്കണം. ഇന്നു കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ വിഷമിക്കുകയാണു്. അതുകൊണ്ടു കയർസൊസൈറ്റികൾക്കു് കൂടുതൽ ഗ്രാൻറുകൊടുക്കണമെന്നാണു് ഞാനാവശ്യപ്പെട്ടതു്.

സപ്ലിമെൻററി ഡിമാൻഡിൽ വാട്ടർവക്ക്സു് ആൻഡ് ഡ്രെയിനേജിനു് 1,55,000 രൂപ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. എറണാകുളം, മട്ടാഞ്ചേരി, കൊല്ലം, തൃശ്ശൂർ മുതലായ ചില പട്ടണങ്ങളിലെ പണികൾക്കായി കണക്കാക്കിയിട്ടുള്ള തുകയാണിതു്. ഭാഗ്യവാന്മാരായ പട്ടണവാസികളോടു എനിക്കു അസൂയയില്ല. കൊല്ലത്തിൽ ഏഴു മാസവും ഉപ്പുരസമുള്ള വെള്ളം കുടിച്ചുജീവിക്കുന്നവരാണു് എൻെറ നാട്ടിലുള്ളവർ. ധനകാര്യമന്ത്രിയുടെ ബഡ്ജറ്റവതരണപ്രസംഗത്തിൽ, ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലവിതരണപദ്ധതി നടപ്പാക്കുമെന്നും അതിനു വൈപ്പിൻകരയിൽ കുഴൽക്കിണറുകൾ കുഴിക്കുമെന്നും ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി. വൈപ്പിൻകരയിൽ കിണർ കുഴിപ്പിക്കേണ്ട ആവശ്യമില്ല. അവിടെ കിണർ ധാരാളമുണ്ടു്. കുടിക്കാൻ ശുദ്ധജലമാണാവശ്യം. കിണർ കുഴിപ്പിച്ചു അവിടെ വെള്ളം തരുവാൻ സാദ്ധ്യമല്ല.

ശ്രീ. ടി. ഐ. വേലായുധൻ : കുഴൽക്കിണർ വേണമെന്നുള്ളതു് ആദ്യത്തെ ഒരു പദ്ധതിയായിരുന്നു. അതനുസരിച്ചാണു് ഇന്നലെ പറഞ്ഞതു്. അവിടെ പൈപ്പു സ്ഥാപിക്കാനുള്ള സാദ്ധ്യതയെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. സി. എബ്രഹാം : ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പു് ഞാൻ വിശ്വസിക്കുകയാണു്.

സിവിൽവക്ക്സിനു 30,59,000 രൂപ കൊള്ളിച്ചിരിക്കുന്നതായി കാണുന്നു. അതിൽ റോഡു് സർഫസിംഗിനു് 13,59,000 രൂപയും, റോഡ് ഡവലപ്പുമെൻറഫണ്ടുവക്ക്സിനു് 1,70,000 രൂപയുംആണു് കൊള്ളിച്ചിരിക്കുന്നതു്. റോഡുസൗകര്യം തീരെ ഇല്ലാത്ത പ്രദേശങ്ങൾ എൻെറ നിയോജകമണ്ഡലത്തിലും ഉണ്ടു്. ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. റോഡിൻെറ സൗകര്യമില്ലെന്നു ചൂണ്ടിക്കാണിക്കാത്തതുകൊണ്ടല്ല, എന്തോ കാരണവശാൽ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇക്കാര്യം ഇതുവരെ പതിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ മന്ത്രിയുടെ ശ്രദ്ധ പതിയുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ചാത്തൻ : സർ, ഈ ഉപധനാഭ്യർത്ഥനയെപ്പറ്റി ചർച്ചചെയ്യുന്ന അവസരത്തിൽ റൂറൽ ഡവലപ്മെൻറ് എന്ന
11 A. M.] ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന തുകയെ പരാമർശിച്ച് എനിക്ക് ഏതാനും ചില വസ്തുതകൾ ഈ സഭയുടെയും, ഗവണ്മെൻറിന്റെയും ശ്രദ്ധയിൽപ്പെടുത്തണമെന്നാഗ്രഹമുണ്ട്. നമ്മുടെ പഞ്ചായത്തുകൾ അതിന്റെ ഭരണം ഏതാനും കാലമായി തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും ജനങ്ങളുടെ ആശയ്ക്കും ആവേശത്തിനും അനുസരണമായി കാര്യങ്ങൾ മുന്നോട്ട് നീങ്ങുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. പഞ്ചായത്തുകൾ പുനസ്സംഘടിപ്പിക്കുകയും, അങ്ങനെ അവശരാക്കപ്പെട്ടിരുന്ന നാട്ടിൻപുറങ്ങളെ ഒരു പുതിയ രീതിയിൽ അവരുടെ ആവശ്യങ്ങളും ആവലാതികളും അവരുടെതന്നെ നേതൃത്വത്തിൽ നിവൃത്തിക്കത്തക്കവിധം സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റുകയും ചെയ്തതു വാസ്തവത്തിൽ എന്തെന്നില്ലാത്ത ഒരാവേശവും ആശയും സാമാന്യജനങ്ങളുടെ ഇടയിൽ വളർത്തുകതന്നെ ചെയ്തു. എന്നാൽ ഈ ഡിപ്പാർട്ട്മെൻറിന്റെ ഭരണം ഇതുവരെയും ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് നീങ്ങുന്നുണ്ടോ എന്നു പരിശോധിച്ചാൽ എത്രയും നിരാശാജനകമായ അനുഭവമാണു നമുക്കുണ്ടാകുക. ഇപ്പോൾ രണ്ടുമൂന്നു കൊല്ലത്തെ പഞ്ചായത്തുഭരണം കഴിഞ്ഞിരിക്കുന്ന ഈ കാലയളവിൽ നമ്മുടെ നാട്ടിൻപുറങ്ങളിലിറങ്ങി പരിശോധിച്ചാൽ, പലതും ചെയ്യാതെ ശേഷിക്കുന്നതായിട്ടുമാത്രം കാണാൻ കഴിയുന്നതാണ്. നാട്ടുനവോന്മേഷപ്രവർത്തനങ്ങൾക്കുവേണ്ടി പലതും ചെയ്യാനുള്ള താൽപ്പര്യം പഞ്ചായത്തുപ്രവർത്തകർക്കുണ്ടായിരുന്നാലും അവരുടെ പ്രവർത്തനങ്ങൾക്കു തടസ്സമുണ്ടാക്കുന്ന ആകർഷകം, വകുപ്പുകളും അവരെ നിയന്ത്രിക്കുന്നതായി കാണാവുന്നതാണ്. ഞാൻ ഇതു അനുഭവങ്ങളിൽനിന്നും പറയുന്നതാണ്. പഞ്ചവത്സരപദ്ധതിയുടെ പേരിൽ പഞ്ചായത്തുകളിൽ ലക്ഷക്കണക്കിനും, കോടിക്കണക്കിനും രൂപ ചെലവാക്കി ഗവണ്മെൻറിൽനിന്നും ഈ സംസ്ഥാനത്തു പല വികസനപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെന്നു പറയുന്നു. ഡവലപ്മെൻറിനത്തിലും മൈനർ ഇറിഗേഷൻ ഇനത്തിലും പഞ്ചായത്തുഫണ്ടിൽ പ്രത്യേകം തുകകൾ എടുത്തു കഴിയുന്നതും പ്രാദേശികാവശ്യങ്ങൾ നിവൃത്തിക്കുന്നതിനു, തോടുകളും, റോഡുകളും, പാലങ്ങളും ശരിപ്പെടുത്തുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും, സൗകര്യങ്ങളും പഞ്ചായത്തുകൾക്കുണ്ടെന്നാണു ഗവണ്മെൻറ് പറയുക. പക്ഷെ, ആ മാതിരിയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു നിലവിലിരിക്കുന്ന പഞ്ചായത്തു ആക്ടും, നിയന്ത്രണങ്ങളും അങ്ങേയറ്റം പ്രവർത്തനവൈഷമ്യം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണെന്നുള്ളതു അനുഭവസത്യമാണ്. പഞ്ചായത്തു ആഫീസുകളിലാണെങ്കിൽ ആവശ്യമുള്ള സാങ്കേതിക ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല. പൊതുവെ നോക്കുമ്പോൾ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രയോജനം തികച്ചും സാമാന്യജനങ്ങൾക്കു ലഭിക്കുന്നതിനു ഗവണ്മെൻറ് അങ്ങേയറ്റം അലസമനോഭാവമാണു പ്രദർശിപ്പിക്കുന്നതു്. പ്രാദേശികാവശ്യങ്ങൾക്കുവേണ്ടി വലിയ തുകകൾ ബഡ്ജറ്റിൽ കൊള്ളിക്കുന്നുണ്ടെങ്കിലും, നാട്ടുകാർ ഒരു തോടിനുവേണ്ടിയും, റോഡിനുവേണ്ടിയും ഇന്നും മുറവിളികൂട്ടണമെന്ന നിലയാണു കണ്ടുവരുന്നതു്. പഞ്ചായത്തു ഭരണം ആരംഭിച്ചിട്ടു, ജനങ്ങളുടെ കയ്യിലേയ്ക്കു പ്രാദേശികഭരണം കൈമാറിയിട്ടു രണ്ടുമൂന്നു വർഷമായെങ്കിലും കാര്യമായ പുരോഗതി ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. 1954-55 സാമ്പത്തികവർഷത്തിൽ ചെലവഴിക്കാൻ നീക്കിവച്ചിട്ടുള്ള തുക ഇനിയും ചെലവഴിച്ചിട്ടില്ല. ഡവലപ്മെൻറ് ഇനത്തിൽ പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. ചാത്തൻ]

യുക്തകർമ്മത്തിനുവേണ്ടി 1955-56 വർഷത്തിൽ നടത്തേണ്ട പണികളുടെ ലിസ്റ്റ് അയയ്ക്കേണ്ടതില്ലെന്നു ഗവണ്മെൻറിൽനിന്നും കല്പന പഞ്ചായത്തുകളിലേയ്ക്കു അയച്ചിട്ടു ആഴ്ചകൾ അധികമായിട്ടില്ല.

SHRI N. NARAYANA KURUP: Sir, I rise to a point of order. Rule 79 Says :—

"On the day on which any motion referred to in Rule 78 is made, or on any subsequent day to which the discussion thereof is postponed, the principle of the Bill and the provisions may be discussed generally but the details of the Bill must not be discussed further than is necessary to explain the principles."

*Chairman* (SHRI A. A. D. Luiz): The speech is in order.

ശ്രീ. പി. കെ. ചാത്തൻ: സർ, ഞാൻ, ഇന്നു പഞ്ചായത്തു പ്രവർത്തനങ്ങൾ വേണ്ടവിധം നടക്കാത്തതിനുള്ള കാരണങ്ങൾ സ്വന്തം അനുഭവങ്ങളിൽനിന്നും ഈ സഭയുടെയും, ഗവണ്മെൻറിന്റെയും, രാജ്യത്തിന്റെയും മുൻപാകെ വയ്ക്കാൻ തുടങ്ങിയ ഘട്ടത്തിൽ ഇങ്ങനെ വിഷമം ഉണ്ടാക്കുന്നതു ഖേദകരമാണ്.

സർ, ഗവണ്മെൻറിനു സദുദ്ദേശമുണ്ടെങ്കിലും, ഇന്നു പഞ്ചായത്തു കാര്യങ്ങൾ നടക്കുന്നതിൽ വളരെ കുഴപ്പങ്ങൾ ഉണ്ടെന്നും അതു പരിഹരിക്കേണ്ടതു ഗവണ്മെൻറിന്റെ ഉദ്ദേശസാധ്യത്തിനു് ആവശ്യമാണെന്നും, എത്രയുംവേഗം ആ കാര്യങ്ങൾ നിവൃത്തിക്കപ്പെടണമെന്നും അറിയിക്കുവാൻ ഈവക കാര്യങ്ങൾ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ഡവലപ്മെൻറ് പ്രവർത്തികൾ നടക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിനു പണം വേണ്ടവിധം വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെ വലിയ പല പദ്ധതികൾക്കും പണം അനുവദിപ്പിച്ചും, നല്ല കാര്യങ്ങൾ പലതും ചെയ്യാനുള്ള അധികാരം പാസാക്കിയെടുത്തും ജനങ്ങൾക്കുവേണ്ടി പലതും ചെയ്യാൻ ഗവണ്മെൻറ് സന്നദ്ധത കാണിക്കുന്നുണ്ടെങ്കിലും അനുഭവത്തിൽ അതിന്റെ ഫലം പൂർണ്ണമായും ലഭിക്കുന്നില്ലെന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സർ, 1955-56 വർഷത്തിലേയ്ക്കു ഒരു പണിയും വേണ്ടെന്നു വയ്ക്കാൻ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല.

SHRI N. NARAYANA KURUP: Sir, I rise to another point of order. The discussion on Appropriation Bill is governed by Rule 155. Sub-clause (6) of that Rule reads thus:-

"If an Appropriation Bill is in pursuance of a supplementary grant in respect of an existing service the discussion shall be confined to the items constituting the same and no

LIBRARY ARCHIVES Kerala Legislative Assembly

discussion shall be raised on the original grant or the policy underlying it save in so far as may be necessary to explain or illustrate a particular item under discussion."

SHRI K. C. GEORGE: Sir, I rise to a point of order on that point of order.....

*Chairman* (SHRI A. A. D. LUIZ): I have already ruled that the Member is within his rights.

ശ്രീ. പി. കെ. ചാത്തൻ: സർ, ഡിമാൻഡ് നമ്പർ 21 മുതലുള്ള പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനു സംഖ്യ ആവശ്യപ്പെട്ടുകൊണ്ടു വന്നിട്ടുള്ള ഡിമാൻഡുകളുടെ പരിധിയിൽനിന്നും തെറ്റാതെ ചില കാര്യങ്ങൾ പറയുകയാണ്.

*Chairman* (SHRI A. A. D. LUIZ): I would request the hon. Member to curtail his speech because there are many more anxious to speak.

ശ്രീ. പി. കെ. ചാത്തൻ: സർ, ഈ ചർച്ചയിൽ പഞ്ചായത്തുകൂടി ഉൾപ്പെടുന്നതുകൊണ്ടാണ് ഞാൻ അതിനെപ്പറ്റി പറഞ്ഞതു്.

അതുകൊണ്ടു് ഈ മാതിരിയുള്ള വിഷമങ്ങൾക്കു പരിഹാരം ഉണ്ടാകേണ്ടതാണു്. പഞ്ചായത്തുകളിൽ ശരിയായി പ്രവർത്തനം നടക്കണമെങ്കിൽ അവിടെ ആവശ്യമുള്ള ടെക്നിക്കൽ സ്റ്റാഫ് അത്യന്താപേക്ഷിതമാണു്. 1954-55-ൽ തീരേണ്ട പദ്ധതികൾ ഇതുവരെ തീർക്കാതെ കിടക്കുന്നതു് അതുകൊണ്ടാണു്. ഓരോ പഞ്ചായത്തിലും ഈ മാതിരി ടെക്നിക്കൽ സ്റ്റാഫിനെ നിയമിച്ചാലും അധികമാകുന്നതല്ല. വിശേഷിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിപ്രകാരം ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള പണികൾ പെട്ടെന്നു തീർക്കേണ്ടതായിട്ടുണ്ടു്. അതുകൊണ്ടു് എത്രയും വേഗത്തിൽ ടെക്നിക്കൽ സ്റ്റാഫിന്റെ നിയമനം നടത്തുന്നതു് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ സഹായിക്കും. ഒരു പക്ഷെ, നമുക്കാവശ്യമുള്ളത്ര വിദഗ്ദ്ധന്മാർ കിട്ടിയില്ലെന്നു വരാം. ആ കുറവു പരിഹരിക്കുന്നതിനു കുറെ ആളുകളെ പഠിപ്പിച്ചെടുക്കുന്നതിനു കൂടി വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണു്.

പഞ്ചായത്താക്ടർമാർ കൃഷിക്കാർ മുതലായവരുടെ പല കാര്യങ്ങളും നടത്തിക്കൊണ്ടുപോകാൻ പഞ്ചായത്തുകൾക്കു അധികാരമില്ലാതിരിക്കുകയാണു്. ഇതിനുവേണ്ടി എത്രയോ കാലമായി ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നു. എന്നിട്ടും മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളേയും കൂട്ടിച്ചേർത്തുള്ള ഒരു നിയമം പാസ്സാക്കുന്ന ഘട്ടത്തിലും അതിനെപ്പറ്റി ആലോചിക്കാതിരുന്നതു സങ്കടകരമാണു്. ഈ സ്ഥാപനങ്ങളുടെ ഭരണം നടത്താൻ ഇപ്പോൾ ഗവണ്മെൻറു ചില നിയമനങ്ങൾ നടത്തിയതായി ഗവണ്മെൻറു പ്രഖ്യാപനത്തിൽ നിന്നു കാണുന്നു. എത്രയും ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുകയുണ്ടായി. ഇതിനെസംബന്ധിച്ചും എനിക്കു ചില വസ്തുതകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിലേയ്ക്കു വിഷയീഭവിപ്പിക്കേണ്ടതായുണ്ടു്. ഏകദേശം 550 പഞ്ചായത്തുകൾ ഇവിടെയുണ്ടു്. രണ്ടുമൂന്നു കൊല്ലത്തിനു മുമ്പാണു് ഇവയുടെ പ്രവർത്തനം തുടങ്ങിയതു്. ഇവയെ ഈ രൂപത്തിലെങ്കിലും ആക്കിത്തീർക്കാനും പ്രവൃത്തി ചെയ്യിക്കാനും വളരെ ക്ലേശം സഹിച്ചു മുന്നാലു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ പി. കെ. ചാത്തൻ]

അസിസ്റ്റൻറ ഡയറക്ടറന്മാർ ഉണ്ട്. എത്രയോ വിഷമതകളും സഹിച്ചു അവർ പ്രവർത്തിച്ചുവരുകയാണ്. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെപ്പറ്റി ആക്ഷേപം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ഒന്നുവേറെയാണ്. ഇവരുടെ കുറ്റം ആ വിഷയത്തിൽ ഇല്ല. ഈ രണ്ടുമൂന്നു കൊല്ലങ്ങളായി തിരക്കേറിയ ജോലികളാണ് അവർ ചെയ്തുകൊണ്ടിരുന്നത്. പക്ഷെ നിയമനം നടത്തിയപ്പോൾ ഇവരിൽ രണ്ടുപേരെ മാത്രം ഡെപ്യൂട്ടി ഡയറക്ടറായി നിയമിക്കുകയും മറ്റുള്ളവരെ പുറംതള്ളുകയും ചെയ്തതെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഡയറക്ടറുടെ ശമ്പളം 500-800 രൂപയാണ്. ഡെപ്യൂട്ടി ഡയറക്ടറുടെ ശമ്പളം 400-600 രൂപയാണ്. ഒരു ഡെപ്യൂട്ടി ഡയറക്ടർ 600 രൂ. ശമ്പളം വാങ്ങുമ്പോൾ, ഡയറക്ടറുടെ ഒഴിവുവന്നാൽ ഒരു പുതിയ നിയമനം നടത്തുകയാണെങ്കിൽ 500 രൂ. യിലാണതുണ്ടാകുക. ഇവിടെ 500 രൂ. ശമ്പളം വാങ്ങുന്ന ഡയറക്ടർ 600 രൂപ ശമ്പളം വാങ്ങുന്ന ഡെപ്യൂട്ടി ഡയറക്ടറെ നയിക്കണം. അതു കാര്യക്ഷമതയ്ക്കു ഹാനികരമായിരിക്കുകയില്ലേ എന്നു ഗവണ്മെൻറ് അവധാനപൂർവ്വം ചിന്തിക്കേണ്ടതാണ്.

അതുകൊണ്ടു പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി കൂടുതൽ സ്റ്റാഫിനെ ഏർപ്പെടുത്തുകയും പഞ്ചായത്തു അസിസ്റ്റൻറ് ഡയറക്ടറന്മാർ ആയിരുന്ന നാലുപേരേയും ഇന്നു നിശ്ചയിച്ചിട്ടുള്ള ശമ്പളത്തോതിൽത്തന്നെ ഡെപ്യൂട്ടിഡയറക്ടറന്മാരായി നിയമിക്കുകയും മുൻസിപ്പാലിറ്റികളും കൂടി കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ടു ഇന്നത്തെ ഡയറക്ടറുടെ ശ്രദ്ധ പൂർണ്ണമായി പഞ്ചായത്തിൽ പതിയാതിരിക്കുവാൻ ഇടവരാതെ സൂക്ഷിക്കുകയും, ഇന്നു പൂർണ്ണമാകാതെ കിടപ്പുള്ള പണികളെല്ലാം കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുന്നതിനവേണ്ട നടപടികളും നടത്തുകയും ചെയ്യുന്നതിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എം. എ. ജോൺ : സർ, ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ടു ഒന്നുരണ്ടു കാര്യങ്ങളും പറയാൻ ഞാനാഗ്രഹിക്കുന്നു. ഒന്നാമതായി എനിക്കു പറയുവാനുള്ളതു് റവന്യൂ വകുപ്പിൽ പൊന്നുംവിലയ്ക്കു സ്ഥലമെടുക്കുന്നതിനുള്ള കാലതാമസത്തെപ്പറ്റിയാണ്. പബ്ലിക്കു വർക്സു് ഡിപ്പാർട്ടുമെൻറിനേയും വില്ലേജു പഞ്ചായത്തുകളിലേയും പൊന്നുംവിലയ്ക്കു് സ്ഥലമെടുക്കുന്നതു സംബന്ധിച്ചുള്ള നടപടികളുടെ കാലതാമസംകൊണ്ടു അവയുടെ പ്രവർത്തനം ഉദ്ദേശിക്കുന്നതുപോലെ മുമ്പോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുന്നു. തിരുവിതാംകൂറിൽ പൊന്നുംവിലയ്ക്കു് ഒരു സ്ഥലമെടുക്കുന്നതിനു വളരെയധികം പ്രയാസവും കാലതാമസവുമുണ്ടു്. പൊതുമരാമത്തുവേലകൾക്കായി, അതായതു് റോഡുകൾക്കും മറ്റുമായി ബഡ്ജറ്റിൽ ധാരാളം സംഖ്യ അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥലം കിട്ടാത്തതുകൊണ്ടു അതു ചെലവാക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതിയാണു് ഇന്നുള്ളതു്. എൻറെ നിയോജകമണ്ഡലത്തിൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നു് ഒരു പാലം പണിതീർത്തിട്ടു് രണ്ടുമൂന്നുമാസമായെങ്കിലും ഇരുവശവുമുള്ള റോഡിനു് സ്ഥലമെടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ആ ജോലി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. ഇതു്

LIBRARY ARCHIVES Kerala Legislative Assembly

ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കുറവുകൊണ്ടു് ഉണ്ടാകുന്ന കാല താമസമാണു്. പി. ഡബ്ലിയു. ഡി പ്പാർട്ടുമെന്റിൽത്തന്നെ, ഓരോ ഡിവിഷന്റേയും ആവശ്യത്തിലേയ്ക്കും ലാന്റ് അക്വയർ ചെയ്യുന്നതിനാവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുന്നപക്ഷം അതു സംബന്ധിച്ചുള്ള നടപടികൾ വളരെ വേഗത്തിൽ ചെയ്തുതീർക്കാവുന്നതാണു്. ഇതിനെ സംബന്ധിച്ചു പലപ്പോഴും ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഗവണ്മെന്റു യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ഇറിഗേഷൻ പ്രോജക്റ്റു് ഏരിയാകളിൽ പൊന്നുംവിലയ്ക്കുള്ള സ്ഥലമെടുക്കുന്നതിനു പ്രത്യേകം സ്റ്റാഫിനെ ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ടു് അവിടത്തെ ജോലികൾ ഭംഗിയായി പുരോഗമിക്കുന്നുണ്ടു്. അതുപോലെ പി. ഡബ്ലിയു. ഡി. യിൽ ഇതിലേയ്ക്കു പ്രത്യേകം സ്റ്റാഫിനെ നിയമിക്കേണ്ടതാണു്.

സർ, ഇവിടെ ലിഫ്റ്റു് ഇറിഗേഷൻ തുടങ്ങിയതു 1948-ൽ ആണു്. ഇതു സംബന്ധിച്ചു് എടുത്തിട്ടുള്ള സ്ഥലങ്ങൾക്കു പൊന്നുംവില ഇതുവരെ കൊടുത്തുകഴിഞ്ഞിട്ടില്ല. പറവൂർ, കുന്നത്തുനാടു് മുതലായ താലൂക്കുകളിൽ ഇനിയും പൊന്നുംവില തിട്ടപ്പെടുത്തിക്കൊടുത്തിട്ടില്ല. അക്കാര്യത്തിലും ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണം. ലിഫ്റ്റു് ഇറിഗേഷൻ ഏരിയാകളിൽ വെള്ളം കിട്ടാത്തവരും, വെള്ളം കിട്ടാനുള്ള സൗകര്യമില്ലാത്തവരും, വെള്ളക്കരം കൊടുക്കേണ്ടിവരുന്നതു് വലിയ അനീതിയാണു്. അതുകൊണ്ടു് അങ്ങനെയുള്ളവരെ വെള്ളക്കരത്തിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കേണ്ടതാണു്.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾ വെട്ടിയിട്ടുള്ള ചില റോഡുകൾ ഗവണ്മെന്റിൽനിന്നു് ഏറ്റെടുത്തിട്ടുണ്ടെങ്കിലും കൊല്ലം തോറുമുള്ള അതിന്റെ മെയിന്റനൻസു് നടത്തുന്നതിനു ഗവണ്മെന്റു് ഒരു തുകയും ഇപ്പോൾ ചെലവാക്കുന്നില്ല. ഇവിടെ നാട്ടുകാർ വെട്ടിയുണ്ടാക്കുന്ന റോഡുകൾ ഗവണ്മെന്റു് ഏറ്റെടുത്തു അറ്റകുറ്റപ്പണികളായ പാലങ്ങളും കലുങ്കുകളും ഒന്നും ഉണ്ടാക്കാറില്ല. മെയിന്റനൻസു് നടത്താതേയും ആണു് ഇരിക്കുന്നതു്. അങ്ങനെയുള്ള റോഡുകൾ അനവധിയുണ്ടു്. അതുകൊണ്ടു അത്തരം റോഡുകൾ മെയിന്റയിൻ ചെയ്യുന്നതിനാവശ്യമായ ആനുവൽ ഗ്രാന്റു കൊടുക്കുന്നതിനും ഗവണ്മെന്റു പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും അതിർത്തികളിൽ മുമ്പു ചുങ്കം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സംയോജനത്തിനുശേഷം ആ ഏർപ്പാടു നിറുത്തുകയും അതിനുവേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ നിരുപയോഗമായി ജീർണ്ണിച്ചുതുടങ്ങിയിരിക്കുകയും ആണു്. ഇന്നു് അവ കഴിഞ്ഞുപോയ ഏതോ ഒരു ഭയങ്കര സംഭവത്തിന്റെ സ്മാരകമായി നിലകൊള്ളുകയാണു്. ഇങ്ങനെ ജനങ്ങൾക്കോ ഗവണ്മെന്റിനോ ഉപയോഗമില്ലാതെ നശിച്ചുപോകുന്ന ഈ കെട്ടിടങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു് ഒരു തീരുമാനം ചെയ്യേണ്ടതാണു്. ഒന്നുകിൽ ഈ കെട്ടിടങ്ങൾ ഗവണ്മെന്റു് ലേലംചെയ്യുകയോ, അല്ലാത്തപക്ഷം അതാതു പഞ്ചായത്തുകളെ ഏൽപ്പിക്കുകയോ ചെയ്യണം.

സർ, ഫാറസ്റ്റു ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും എനിക്കു ഒരു വാക്കു പറയാനുണ്ടു് കൊച്ചിയിൽ വ്യക്തികൾക്കു അവരുടെ സ്വന്തമായ പറമ്പുകളിൽ വച്ചുപിടിപ്പിക്കുന്ന തേക്കു്, ഈട്ടി മുതലായ വൃക്ഷങ്ങൾ അവരുടെ സ്വന്തം ആവശ്യത്തിലേയ്ക്കു വെട്ടി എടുക്കുന്നതിനു



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. ജോൺ]

യാതൊരു തടസ്സവുമില്ല. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി അതല്ല. തിരുവിതാംകൂറിൽ അന്നെ മെയിൻ സെൻട്രൽ റോഡിനു പടിഞ്ഞാറുവശത്തുള്ള പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഇതു സംബന്ധിച്ചുള്ള റൂളിനു അയവു വരുത്തിയിട്ടുണ്ട്. അവിടെ ഈ വക വൃക്ഷങ്ങൾ വെട്ടിക്കളയുന്നതിനു വ്യക്തികൾക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ മെയിൻ സെൻട്രൽ റോഡിനു കിഴക്കുവശത്തുള്ള പ്രദേശങ്ങളിൽ അതിനുള്ള സ്വാതന്ത്ര്യമില്ല. ഇങ്ങനെ രണ്ടു തരത്തിലുള്ള റൂളുകൾ നിലവിലുള്ള ഒരു രാജ്യമാണ് ഇതു്. ഇതിനു ഒരു ഏകീകരണം വരുത്തുവാൻ ഞാൻ അപേക്ഷിക്കുന്നു. ജനങ്ങൾ സ്വന്തമായി നട്ടുവളർത്തുന്ന വൃക്ഷങ്ങൾ വെട്ടിയെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നതുകൊണ്ടു എന്തു ദുരക്കേടാണു സംഭവിക്കുന്നതു്? അതുകൊണ്ടു അതിനുള്ള സ്വാതന്ത്ര്യം മെയിൻ സെൻട്രൽ റോഡിനു കിഴക്കുവശത്തുള്ളവർക്കുകൂടി കൊടുക്കണമെന്നു ഞാനപേക്ഷിക്കുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും ഒരു വാക്കു പറയാനുണ്ട്. കമ്മ്യൂണിറ്റി പ്രോജക്ടുകൾ എരിയകളിൽ ഹെൽത്തു സെന്ററുകൾ ഴ്സുണ്ട്. അവിടെ ആവശ്യത്തിനുള്ള സ്റ്റാഫില്ല. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള അനുവാദമില്ല. ഓരോ സെൻററിലും പത്തോ, പന്ത്രണ്ടോ രോഗികളെ കിടത്തുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവക്കു ക്ഷണം കൊടുക്കുന്നതിനുള്ള ഏർപ്പാടുകളോ നെഴ്സുകളെ ഏർപ്പെടുത്തി അവരെ നോക്കുന്നതിനുള്ള ഏർപ്പാടുകളോ യാതൊന്നും ചെയ്തിട്ടില്ല. അങ്ങനെ പല കാര്യങ്ങളും അവിടെ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. ഈ സെൻററുകൾ സ്ഥാപിച്ചിട്ടു അഞ്ചോ, എട്ടോ മാസങ്ങളായിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനം നടത്തുന്നതിനുള്ള സകലവിധ ആനുകൂല്യങ്ങളും ഇതേവരെ ചെയ്തുകൊടുത്തിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റു ഈ വിഷയത്തിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. അതുപോലെതന്നെ ഓരോ പഞ്ചായത്തിലോരോ ആയുർവേദ ഡിസ്പെൻസറിയെങ്കിലും ഏർപ്പെടുത്തുവാനാവശ്യമായ നടപടികളും എടുക്കേണ്ടതാണ്.

സർ, വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചും ഒരു കാര്യം എനിക്കു പറയുവാനുണ്ട്. പ്രൈവറ്റു പ്രൈമറിസ്കൂളുകളിൽ ഷിഫ്റ്റു സിസ്റ്റം ഏർപ്പെടുത്തിയതുമൂലം അനവധി അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്. അവരെ എല്ലാവരേയും നിയമിച്ചുകഴിഞ്ഞു എന്ന ഒരു തെറ്റായ ധാരണ ഇന്നുണ്ട്. എന്നാൽ അവരിൽ പലരും ഇന്നും ജോലികിട്ടാതെ അലഞ്ഞു നടക്കുന്നുണ്ട്. അവരെ നിയമിക്കാൻ ഞാൻതന്നെ പല പ്രാവശ്യവും ഡിപ്പാർട്ടുമെന്റിന്റെ മുമ്പാകെ നിവേദനങ്ങളും നടത്തിയിട്ടുണ്ടെങ്കിലും ഇന്നും അതു സഫലമായിട്ടില്ല. ചില സാങ്കേതിക തടസ്സംകൊണ്ടു അവരെ എടുക്കാൻ സാധ്യമല്ലെന്നാണു ഡിപ്പാർട്ടുമെന്റു പറയുന്നതു്. അദ്ധ്യാപകന്മാരുടെ കാറുംകൊണ്ടല്ല ഷിഫ്റ്റു സമ്പ്രദായം ഏർപ്പെടുത്തിയതു മൂലമാണു് അവരെ പിരിച്ചുവിടേണ്ടിവന്നതു്. പട്ടിണിയിലും ദുരിതത്തിലും കഴിയുന്ന അവരെ, ഗവണ്മെന്റു സർവ്വീസിലേയ്ക്കു് എടുക്കുന്നതിനു എന്തെങ്കിലും അസൗകര്യം ഉണ്ടെങ്കിൽ, അതെല്ലാം മാറ്റി അവരേക്കൊണ്ടു നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു മി. ചാത്തൻ പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു പലപ്പോഴും ഞാനും പറഞ്ഞിട്ടുള്ളതാണു്. അവിടെ ടെക്നിക്കൽ സ്റ്റാഫ് പോരാ. ആവശ്യമായ സ്റ്റാഫിനെ ഉടൻ നിയമിച്ചു് പഞ്ചായത്തു പ്രവർത്തനം പരിതപ്പെടുത്തേണ്ടതാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനുവേണ്ടിയാണു ഈ ഡിമാൻറ് കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. എം. എ. ജോൺ : ശ്രീ. ചാത്തൻ പറഞ്ഞതുപോലെ പഞ്ചായത്തു പ്രവർത്തനങ്ങളിൽ കാലതാമസം വരാത്തവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണു്. മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഒരു ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്റെ കീഴിലാക്കുന്നതുകൊണ്ടു പഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിനു് വിഘാതം ഉണ്ടാക്കരുതു്. അതുകൊണ്ടു മുനിസിപ്പാലിറ്റികളുടെ ഭരണം നേരിട്ടു് ഡയറക്ടറുടെ കീഴിലാക്കുകയും, ഡെപ്യൂട്ടി ഡയറക്ടറന്മാരുടെ ഭരണം പഞ്ചായത്തുകളെ സംബന്ധിച്ചു മാത്രമായി ക്രിപ്പ്പ്പെടുത്തുകയും ചെയ്യുക. ഇങ്ങിനെ ചെയ്താൽ മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും ഭരണം സുഗമമായി നടത്തിക്കൊണ്ടു പോകാൻ സാധിക്കും. മേല്പറഞ്ഞ കാര്യങ്ങളിൽ ഗവണ്മെൻറിന്റെ അടിയന്തിരശ്രദ്ധ പതിയണമെന്നു അപേക്ഷിക്കുന്നു.

SHRI PANAMPILLI GOVINDA MENON: I have one submission to make, Sir. In order that the debate may be useful, if any Member wants to speak further about Panchayats, that may be left, so that the Minister would place before the House the Government's views.

ശ്രീ. ടി. കെ. ദിവാകരൻ : മറ്റു പല സബ്ജറ്റുകളെപ്പറ്റിയും സംസാരിക്കാനുണ്ടായിരിക്കെ പഞ്ചായത്തിനെയും മരച്ചീനിയെയുംപറ്റി മാത്രം സംസാരിച്ചു സമയം കളയരുതെന്നു് എനിക്കൊരു അപേക്ഷയുണ്ടു് സർ.

SHRI PANAMPILLI GOVINDA MENON : No. That may be closed now. That is what I mean.

ശ്രീ. കെ. സി. ജോർജ്ജ് : വകുപ്പു മന്ത്രിയുടെ മറുപടി കഴിഞ്ഞാൽ പിന്നീടുള്ള ഇതു സംബന്ധിച്ചു സംസാരിക്കാൻ സമയം അനുവദിക്കാത്തതുകൊണ്ടു് അതിനുമുൻപു് മറ്റുള്ളവർക്കുകൂടി സൗകര്യം കൊടുക്കേണ്ടതാണു്.

SHRI PANAMPILLI GOVINDA MENON : What I am suggesting is this. If the idea is that the House should have the Government's view on that matter, then, this sort of compartmentalisation may be of help.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഓരോ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയും മെമ്പറന്മാർ പറയുന്ന ഓരോ റഫറൻസിനെപ്പറ്റിയും മന്ത്രി മറുപടി പറയുന്നതിൽ ധാരാളം സമയം എടുക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് മന്ത്രിമാർ അതിലേയ്ക്കു് ചുരുക്കിയ മറുപടികൊണ്ടു് അവസാനിപ്പിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

*Chairman* (SHRI A. A. D. LUIZ): I would like to know what the Deputy Leader of the Opposition has to say with regard to the Chief Minister's suggestion.

SHRI R. SANKARANARAYANAN TAMPI: The suggestion is partly acceptable. but compartmentalisation of discussion should not be allowed.

SHRI A. THANU PILLAI: That suggestion would be acceptable, provided we have 10 days for the discussion.

SHRI PANAMPILLI GOVINDA MENON: Then it may not be possible for the Government to cover all the suggestions.

SHRI A. THANU PILLAI: That is not expected.

SHRI PANAMPILLI GOVINDA MENON: Then, I withdraw my suggestion.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ എതിർത്തുകൊണ്ട് അവയിലെ ഒന്നുരണ്ട് ഐറ്റങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാമെന്നു വിചാരിക്കുന്നു. സർ, ഓരോ ഡിപ്പാർട്ടുമെൻറിനേയും സംബന്ധിച്ചുള്ള ഉപധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കുന്നതു കണ്ടാൽ തോന്നും, മുൻപ് ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ടായിരുന്ന തുക മുഴുവനും ചെലവാക്കുകയും പോരതെവന്നിട്ടുള്ള തുകയാണ് ഇവിടെ ഉപധനാഭ്യർത്ഥനയായി കൊണ്ടുവന്നിട്ടുള്ളതെന്നും. ഈ ബില്ലിൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൻറെ ആവശ്യത്തിലേക്കായി കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനുവേണ്ടിയാണ് ഇപ്പോൾ ധനാഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ഗവണ്മെൻറ് യാതൊരു പ്രയോജനവുമില്ലാതെ ഇതിനകം പതിനായിരം രൂപയോളം സ്പെഷ്യൽ ട്രൈബ്യൂണലിനുവേണ്ടി ചെലവാക്കിയതിനെപ്പറ്റിയാണ് എനിക്കു പ്രസ്താവിക്കുവാനുള്ളത്. ഒരു സ്പെഷ്യൽ ട്രൈബ്യൂണലിനെ നിയമിക്കണമെന്നുള്ള ആലോചന നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ പല തൊഴിലാളി വിഭാഗങ്ങളുടേയും പ്രതിനിധികൾചേർന്ന് ആ നിയമനം ആവശ്യമില്ലെന്നു നേരിട്ടു നിവേദനം നടത്തുകയും പത്രങ്ങൾ പ്രസ്താവന പുറപ്പെടുവിക്കുകയും മറ്റും ചെയ്തുകയുണ്ടായി. എന്നിട്ടും അതൊന്നും വകവയ്ക്കാതെ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ ട്രൈബ്യൂണലിൻറെ ചെയർമാനായി നിയമിക്കുകയാണു ചെയ്തത്. സർ, അദ്ദേഹത്തിൽ ഞങ്ങൾക്കു വിശ്വാസമില്ലെന്നു പറഞ്ഞു തൊഴിലാളികൾ ബഹിഷ്കരിച്ചു. എന്നിട്ടും അദ്ദേഹത്തിന് ആയിരത്തിഅഞ്ഞൂറു രൂപ പ്രതിമാസം ശമ്പളം നൽകി ചെയർമാനായി അവരോധിക്കപ്പെട്ടു. ഓഫീസുള്ളിൽ ഗവണ്മെൻറ് ആയിരത്തിഅഞ്ഞൂറു രൂപ ശമ്പളം കൊടുത്തുപോരുന്നു; വളരെ തിടുക്കത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതു് ഏതു് അടിയന്തിരമായ ജോലി ചെയ്യുന്നതിനാണെന്നാണു ഞാൻ ചോദിക്കുന്നതു്. പക്ഷെ ആ നിയമനത്തിൻറെ അടിയിൽ മറ്റൊരു കാര്യം കളിഞ്ഞുകിടക്കുകയാണു്. എന്തെന്നാൽ, അദ്ദേഹത്തിൻറെ സമുദായത്തിൽപ്പെട്ട കുറെ അധികം ആളുകൾ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിവസിക്കുന്നുണ്ട്. കഴിഞ്ഞ ഇലക്ഷനു വോട്ടു സംഭരിക്കുന്നതിനുവേണ്ടി അദ്ദേഹത്തിൻറെ സ്വാധീനശക്തിയെ വിനിയോഗിക്കാനാണു

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമനം ഇത്ര തിടുക്കത്തിൽ നടത്തിയിട്ടുള്ളത്. സർ, അതുപോലെ തന്നെ, തന്റെ നിയോജകമണ്ഡലത്തിൽ ഓടിനടന്ന പ്രചരണം നടത്തി വോട്ട് പിടിക്കുകയായിരുന്ന അദ്ദേഹത്തിന്റെ ആദ്യത്തെ ഒരു മാസത്തെ ജോലി, അദ്ദേഹത്തെ അവിടെ നിയമിച്ചു കുറെ അധികനാൾ കഴിഞ്ഞതിനുശേഷമാണ് അതിലേക്കുള്ള സ്റ്റാഫിനെ നിയമിച്ചിട്ടുള്ളത്. ഏകദേശം നിയമനം കഴിഞ്ഞു ഒന്നര മാസം കഴിഞ്ഞാണ് അദ്ദേഹം കേരളത്തിലേക്കായ സുപ്രധാനമായ റഫർ ചെയ്തിട്ടുള്ളത്. പോയ ഏപ്രിൽ മാസത്തിൽ ആയിരത്തി അഞ്ഞൂറ രൂപാ ശമ്പളത്തിൽ നിയമിച്ച ഇദ്ദേഹം നാല് മാസത്തോളവും വെറുതെ അവിടെ ഇരുന്ന ആറായിരം രൂപാ ശമ്പളം വാങ്ങിയശേഷം ഒരു ദിവസം രാജി വച്ചുകൊണ്ട് പോകുകയാണ് ചെയ്തിട്ടുള്ളത്. സർ, നിരവധി തൊഴിൽ പ്രശ്നങ്ങളും ഈ കോടതിയിൽ കിടക്കുകയാണ്. ഈ പ്രശ്നങ്ങളും എങ്ങനെ പരിഹരിക്കുന്നു എന്നും ഈ കേസുകളും എല്ലാം എവിടെയാണ് മാറിക്കൊണ്ട് പോയിട്ടുള്ളതെന്നും ഏതു ഉദ്യോഗസ്ഥനാണ് ഇവ സംബന്ധിച്ചുള്ള വാദങ്ങളും കേൾക്കേണ്ടതെന്നും മറ്റും മറുപടി പറയാൻ തൊഴിൽവകുപ്പുമന്ത്രി ബാദ്ധ്യസ്ഥനാണെന്നുകൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

സർ, ഈ ട്രൈബ്യൂണലിന്റെ സ്റ്റാഫിൽ ഒരു ഹെഡ് ക്ലാർക്ക്, രണ്ട് ക്ലാർക്കന്മാർ, ഒരു ടൈപ്പിസ്റ്റ്, രണ്ട് ശിപായിമാർ ഇവർ ഇപ്പോൾ ഏതു് ആഫീസിലാണ് ഉള്ളതെന്നും എന്തു ജോലിയാണ് ചെയ്യുന്നതെന്നും കൂടി ബഹു: മന്ത്രി ഈ സഭയിൽ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. വളരെ അധികം തൊഴിൽത്തർക്കക്കേസുകളും വാദംകേൾക്കേണ്ടതായ ഇവിടത്തെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനുവേണ്ടി ഒരു ക്ലാർക്കിനെയോ ഒരു ടൈപ്പിസ്റ്റിനെയോ കൂടുതൽ അനുവദിച്ചാൽ അവ നിരസിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയിരിക്കെ ഒരു ജോലിയും ഇതുവരെ ചെയ്തിട്ടില്ലാത്ത ഒരു ട്രൈബ്യൂണൽകൂടി നിയമിച്ചതിൽ ഉണ്ടായിട്ടുള്ള നഷ്ടം എപ്രകാരം സാധൂകരിക്കുമെന്നു് ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട സ്നേഹിതന്മാരും ആലോചിക്കേണ്ടതാണ്. സർ, പല തൊഴിൽപ്രശ്നങ്ങളെ സംബന്ധിച്ചും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുമായിട്ട് എനിക്ക് പലപ്പോഴും ഇടപെടേണ്ടിവന്നിട്ടുള്ളതുകൊണ്ട് അവിടെ നടക്കുന്ന സംഭവങ്ങളെപ്പറ്റി മറ്റാർക്കും അറിഞ്ഞുവുന്നതിനെക്കാൾ കൂടുതൽ അറിയാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു ഒരു പ്രമാത്രം മാത്രമാണ്. അങ്ങനെയിരിക്കെ നൂറും, നൂറിനടുപ്പവും രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഇന്നു് എറണാകുളത്തു് അവരുടെ വീട്ടിൽ ഇരുന്നുകൊണ്ടു വെറുതേ ശമ്പളം വാങ്ങിക്കുകയാണ്. അവർ ഏതു ട്രൈബ്യൂണലിന്റെ കീഴിലാണ് ജോലി ചെയ്യുന്നതെന്നുകൂടി ബഹു: മന്ത്രി ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

അടുത്തതായി എനിക്ക് പറയുവാനുള്ള മറ്റൊരു കാര്യം, സംസ്ഥാനത്തുള്ള ഗോഡൌണുകളിൽ സ്റ്റാക്ക് ചെയ്തിരിക്കുന്ന അരി റീകണ്ടീഷൻ ചെയ്യുന്നതിനും മാറ്റുന്നതിനും വേണ്ടി ഇരുപത്തഞ്ചുലക്ഷം രൂപായുടെ ഒരു സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിച്ചിരിക്കുകയാണ്. സർ, ഈ അവതരണത്തെ സംബന്ധിച്ചിടത്തോളവും ഒരു കാര്യത്തിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിക്കുകയാണ്. അദ്ദേഹത്തിന്റെ പഴയ കാലത്തെ സുഹൃക്കളെ പ്രീണിപ്പിക്കാനും സഹായിക്കാനും വേണ്ടി അദ്ദേഹത്തിനു വളരെ ഉത്സാഹം ഉണ്ടെന്നുള്ളതു തെളിഞ്ഞിരിക്കുകയാണ്. സർ, വെസ്റ്റ് കോസ്റ്റ് ഫിഷറീസിലെ മാധവൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

നെയ്യരേയും അതുപോലെതന്നെ പേക്കമ്മീഷനിലെ ഒരംഗത്തേയും സഹായിക്കുന്നതിനുവേണ്ടി അദ്ദേഹം പല ക്രമക്കേടുകളും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ പഴയ അഞ്ചരലക്ഷക്കേസിലെ ദാമോദരനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി, അല്ല, സഹായിക്കുന്നതിനുവേണ്ടി അരിയുടെ ട്രാൻസ്പോർട്ടുകാര്യത്തിൽ നീതിരഹിതമായ ക്രമക്കേടുകൾ ചെയ്തു തൃശ്ശൂരിലുള്ള ഒരു കമ്പനിക്കു ലാഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഗോഡൌണുകളിൽ സ്റ്റോക്കു ചെയ്തിരിക്കുന്ന അരി മിക്കവാറും പൊടിഞ്ഞും പുഴുത്തും ഉപയോഗശൂന്യമായി തീർന്നിരിക്കുകയാണ്. അതു സംബന്ധിച്ചു ഈ നിയമസഭയിൽ പല വിമർശനങ്ങളും ഉണ്ടായിട്ടുണ്ട്. അരിയുടെ ഫലമായി അവിടെ കിടപ്പുള്ള അരി മാറ്റുന്നതിനും സ്ഥലം ക്ലീൻ ചെയ്യുന്നതിനും മറ്റുമായി പരസ്യമായിട്ടു ടെൻഡർ വിളിച്ചിരുന്നു. അതതു സ്ഥലത്തുള്ള ഡിപ്പോകളിൽ കിടക്കുന്ന അരി ട്രാൻസ്പോർട്ടു ചെയ്യുന്നതിനും ഡിപ്പോ ക്ലീൻ ചെയ്യുന്നതിനും മറ്റും അതതു സ്ഥലത്തുള്ള കൺട്രാക്ടർമാരോടു ടെൻഡർ ഫാജരാക്കാൻ പറഞ്ഞിരുന്നുവെങ്കിൽ ഗവണ്മെൻറിനു് അധികം നഷ്ടം വരാതെ കാര്യങ്ങൾ ഭംഗിയായി നടത്താൻ കഴിയുമായിരുന്നു. എന്നാൽ അവയൊന്നും ചെയ്യാതെ ധനകാര്യമന്ത്രി വിചാരിച്ച ആൾക്കുതന്നെ അവയുടെ കൺട്രാക്ടു കൊടുക്കുകയാണു ചെയ്തിട്ടുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഡിപ്പോയിൽ കിടക്കുന്ന അരി മാറ്റുന്നതിനു് ആദ്യമായിട്ടു് കൺട്രാക്ടു കൊടുത്തിട്ടുള്ളതു് ആലപ്പുഴയുള്ള ഒരാൾക്കല്ലേ?

ശ്രീ. ടി. കെ. ദിവാകരൻ: അതു പറയാം. ആലപ്പുഴെ ഒരു അവിടെ കൊടുത്ത കൊട്ടേഷൻ റേറ്റു്, കുറഞ്ഞ ഒരു റേറ്റായിരുന്നു. അതേസമയം തൃശ്ശൂരിലെ കമ്പനിക്കാർ കൊടുത്തിട്ടുള്ള റേറ്റു കൂടിയ റേറ്റും ആയിരുന്നു. ഒടുവിൽ തൃശ്ശൂർ കമ്പനിക്കു കൺട്രാക്ടു കൊടുക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു് ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ വിവരിച്ചുകൊണ്ടു മി. വീരാവിട്ടു് ഹജ്ജി ബോധിപ്പിക്കുകയുണ്ടായി. ഹജ്ജി ബോധിപ്പിച്ച ഉടൻതന്നെ അദ്ദേഹത്തിനു ഒരു നല്ല തുക കൈയിൽ കൊടുത്തിട്ടു സർ, ഹജ്ജിയെ പിൻവലിപ്പിക്കുകയാണു ചെയ്തതെന്നറിയുന്നു. അങ്ങനെ അവിടെ ഹജ്ജി പിൻവലിച്ചു. ഈ കാര്യത്തെ സംബന്ധിച്ചും ധനകാര്യമന്ത്രിയുടെ മറുപടി ഈ സഭയ്ക്കു് നൽകുന്നതാണു്.

സർ, കുറഞ്ഞ തുകയ്ക്കു ടെൻഡർ കൊടുക്കാൻ ആളുള്ളപ്പോൾ കൂടുതൽ തുകയ്ക്കു ടെൻഡർകൊടുത്ത ആളിനു കൺട്രാക്ടു കൊടുത്തിട്ടുള്ളതു് എന്തു ദ്ദേശത്തോടുകൂടിയാണെന്നു ബഹു: മന്ത്രിതന്നെ പറയേണ്ടതായിട്ടുണ്ടു്. മാത്രമല്ല, കൺട്രാക്ടു കൊടുത്തതിനുശേഷം ഒരു ഷാർട്ടേജും കൂടി ഇപ്പോൾ അന്വേഷിക്കാൻ പോകുകയാണു്. അങ്ങനെ ഒരു വലിയ തുകയുടെ കൺട്രാക്ടു ലാഭപ്പെടുത്തിക്കൊടുക്കുന്നതിന്റെ ഫലമായി ഒരു ചാക്കു് അരിക്കു ട്രാൻസ്പോർട്ടിനു പുറമെ മറ്റുമായി ലാഭം കിട്ടുന്നതു് 30, 35 രൂപയാണു്. ഒരു കൊള്ള ആദായം ഉണ്ടാക്കി കൊടുക്കാൻ മനഃപൂർവ്വം അവസരം നൽകുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഇന്നത്തെ മുഖ്യമന്ത്രിയുടെ സ്വന്തക്കാർക്കു അരിയുടെ കയറ്റുമതിയല്ലാതെയും കൊള്ള ലാഭം എടുക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയാണു് ചെയ്യുന്നതു്. ഇതാണു് ഇന്നത്തെ അവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

സർ, പിന്നീട് മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് സംസ്ഥാനത്തുള്ള വാട്ടർസപ്ലൈയ്ക്കുവേണ്ടി മുൻപ് ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ടായിരുന്ന എഴുപത്തിഅഞ്ചുലക്ഷം രൂപയ്ക്കു പുറമേ ഇപ്പോൾ 14 ലക്ഷം രൂപ കൂടി വേണമെന്നു കാണിച്ചു ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നതിനെപ്പറ്റിയാണ്- ജലവിതരണത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും കുടിക്കാൻ പോലും വെള്ളം കിട്ടുന്നില്ലെന്നുള്ള പരാതി പത്രങ്ങൾ വഴിയായും നിയമസഭവഴിയും ഉന്നയിച്ചിരിക്കെ തുശ്ശൂരിലല്ലാതെ മറ്റേതു സ്ഥലത്താണ വാട്ടർസപ്ലൈ ഇത്രത്തോളവും പുരോഗമിച്ചിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. സർ, മുൻപു് അനുവദിച്ചിട്ടുണ്ടായിരുന്ന 24 ലക്ഷം രൂപയിൽ നിന്നും അത്യാവശ്യമെങ്കിലും അപ്രാപ്തിയേറ്റു് ചെയ്തിരുന്നുവെങ്കിൽ ഈ കൂടുതൽ തുക ആവശ്യപ്പെടേണ്ടിവരികയില്ലായിരുന്നു. മാത്രമല്ല, പഞ്ചവത്സരപദ്ധതിയിൽതന്നെ തുശ്ശൂർ ഡിസ്ട്രിക്റ്റിലേയ്ക്കു ഒരു വലിയ തുക അനുവദിച്ചിട്ടുണ്ടായിരുന്നു- അതിനും പുറമേ മറ്റൊരു ഭീമമായ തുക കൂടി അവിടത്തേയ്ക്കുവേണ്ടി അനുവദിച്ചിരിക്കുകയാണു്. അങ്ങനെ അവിടെയുള്ള സ്ഥലങ്ങൾക്കു കൂടുതൽ മഹിമയും കൂടുതൽ സൌകര്യങ്ങളും ചെയ്തുകൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരിക്കുകയാണു്.

സർ, രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു് 400–600 രൂപ ശമ്പളത്തിൽ നാലു് ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ നിയമിക്കാൻ പോവുകയാണു്. ഈ നിയമനത്തെപ്പറ്റി വളരെ പരാതികളും ഉണ്ടായിട്ടുണ്ടു്. എന്റെ അറിവു് ശരിയാണെങ്കിൽ ഇങ്ങനെ നാലുപേരെ നിയമിച്ചുവെന്നും ആ ഉത്തരവു് പബ്ലിക് സർവ്വീസു് കമ്മീഷൻ നിഷേധിച്ചുവെന്നും ആ ഉത്തരവിനെ നടപ്പിൽ വരുത്താൻ നിവൃത്തിയില്ലാതെ വച്ചുകൊണ്ടിരിക്കുകയുമാണെന്നാണു് അറിയുന്നതു്. സർ, ഇങ്ങനെ ഇഷ്ടംപോലെ, ഉള്ള നിയമനങ്ങളും മറ്റും നടത്തുന്നതിൽ കാണിക്കുന്ന ക്രമക്കേടുകളും നിതീകരിക്കുന്നതല്ല. ഉദാഹരണങ്ങൾ ഇതു കൂടാതെ വേറെയും പറയുവാനുണ്ടു്. ഇവിടത്തെ കാർപ്പറേഷൻ കമ്മീഷണറെ മാറ്റിയിട്ടു് വേറൊരു ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കപ്പെട്ടു. ഒരു ദിവസം പ്രഭാതത്തിൽ ആ ഉത്തരവു് റദ്ദു് ചെയ്തു മറ്റേ ആൾക്കുതന്നെ കൊടുക്കുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഒരു ഉത്തരവു് എഴുതി അതിന്റെ മഷി ഉണങ്ങുന്നതിനു മുമ്പു് റദ്ദു് ചെയ്തു മറ്റൊരു ഉത്തരവു് പുറപ്പെടുവിക്കയാണു് ഇപ്പോഴത്തെ ഗവണ്മെന്റു് ചെയ്തുവരുന്നതു്. പബ്ലിക് സർവ്വീസിനെ സംബന്ധിച്ചിടത്തോളവും പൊതുജനങ്ങൾക്കുണ്ടായിരുന്ന ധാരണ മാറിയിരിക്കുകയാണു്. ഇതു് എത്രത്തോളം ശരിയാണെന്നു ഈയിടെയായി ഹൈക്കോടതിയിൽ വന്നിട്ടുള്ള റിട്ടു് ഹർജ്ജികളുടെ എണ്ണം നോക്കിയാൽ മനസ്സിലാക്കുന്നതാണു്. സർ, ഈയിടെ ഒരു മന്ത്രിയുടെ നിയമനത്തെ ന്യായരഹിതമായി നിയമിക്കയുണ്ടായി. ന്യായമായി കിട്ടാനുള്ള ഒരാൾ ആ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ടു ഹൈക്കോടതിയിൽ റിട്ടു് കൊടുത്തു. ഒടുവിൽ റിട്ടിനെ പിൻവലിച്ചുകൊണ്ടു് ആദ്യത്തെ നിയമനത്തെ റദ്ദാക്കി രണ്ടാമത്തെ ആൾക്കു കൊടുക്കുകയാണു ചെയ്തതു്. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് ഇവിടെ നടക്കുന്ന നിയമനങ്ങൾ ന്യായരഹിതവും പക്ഷപാതപരവുമാണെന്നാണു്.

ഇക്കൊല്ലത്തെ ബഡ്ജറ്റു് അവതരിപ്പിച്ചുകൊണ്ടു മുഖ്യമന്ത്രി പറയുകയുണ്ടായി, ഈ ബഡ്ജറ്റിൽ അതിപ്രധാനമായിട്ടുള്ളതു പഞ്ചവത്സരപദ്ധ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

തിക്കുവേണ്ടി ഒരു വലിയ തുക കൊള്ളിച്ചിട്ടുള്ളതാണ്. പഞ്ചവത്സര പദ്ധതി ഒരു മഹത്തായ പ്രവർത്തനമാണെന്നും ആ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനം ഒരു മഹത്തായ സംസ്ഥാനമായി ഉയരുമെന്നും അറിയുവാൻവേണ്ടി പ്രധാനമായി ചെലവാക്കാൻ ഉദ്ദേശിക്കുന്നതു സിവിൽ വർക്സ് ഇനത്തിൽ ആണെന്നും പറയുകയുണ്ടായി. സർ, നമ്മുടെ നാട്ടിൽ സിവിൽ വർക്സിനുവേണ്ടി ആണ്ടുതോറും വലിയ തുകകളാണ് ബഡ്ജറ്റിൽ കൊള്ളിക്കുന്നതു്. അങ്ങനെയിരിക്കെ ഈ തുക ഏതു രീതിയാണു നാട്ടുകാർക്കു പ്രയോജനമുണ്ടാകുന്നതു് എന്നുള്ളതു സിവിൽ വർക്സ് നടത്തുന്നവരെന്നു നാട്ടിലുള്ള ജനങ്ങൾ മനസ്സിലാക്കുന്നതാണു്. തുക കൊള്ളിച്ചിരിക്കുകയല്ലാതെ സിവിൽ വർക്സ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു് അനുവദിച്ചിട്ടുള്ള പണം മുഴുവനും ചെലവാക്കുന്നതിനു വേണ്ടിയുള്ള യാതൊരു നിർദ്ദേശങ്ങളും കൊടുക്കുന്നില്ല. ഗവണ്മെന്റിനു് ഇഷ്ടമുള്ള സ്ഥലത്തു് ഇഷ്ടമുള്ളതുപോലെ ജോലി ചെയ്യിക്കയും അല്ലാത്ത സ്ഥലം വിസ്മരിക്കയുമാണു ചെയ്തുവരുന്നതു്.

*Chairman* (SHRI A. A. D. LUIZ): Hon. Member will appreciate that there are many other hon. members anxious to speak.

SHRI T. K. DIVAKARAN: Just two minutes more, Sir.

സർ, ഇന്നു് ഈ ഡിപ്പാർട്ടുമെന്റിൽ നാലുപേരുള്ളതിൽ ഏക്സിക്യൂട്ടീവ് എൻജിനിയർമാരായിട്ടും അസിസ്റ്റന്റ് എൻജിനിയർമാരായിട്ടും ഉണ്ടു്. അവരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു് സിവിൽ വർക്സിനു് കൂടുതൽ ചെലവാക്കിയെന്നു പറയുന്നതിൽ അർത്ഥമൊന്നുമില്ല. അങ്ങനെ ഈ ആഫീസറന്മാരുടെ തസ്തികകളും അവരുടെ ശമ്പളവും വർദ്ധിപ്പിച്ചു് ഒരു ചെറിയശതമാനം സിവിൽ വർക്സിനായി ചെലവാക്കുകയാണു് ചെയ്യുന്നതു്. അവർക്കു തന്നെയും പരാതിയുണ്ടു്. അവരുടെ ജൂനിയറായിട്ടുള്ള പലരേയും അവരുടെ സീനിയറാക്കി വച്ചിട്ടു്. 800-ം 1000-ം രൂപ ശമ്പളംകൊടുക്കുന്നു എന്നുള്ള നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടു്, അവരെല്ലാപേരുംകൂടിച്ചേർന്നു് ഒരുദിവസം പ്രിവിലേജ്‌ലീവു് എടുത്തുകൊണ്ടു് പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. കാര്യങ്ങൾ ഇങ്ങനെയിരിക്കുന്ന അവസരത്തിലാണു് 39 ലക്ഷത്തോളം രൂപ കൂടുതൽ ആവശ്യപ്പെട്ടുകൊണ്ടു് ധനാഭ്യർത്ഥന വന്നിട്ടുള്ളതു്. റോഡ് ഡവലപ്പുമെന്റ് വർക്സിനു വേണ്ടി അനുവദിച്ചിട്ടുള്ള തുക ശരിയായി ഉപയോഗിക്കാതെ ഇരുന്ന അവസരത്തിലാണു് കേന്ദ്രഗവണ്മെന്റിൽനിന്നും അതു് ശരിയായി ഉടനെതന്നെ ഉപയോഗിക്കണമെന്നു് ചാട്ടവാർകൊണ്ടു് അടികൊടുത്തതു്. ഗതാഗതസൗകര്യമില്ലെന്നു് ആളുകൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുമ്പോൾ സ്റ്റോറിലെ സിവിൽവർക്സിലേക്കു് നീക്കിവച്ചിട്ടുള്ള തുക ഉപയോഗിക്കാതെ കിടപ്പുണ്ടെന്നു് ഈ നിയമസഭയിൽ മറുപടി പറയാൻതക്ക സന്ദർഭം ഉണ്ടാക്കിയ ഗവണ്മെന്റ് ഒരു ഗവണ്മെന്റാണോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഗതാഗതസൗകര്യം ഇല്ലെന്നും ജീവിതസൗകര്യങ്ങൾക്കു് വേണ്ട വഴി നടക്കണമെന്നും ജനങ്ങൾ മുറവിളികൂട്ടുമ്പോൾ അതിനുള്ള നടപടിക്കളൊന്നും നടത്താതെ ഇങ്ങനെ പണം ലാപ്സായിപ്പോകത്തക്കവിധ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പ്രവത്തിക്കുന്ന ഗവണ്മെൻറിനു് നിലനിൽക്കുവാൻതന്നെ അവകാശമുണ്ടോ എന്നു ചോദിക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ: വളരെ ഗൗരവമേറിയ ആരോപണങ്ങളാണു് ഇവിടെ ഉന്നയിച്ചിരിക്കുന്നതു്. ഭക്ഷ്യധാന്യ ഡിപ്പോകളെസംബന്ധിച്ചു് സഭയിൽ ഭയങ്കരമായ ആരോപണങ്ങളാണു് ബഹുമാനപ്പെട്ട മെംബർ മിസ്റ്റർ ടി. കെ. ദിവാകരൻ ഉന്നയിച്ചതു്. അദ്ദേഹത്തിൻെറ ഉത്തരവാദബോധമനുസരിച്ചു് അദ്ദേഹം ഈ കാര്യത്തെക്കുറിച്ചു് അന്വേഷിച്ചതിനുശേഷം ഇപ്രകാരമുള്ള ആരോപണങ്ങൾ കൊണ്ടുവരാമായിരുന്നു. അടിസ്ഥാനരഹിതമായ, വളരെ വളരെ ശക്തിയുള്ള ആരോപണങ്ങൾ ചെയ്യുന്നതിനുമുൻപു് അദ്ദേഹം എന്നോടെങ്കിലും ചോദിച്ചു് വാസ്തവസ്ഥിതി എന്തായിരുന്നെന്നു് അന്വേഷിക്കേണ്ടതായിരുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഡിസ്ക്ഷൻ ക്ലോസ് ചെയ്തിട്ടു് മന്ത്രി മറുപടി പറയുകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

*Chairman* (SHRI A. A. D. LUIZ): That is not a point of order.

ശ്രീ. എ. ജെ. ജാൺ: ഇനിയും ഇതിനെപ്പറ്റി വല്ലതും പ്രസംഗിക്കുന്നതിനുമുൻപു് ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതു് ഗവണ്മെൻറിൻെറ കടമയാണു്. ഇതിനെക്കുറിച്ചു് ഫയലിൽ ഉള്ള ഒരു ഭാഗം ഞാൻ വായിക്കാം.

"Sealed tenders are invited for the different items of work as per details furnished in the statement appended ting to the inter-godown transport and reconditioning grains in the Central Depot at Mattancherry and in the storage depots at Trichur, Alleppey, Quilon and Vandrum.

Separate rates should be quoted for each item in each oup as indicated in the statement and the rates should be nclusive of all incidental items such as hire of weighing machines and tarpaulins, cost of jutetwine of approved quality for stitching of torn bags and standardised bags, charges for collection of sweepings, etc. The duration of the contracts will be from the date on which the successful tenderers are allowed to take up the work until the work is finished or until further orders. But Government reserve the right to terminate the contract earlier if and when found necessary.

The rates quoted should be per 100 bags of foodgrains irrespective of weight or Volume for the inter-godown transport, and per 100 bags of foodgrains standardised to weight after reconditioning in respect of reconditioning work."



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ഇത്രയുമാണ് ഇതിലെ പ്രധാനഭാഗം. അതനുസരിച്ച് ടെണ്ടർ വിളിക്കുകയും താഴെ പറയുന്ന ആളുകൾ ടെണ്ടർ തരികയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് കെ. എം. എബ്രഹാം, കൊല്ലത്ത് പി. കുമാരൻ, സി. കെ. ഷാഹുൽഹമീൻ മുസലിയാർ, ഡി. ജെ. ഗൊൺസാഗോ ആൻറ് സൺസ്, ആലപ്പുഴയിൽ വി. സി. അവിര, എ. മഹമ്മദ് ഇസ്മായിൽ, തൃശ്ശൂരിൽ അസോഷ്യേറേഡ് ടെയിഡേഴ്സ്, എം. എ. ചുമ്മാർ, പി. ഡി. ജാൺ, എം. സി. ജോസഫ്, കെ. എൽ. ജോസഫ് മട്ടാഞ്ചേരിയിൽ സൗത്തിൻ ഡ്യാ കാർപ്പറേഷൻ. ഓരോരുത്തരുടെയും റേറുകൾ വായിക്കാം. ഇവിടെ അഞ്ചരലക്ഷക്കേസ്സിലെ ആർക്കോ ഒരാൾക്ക് കൊടുത്ത എന്നും മറ്റും പറഞ്ഞു. ഇതിൽ അങ്ങനെ വല്ലവരും ഉണ്ടോ എന്ന് നോക്കാം.

ശ്രീ. പ്രാക്കുളം ജോസ് : ടെണ്ടർ അക്സപ്റ്റ് ചെയ്തോ?

ശ്രീ. എ. ജെ. ജാൺ : അതു വായിക്കുമ്പോൾ അറിയാം. കെ. എം. എബ്രഹാമിൻറെ റേറ് റാ റൈസിന് 47 രൂപ 8 അണ, ബ്രോയിൽഡ് റൈസിന് 47 രൂപ 8 അണ. ഇതു ഹള്ളർ മുഖാന്തിരം റീ കണ്ടീഷൻ ചെയ്യാനാണ്. ജ്യോവർമുഖാന്തിരം റീ കണ്ടീഷൻചെയ്യുന്നതിന്, രണ്ടിനും 35 രൂപ 10 അണവീതം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



| പേരു് | റാ റൈസ് (ഹള്ളർ മഖേന) | | | ബായിൽഡ് റൈസ് (ഹള്ളർ മഖേന) | | | റാ റൈസ് (ബ്ലോവർ മഖേന) | | | ബായിൽഡ് റൈസ് (ബ്ലോവർ മഖേന) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | രൂ. | ണ. | സ. | രൂ. | ണ. | സ. | രൂ. | ണ. | സ. | രൂ. | ണ. | സ. |
| പി. കുമാരൻ | 39 | 15 | 0 | 39 | 15 | 0 | 39 | 15 | 0 | 39 | 15 | 0 |
| സി. കെ. ഷാഹുലിൻ മുസലിയാർ | 59 | 8 | 0 | 59 | 4 | 0 | 39 | 0 | 0 | 39 | 0 | 0 |
| ഡി. കെ. ഗൊൺസാഗോ അഗൻറ് സൺസ് | 62 | 8 | 0 | 62 | 8 | 0 | 62 | 8 | 0 | 62 | 8 | 0 |
| വി. സി. അവിര | 75 | 0 | 0 | 74 | 0 | 0 | 75 | 0 | 0 | 74 | 0 | 0 |
| എ. മഹമ്മദ് ഇസ്മായിൽ | 78 | 0 | 0 | 76 | 0 | 0 | 78 | 0 | 0 | 76 | 0 | 0 |
| അസോഷ്യേറ്റഡ് ട്രേഡേഴ്സ് | 40 | 0 | 0 | 40 | 0 | 0 | 20 | 0 | 0 | 20 | 0 | 0 |
| എം. എ. ചുമ്മാർ | 97 | 8 | 0 | 97 | 8 | 0 | .... | | | .... | | |
| | | | | | | | (ഇതിൽ ബ്ലോവർ പറഞ്ഞിട്ടില്ല) | | | | | |
| പി. ഡി. ജോൺ | 106 | 4 | 0 | 106 | 4 | 0 | 87 | 8 | 0 | 87 | 8 | 0 |
| എം. സ. ജോസഫ് | 47 | 8 | 0 | 45 | 8 | 0 | 43 | 8 | 0 | 42 | 8 | 0 |
| കെ. എ. ഔസേഫ് | 54 | 4 | 0 | 54 | 4 | 0 | 54 | 4 | 0 | 54 | 4 | 0 |
| സൗത്ത് ഇൻഡ്യാ കാർപ്പറേഷൻ | 45 | 0 | 0 | 42 | 8 | 0 | 40 | 0 | 0 | 37 | 8 | 0 |

[ശ്രീ. എ. ജെ. ജാൺ]

ഇതിൽ ഏറ്റവും കുറഞ്ഞതു് ബ്ലോവർ മുഖേനയുള്ള 20 രൂപയാണ്. അസോഷ്യേറ്റ് ടേയ്ഡേഴ്സാണ് ഇതു പറഞ്ഞിട്ടുള്ളതു്. ഓക്കിയുള്ളവർ 106, 98 ഇങ്ങനെ റേറ്റുകൾ തന്നു. അതിനുശേഷം പിന്നെ അവർ ആ 20 രൂപയെന്നുള്ളതുതന്നെ 19 രൂപയ്ക്കു ചെയ്യാമെന്നു പറഞ്ഞു. അതനുസരിച്ചു് 19 രൂപയ്ക്കു് അവർക്കു് ടെണ്ടർ കൊടുത്തു. ഇതിൽ അഞ്ചുലക്ഷത്തിന്റെ കാര്യമോ, കുംഭകോണമോ ഒന്നും പറയേണ്ട ആവശ്യമില്ലായിരുന്നു. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം പുറത്തു് സംസാരിക്കുന്നതിനുമുൻപു് എന്നോടെങ്കിലും ചോദിച്ചു് വിവരം മനസ്സിലാക്കാമായിരുന്നു. അതിനുപകരം യാതൊരു അടിസ്ഥാനവുമില്ലാതെ ഏതോ പത്രക്കാർ എന്തോ പരസ്യം ചെയ്തു എന്നുള്ള അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തിയതു് ശരിയായില്ല.

ശ്രീ. ടി. കെ. ദിവാകരൻ : വേസ്റ്റേജിനു് എത്ര ശതമാനം അനുവദിച്ചുകൊടുക്കുന്നു?

ശ്രീ. എ. ജെ. ജാൺ : അങ്ങനെയൊന്നും അനുവദിച്ചുകൊടുക്കുക പതിവായിട്ടില്ല. കൺട്രാക്ടറുടെ എഗ്രിമെന്റിൽ ഉണ്ടു്. അതനുസരിച്ചു് സാധനം കൺട്രാക്ടറെ ഏൽപ്പിച്ചാൽ പിന്നീടു് അതു് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വത്തിലാണു് നടത്തുന്നതു്.

ശ്രീ. പ്രാക്കുളം മാസി : അതിൽ വേസ്റ്റേജ് അനുവദിച്ചിട്ടില്ലായിരുന്നുവെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതിനെക്കുറിച്ചു് എഗ്രിമെന്റിൽ ഒന്നുമില്ല. ഡിസ്ട്രിക്ട്കളക്ടർമാരുടെ റിപ്പോർട്ടനുസരിച്ചാണു് ഇതു ചെയ്തതു്. ഇങ്ങനെ ക്ലീൻ ചെയ്ത അരി ഇൻഡ്യാഗവണ്മെന്റിലേക്കു് അപ്പോഴപ്പോൾ അയച്ചുകൊണ്ടിരിക്കുകയാണു്. അതിൽ കുറെ താമസമുണ്ടായിട്ടുണ്ടു്. അതു് ഇൻഡ്യാഗവണ്മെന്റുമായിട്ടുള്ള ഇടപാടാണു്. ഇതിൽ നമ്മുടെ ഉദ്യോഗസ്ഥന്മാർക്കു് ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞു് : വേസ്റ്റേജ് എത്ര ചാക്കുവരും?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ കണക്കെടുത്തിട്ടില്ല. ആകപ്പാടെ ഒരുലക്ഷം ചാക്കായിരുന്നു റീകണ്ടീഷൻ ചെയ്യാൻ കൊടുത്തതു്.

ശ്രീ. പി. കെ. കുഞ്ഞു് : നാലിലൊരുഭാഗം വേസ്റ്റേജ് വരുമോ?

ശ്രീ. എ. ജെ. ജാൺ : അതു് അറിയാൻ സാധിക്കുകയില്ല. ഇതെല്ലാം ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലാണു് നടത്തുകയുണ്ടായിട്ടുള്ളതു്. അതിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടെങ്കിൽ അതിനു് ഉദ്യോഗസ്ഥന്മാർ കുറ്റക്കാരായിരിക്കും.

ശ്രീ. എ. മാണിക്യം : വേസ്റ്റേജ് പൊതുവെ അനുവദിച്ചുകൊടുത്തിട്ടുണ്ടോ? അതല്ലാ ഓരോപ്പോഴപ്പോൾ അരി ശുദ്ധിചെയ്യുമ്പോൾ നിശ്ചയിക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ : ഇതെല്ലാം ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണു്. കൺട്രാക്ടറല്ലാ ഇതൊക്കെ ചെയ്യേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

കാൺട്രാക്ട്ടർ സപ്ലൈ ചെയ്യുന്നതിൽ ഗവണ്മെന്റ് അവരെക്കൊണ്ട് ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ ജോലി ചെയ്യിക്കുകയാണ്. അതിനെക്കുറിച്ച് ഇവിടെയുള്ള പ്രൊവിഷൻ ഞാൻ വായിക്കാം.

"The contractors shall be responsible for carriyng out efficiently, promptly and in a businesslike manner and in accordance with the instructions given to them by the Stock Verification Officer or the Commissioner of Civil Supplies or any Officer authorised by the Stock Verification Officer or the Commissioner of Civil Supplies to act on his behalf, all or any of the services detailed in the Tender Notification dated 31-1-1955 and correction Notice dated 3-2-1955 marked as schedule I." ഇതനുസരിച്ച് സകല മേൽനോട്ടവും ഗവണ്മെൻറിനാണ്.

12 Noon]

ശ്രീ. എ. താണുപിള്ള : അപ്പോൾ ക്ലീൻചെയ്യുന്നതിന് റേറനുസരിച്ച് ഉള്ള തുക വാങ്ങിച്ചുകൊള്ളണം, വേസ്റ്റേജ് ഒന്നും അനുവദിച്ചു കൊടുക്കുകയില്ല എന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. എ. ജെ. ജാൺ : വേസ്റ്റേജ് ഉണ്ടാകുന്നെങ്കിൽ അതു ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ നടത്തുന്ന പ്രവൃത്തിയുടെ ഫലമാണ്.

ശ്രീ. പി. കെ. യശോധരൻ : ശ്രീ. അവിര റ്റിറ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അറിവില്ല.

ശ്രീ. പി. കെ. യശോധരൻ : പിന്നെന്തുകൊണ്ടാണ് ഈ വാഗ്ദത്തപത്രങ്ങളിൽ വന്നപ്പോൾ നിഷേധിക്കാത്തത് ?

ശ്രീ. എ. ജെ. ജാൺ : അതു നിഷേധിക്കേണ്ട ആവശ്യം ഒന്നും ഇല്ല.

ശ്രീ. പി. കെ. യശോധരൻ : റിറിന്റെ കാപ്പി കൊണ്ടുവന്നു കാണിച്ചാൽ വിശ്വസിക്കാമോ ?

ശ്രീ. എ. ജെ. ജാൺ : ഫാക്ടിനെ നിഷേധിക്കുകയോ വിശ്വസിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ഫാക്ട് ഫാക്ടാണ്.

[Mr. Speaker in the Chair.]

ശ്രീ. പ്രാക്കുളം ഭാസി : ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അല്പേഹത്തിന്റെ പ്രസംഗത്തിൽ സഖാവു ദിവാകരൻ പ്രസ്താവിച്ച ചില അംശങ്ങളെ സംബന്ധിച്ച് അല്പേഹത്തെ കുറച്ചുപ്പെടുത്തുകയുണ്ടായി. മന്ത്രി പറഞ്ഞതായ വിശദീകരണം കൊണ്ട് എന്നെപ്പോലെയുള്ളവരെ തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ല. എറണാകുളത്താണല്ലോ നമ്മുടെ ഹൈക്കോടതി. അവിടെ ആലുവാക്കാരൻ ഒരു മി. അവിരാ ഈ ടെൻഡറിനെ സംബന്ധിച്ച് ഒരു റിറ് പെറ്റിഷൻ കൊടുക്കുകയുണ്ടായി. എന്നാൽ ആ റിറ്പെറ്റിഷൻ കൊടുത്ത വക്കീലുപോലും അറിയാതെ അതു അവിരായെക്കൊണ്ട് പിൻവലിപ്പിച്ചതായി പല ദിനപ്പത്രങ്ങളിലും പ്രസ്താവനകൾ ഉണ്ടായിട്ടും ഗവണ്മെൻറ് നാളിതുവരെ അതിനെ നിഷേധിച്ചില്ല. ഇതു സംബന്ധിച്ചു ഇതുയും വിശദീകരണങ്ങൾ ഉണ്ടായിട്ടും ഈ സഭയിലെ അംഗങ്ങൾക്കു് ഒന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

അതുകൊണ്ടുതന്നെ എന്തോ തകരാറുണ്ടെന്നു് പ്രത്യക്ഷമാണു്. ഈ അരിക്കിൻചെയ്യുന്നതിനും മറ്റുമായി സെൻട്രൽഗവണ്മെൻറും ഈ ഗവണ്മെൻറുമായുള്ള എഴുത്തുകുത്തുകളെ സംബന്ധിച്ചും അതിനുണ്ടാകാവുന്ന വേസ്റ്റേജിനെ സംബന്ധിച്ചും എല്ലാം അസോഷ്യേറ്റഡ് ട്രേഡേഴ്സിനു് നല്ല അറിവുണ്ടായിരുന്നതുകൊണ്ടും എന്നാൽ മാക്കിയുള്ള കൺട്രാക്ടർമാർ ഈ വേസ്റ്റേജിൻെറ കാര്യത്തിലും മറ്റും പരിജ്ഞാനമില്ലാത്തതുകൊണ്ടു് ടെൻഡർ കുറച്ചുകൊടുക്കാതിരിക്കുകയും ചെയ്യുകയാണു് ഉണ്ടായതു്. അസോഷ്യേറ്റഡ് ട്രേഡേഴ്സ് ഇങ്ങനെ ഏറ്റവും കുറഞ്ഞ ടെൻഡർ കൊടുത്തതിനുശേഷംതന്നെ വീണ്ടും കുറയ്ക്കാൻ നിർബന്ധിതരായി എന്നുള്ളതാണു് പരമാർത്ഥം. ഈ സഭയെ കബളിപ്പിക്കാൻ ഇങ്ങനെ ഒരു വിശദീകരണം ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ഇവിടെ കൺട്രാക്ടർമാർ 20-25-40-50-70- രൂപ വച്ചാണു് ടെൻഡർ അയച്ചതെന്നും ഇതുകൊണ്ടു ലോവസ്റ്റ് ടെൻഡർ അയച്ച അസോഷ്യേറ്റഡ് ട്രേഡേഴ്സിനു് ജോലി തന്നുവെച്ചുകൊടുത്തു എന്നും മന്ത്രി പറഞ്ഞു വിശ്വസിപ്പിക്കുവാൻവേണ്ടി ചെയ്തിട്ടുള്ളതാണു് ഈ വിശദീകരണമെന്നും ഞങ്ങൾക്കു് വളരെ വ്യക്തമായിട്ടറിയാവുന്നതാണു്. ഈ ആരോപണങ്ങളെ തെളിയിക്കുന്നതിനു വേണമെന്നുണ്ടെങ്കിൽ അതിനുവേണ്ട തെളിവുകളും കൊടുക്കാനും ഞങ്ങൾ തയാറാണു്. ഞങ്ങളുടെ പാർട്ടി നേതാവു് അതിൻെറ ഉത്തരവാദിത്വം വഹിക്കാനും തയാറാണു്. ഞാൻ അതിനെ അറിയാവുന്നതുകൊണ്ടു് പറയുകയാണു്. ആഭ്യന്തരവകുപ്പുമന്ത്രി ഈവക കാര്യങ്ങളിൽ ഒന്നും ബന്ധപ്പെടുന്നതിനിഷ്ടപ്പെടാത്ത ഒരാളാണു്. അതേ സമയം അസോഷ്യേറ്റഡ് ട്രേഡേഴ്സിനെ സംബന്ധിച്ചു് മുഖ്യമന്ത്രി പറയേണ്ടതായ മറുപടി അതിനെക്കൊണ്ടു പറയിച്ചു. അങ്ങു് നമ്മുടെ മുഖ്യമന്ത്രിയെപ്പോലെ വളരെ തകരാറുള്ള ഒരു മന്ത്രിയായിട്ടു് ഞങ്ങൾ ആരും പരാതിയിട്ടില്ല. പക്ഷേ ഇതിനെല്ലാം കൂട്ടുനിൽക്കുന്നല്ലോ എന്നുള്ളതാണു് ഞങ്ങൾക്കു ഖേദകരമായിട്ടുള്ളതു്. ഈ അസോഷ്യേറ്റഡ് ട്രേഡേഴ്സിൻെറ അംഗങ്ങൾ ആരെല്ലാമാണെന്നു അങ്ങേയ്ക്കറിയാമോ?

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഈ അസോഷ്യേറ്റഡ് ട്രേഡേഴ്സിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ? (ഉത്തരമില്ല)

ശ്രീ. പ്രാക്കുളം ഭാസി: അഞ്ചരലക്ഷം കേസുമായി ഇതിനൊരു ബന്ധവുമില്ലെന്നു പഴയ മുഖ്യമന്ത്രിയെക്കൊണ്ടു ഇപ്പോഴത്തെ മുഖ്യമന്ത്രി പറയിച്ചതാണു്. അഞ്ചരലക്ഷം കേസിലെ കുപ്രസിദ്ധ സമ്പാദ്യമായ മി. ദാമോദരൻെറ അനിയനും ഈ അസോഷ്യേറ്റഡ് ട്രേഡേഴ്സിലെ ഒരംഗമാണു്. ഇതിനെ സംബന്ധിച്ചു് ആർ. എസ്സ്. പി-ക്കാരും കമ്മ്യൂണിസ്റ്റുകാരും മാത്രമല്ല കോൺഗ്രസ്സുകാരുപോലും ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. ഈ ആരോപണങ്ങൾ കോൺഗ്രസ്സു് പാർലമെൻറി പാർട്ടിയിൽപ്പോലും ചർച്ചയ്ക്കു വന്നിട്ടുള്ളതാണു്. കോൺഗ്രസ്സു് പാർട്ടിയെ നിയന്ത്രിക്കുന്ന കോൺഗ്രസ്സു് ജനറൽ സെക്രട്ടറി മി. മാധവൻനായരോടുപോലും ഇവിടുത്തെ നാട്ടുകാർ പരാതിപ്പെട്ടതിൻെറ ഫലമായി അദ്ദേഹം പറഞ്ഞതു് അദ്ദേഹം തിരുവനന്തപുരത്തു പോയി മുഖ്യമന്ത്രിയുമായിട്ടു സംസാരിച്ചുനോക്കട്ടെ എന്നാണു്. അതുകൊണ്ടു് സഖാവു് ദിവാകരൻ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളല്ലാ, സർ.

LIBRARY ARCHIVES Kerala Legislative Assembly

സപ്ലിമെൻററി ഗ്രാൻറിനെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ കുറച്ചുസമയംകൂടി അനുവദിക്കണമെന്നു പറഞ്ഞിട്ട് അതിനുള്ള സൗകര്യമുണ്ടായില്ല. ഇന്നു ഇവിടെ നടക്കുന്ന അഴിമതികൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി, സത്യത്തിനും നീതിക്കുംവേണ്ടി, സഖാവ് ശ്രീകണ്ഠൻനായർ സെൻട്രൽ ജയിലിൽ നിരാഹാരസമരം നടത്തിവരികയാണ്. ശ്രീകണ്ഠൻനായർ ഈ രാജ്യത്തെ ആരാണ സാർ. ശ്രീ. താണുപിള്ള സാറിനോടു ചോദിക്കുക; ഒരുപക്ഷെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളിഗോവിന്ദമേനോനു് അറിവില്ലായിരിക്കാം. അതുകൊണ്ടു് ശ്രീ. കോരയ്ക്കുറിയാം, പി. ജെ. സബാസ്റ്റ്യനറിയാം. ഈ രാജ്യത്തു ഉത്തരവാദഭരണം സ്ഥാപിക്കാനായി സഖാവു ശ്രീകണ്ഠൻനായർ വഹിച്ചിട്ടുള്ള പങ്കെന്താണെന്നു് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. എന്നാൽ ഇന്നു ആ സഖാവു് സെൻട്രൽജയിലിൽ നിരാഹാരസത്യാഗ്രഹം നടത്തുകയാണു്. എന്തിനാണു് അദ്ദേഹം നിരാഹാരസത്യാഗ്രഹം നടത്തുന്നതു്. പട്ടിണികിടക്കുന്നതിനുള്ള മോഹംകൊണ്ടല്ല നിരാഹാരസത്യാഗ്രഹം നടത്തുന്നതു്, പനമ്പിള്ളി ഗവണ്മെൻറിൻെറ തൊഴിലാളി നയത്തിനെതിരായിട്ടാണു്. സഖാവു് ശ്രീകണ്ഠൻനായർ ഈ നാട്ടിൽ നിന്നും പണ്ഡിറ്റു ജവഹർലാൽനെഹ്രുവിനു കിട്ടിയതിൽ നിന്നും കൂടുതൽ പാർലമെൻറു സീറ്റുകൾ വോട്ടർമാരുടെ കരസ്ഥമാക്കി തെരഞ്ഞെടുക്കപ്പെട്ട ഒരു എം. പി-യാണു്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു അത്യുന്നതനായ രാഷ്ട്രീയ നേതാവാണു്. ഇന്നു് പനമ്പിള്ളിയുടെ ഗവണ്മെൻറിൻെറ നയപരിപാടികളെ പ്രതിഷേധിച്ചു് നിരാഹാരസത്യാഗ്രഹം സെൻട്രൽ ജയിലിൽ അനുഷ്ഠിച്ചുവരുന്നതു്. ഒരു കാര്യം ഞാൻ പറയാം. നാളെ ഞങ്ങൾ അവതരിപ്പിക്കുവാൻപോകുന്ന അവിശ്വാസപ്രമേയം പരാജയപ്പെട്ടേയ്ക്കാം. അതിനുള്ള മാർഗ്ഗങ്ങളും കൂട്ടുതീർപ്പുകളുമൊക്കെ അണിയറയിൽ നടക്കുന്നതായും ഞങ്ങൾക്കറിയാം. പക്ഷെ സഖാവു് ശ്രീകണ്ഠൻനായരെ നിരാഹാരസത്യാഗ്രഹം നടത്താൻ അനുവദിച്ചുകൊണ്ടു്, ഇദ്ദേഹത്തെ സെൻട്രൽജയിലിൽ അടച്ചുകൊണ്ടു്, ഇപ്പോടെ ഇങ്ങനെ ഭരണംനടത്തിക്കളയാം എന്നു് മുഖ്യമന്ത്രിക്കും ഈ ഗവണ്മെൻറിനും വല്ല വ്യാമോഹവുമുണ്ടെങ്കിൽ അദ്ദേഹം ഈ രാജ്യത്തിൻെറ പഴയ ചരിത്രം ഒന്നു വായിച്ചുനോക്കേണ്ടതുണ്ടു്. കിരാതനായ സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ഭരണം നടത്തിയിരുന്ന കാലത്തു്, രാഷ്ട്രീയപ്രക്ഷോഭണം നടക്കുന്ന വേളയിൽ സ. ശ്രീകണ്ഠൻനായരേയും സ. ടി. വി. തോമസ്സിനെയും അദ്ദേഹം വിളിച്ചുപറയുകയുണ്ടായി നിങ്ങൾ തൊഴിലാളിനേതാക്കന്മാരാണു്, നിങ്ങൾ ഇവിടത്തെ രാഷ്ട്രീയപ്രക്ഷോഭണത്തിൽ പങ്കെടുക്കരുതു്, തൊഴിലാളികളുടെ എല്ലാ ആവശ്യകതകളും ഞാൻ പരിഹരിച്ചുതരാം, നിങ്ങൾക്കു് ബോണസ് തുടങ്ങിയ അവകാശങ്ങൾക്കു് നിയമങ്ങൾതന്നെ ഉണ്ടാക്കാം, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ക്ഷേമത്തിനു വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ചെയ്യാൻ ഞാൻ തയ്യാറാണു് എന്നു്. നിങ്ങൾ താണുപിള്ളയുടേയും കേശവമേനോൻറെയും കൂടി പ്രക്ഷോഭണത്തിനു പോകരുതു് പക്ഷെ അവർ അതു വകവയ്ക്കാതെ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി, ജനാധിപത്യഅവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി, സമരം ചെയ്തതിൻെറ ഫലമായിട്ടാണു് ഇന്നു് കോൺഗ്രസ്സിൻെറപേരിൽ ഭരണം നടത്തുന്നതും ഇന്നീ നിയമസഭ ഉണ്ടാകുന്നതിനും, ഈ നിയമസഭയിൽ സർ സി. പി. ഇരുന്ന സ്ഥാനത്തു ചടയമംഗലത്തുനിന്നും തിരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

ട്ടുക്കപ്പെട്ട ശ്രീ. ഗംഗാധരൻവന്നു് ഇരിക്കുന്നതിനും്ഇടയായിട്ടുള്ളതു്. അങ്ങിനെ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യസമ്പാദനത്തിലും ജനാധിപത്യഭരണസമ്പാദനത്തിലും സുപ്രധാനപങ്കു വഹിച്ചയാളും ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ കണ്ണിലുണ്ണിയുമായ സ: ശ്രീകണ്ഠൻനായരാണു് ഇന്നത്തെ ഗവണ്മെന്റിന്റെ രാഷ്ട്രീയപക്പോക്കലിനു് എതിരായി സത്യാഗ്രഹം നടത്തുന്നതു്. ഈ മാതിരി ഒരു സാഹചര്യം സൃഷ്ടിച്ച പനമ്പിള്ളി ഗവണ്മെന്റു് കൊണ്ടുവന്ന അപ്രോപ്രിയേഷൻബില്ലിനെ സംബന്ധിച്ചു് ചർച്ച നടത്തിയ അവസരത്തിൽ സ. ദിവാകരൻ ഉന്നയിച്ച ആരോപണങ്ങൾക്കു് വീണ്ടും ഒരു വിശദീകരണം ഞങ്ങൾ ആവശ്യപ്പെടുന്നു. അതിനെന്തെങ്കിലും മടിച്ചാൽ ന്യായങ്ങൾകൊണ്ടു് ഞങ്ങളെ കബളിപ്പിക്കാം എന്നു വ്യാമോഹിക്കണ്ട, ഒരു കായ്യം ഞങ്ങൾ ഈ ഗവണ്മെൻറിനോടു പറയുന്നു. ഈ സഭയിലെ കയ്യും കാലും എണ്ണി ഇവിടെ കൊണ്ടുവരുന്ന അവിശ്വാസപ്രമേയത്തെ പരാജയപ്പെടുത്താമെന്നും കൂടാതെ സഖാവു് ശ്രീകണ്ഠൻനായരുടെ സത്യാഗ്രഹം അവസാനിപ്പിക്കുന്നതിനു് ഉടനടി വേണ്ട നടപടികൾ എടുക്കാതെ ഭരിക്കാമെന്നും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതു് ഈ നാട്ടിലെ ജനങ്ങൾ അനുവദിക്കുകയില്ലായെന്നും ശ്രീ. പനമ്പിള്ളി മനസ്സിലാക്കേണ്ടതുണ്ടു്.

സർ സി. പി. രാമസ്വാമിഅയ്യർ ഈ നാട്ടിൽ നിന്നും പോയതെങ്ങിനെയാണെന്നും ശ്രീ. പനമ്പിള്ളി മനസ്സിലാക്കിയിട്ടില്ലെങ്കിൽ ഉടനെ അറിയണം. ഞങ്ങളുടെ നേതാവായ സഖാവു് ശ്രീകണ്ഠൻനായർ നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതു അനീതിപരമാണെന്നും അദ്ദേഹം. ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ ന്യായമായിട്ടുള്ളതല്ലെന്നും 128 തൊഴിലാളികളെ വീട്ടയിൽപ്പോൻവകുപ്പു് ചെയ്യുന്നതിനു വേണ്ടി എടുത്തതിനു വേണ്ടിയുള്ള പ്രതിഷേധംകൊണ്ടാണെന്നും പനമ്പിള്ളിമന്ത്രി മറുപടി പറയുമെന്നും ഞങ്ങൾക്കറിയാം. പക്ഷെ ആ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വിശദീകരണങ്ങളടങ്ങിയ സ്റ്റേറ്റുമെൻറുകൾ സ. ദിവാകരനും, ബേബിജോണും, ഞാനുംകൂടി ഈ സഭയിലെ എല്ലാ മെമ്പർമാർക്കും കൊടുത്തിട്ടുണ്ടു്. ആ വസ്തുതകളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പരിഗണനകൂടാതെ നടപടി എടുക്കാൻ പനമ്പിള്ളി തയ്യാറുണ്ടോ എന്നാണു് ഞങ്ങൾ അറിയേണ്ടതു്. എന്തായാലും ഞങ്ങളുടെ നേതാവു് നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിച്ചു. ഇവിടെ പൊതുജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുള്ള ലക്ഷക്കണക്കിനു് പണം ലാപ്സാക്കിക്കളഞ്ഞതു് ഇവിടെ ദുർഭരണം നടത്തിക്കൊണ്ടിരിക്കുന്ന പനമ്പിള്ളി ഗവണ്മെൻറിൽനിന്നും ഈ നാട്ടിലെ ജനങ്ങൾക്കു് യാതൊരു ഗുണവും പ്രതീക്ഷിക്കേണ്ടതില്ല. പറയാൻ തുടങ്ങുകയാണെങ്കിൽ ഒരു നൂറു് നൂറു് ആരോപണങ്ങളും പറയാനുണ്ടു്. സ്വജനപക്ഷപാതം, കൈക്കൂലി തുടങ്ങിയവ. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ ഞാൻ ഇത്രയും പറയാൻ നിർബന്ധിതനായതു്, ഹോംമിനിസ്റ്റർ സഭയിൽ ചെയ്ത പ്രസ്താവനയുടെ ഫലമായിട്ടാണു്.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. അരിയുടെ കുംഭകോണത്തെപ്പറ്റി ഞങ്ങളുടെ പാർട്ടിനേതാവു്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ച ആരോപണങ്ങളെപ്പറ്റി വളരെ വളരെ അവ്യക്തമായ രൂപത്തിലാണ് ട്രഷറി ബഞ്ചിൽനിന്നും മറുപടി പറയുകയുണ്ടായത്. അതുകൊണ്ട് ഇപ്പോൾ സമയമില്ലെങ്കിൽ അതിനുള്ള കൂടുതൽ ഉത്തരവാദിത്തത്തോടുകൂടി ഒരു വിശദീകരണം നൽകാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള : അരി കാൺട്രാക്ടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ കുറച്ചുകൂടി അറിഞ്ഞാൽ കൊള്ളാം. ഇവിടെ പറഞ്ഞത് അരി ശുദ്ധമാക്കിയതു് ഹള്ളർ ഉപയോഗിച്ചും ബ്ലോവർ ഉപയോഗിച്ചുമാണെന്നാണ്. അതേ സംബന്ധിച്ചുള്ളാം കുറേക്കൂടി വിശദമായി അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ : മിക്കവാറും ബ്ലോവർ ഉപയോഗിച്ചാണെന്നാണ് എന്റെ അറിവു്.

ശ്രീ. എ. താണുപിള്ള : അപ്പോൾ ഈ 19 രൂപാ വച്ചാണോ കൊടുത്തിരിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : 19 രൂപയ്ക്കാണ് കൊടുത്തിരിക്കുന്നതു്. എല്ലാംകൂടി കൂട്ടിച്ചുത്തു് 19 രൂപയ്ക്കു് എടുക്കാമെന്നവർ പറഞ്ഞു. അതനുസരിച്ചു് കൊടുത്തു.

ശ്രീ. എ. താണുപിള്ള : ഈ ബ്ലോവർ ഉപയോഗിക്കുന്നതിനു മാത്രമല്ലേ 19 രൂപാ. ഹള്ളർ ഉപയോഗിക്കുന്നതിനു് എത്ര രൂപായാണു് ?

ശ്രീ. എ. ജെ. ജാൺ : ബ്ലോവർ ഉപയോഗിക്കുന്നതിനു 19 രൂപായും ഹള്ളർ ഉപയോഗിക്കുന്നതിനു് 40 രൂപയുമാണെന്നാണ് എനിക്കു് തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ ആലപ്പുഴക്കാരൻ അതിനു മുപ്പതിനാലു രൂപാവച്ചു ടെൻഡർ കൊടുത്തിട്ടില്ലേ ?

ശ്രീ. എ. ജെ. ജാൺ : അതു് എനിക്കു് നല്ല നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള : സർ, ഈ സംഗതിയെപ്പറ്റിയുള്ള സകല വിവരങ്ങളും അടങ്ങുന്ന ഒരു വിശദീകരണം ഈ സഭാമുമ്പാകെ വയ്ക്കാൻ ദയവുണ്ടാകുമോ ? ഇവിടെ ഹള്ളർ ഉപയോഗിക്കുകയാണെങ്കിൽ 40 രൂപായാണ് അനുവദിച്ചിരിക്കുന്നതെന്നു് പറയുന്നു. എന്നാൽ 34 രൂപയ്ക്കു് ചെയ്യാമെന്നു ടെൻഡർ കൊടുക്കുകയും അതിനെ സംബന്ധിച്ചു് ഒരു റിഹർജി ബോധിപ്പിക്കുകയുമെല്ലാം ഉണ്ടായി. ഇവിടെ പറഞ്ഞതു് ബ്ലോവർ ഉപയോഗിക്കുകയാണെങ്കിൽ 19 രൂപയാണെന്നാണ്. അതേപ്പറ്റി ചോദിച്ചപ്പോൾ ഇതെല്ലാം ചേർത്താണ് ഈ പത്തൊൻപതു രൂപായെന്നും പറയുന്നു. ഇതേസംബന്ധിച്ചു് വളരെ പരാതികൾ ഉണ്ടു്. വളരെ അഴിമതികളും ഉണ്ടായി പറയുന്നു. ഈ അഞ്ചലക്ഷക്കാരന്റെ ഒരു അനിയനും ഈ ചെറിയ കമ്പനിയിൽ ഒരു പ്രധാന പാർട്ടിയാണെന്നും പറയുന്നു. ഈ കാര്യങ്ങൾ എല്ലാം നന്നു വ്യക്തമാക്കിയാൽ നന്നായിരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇതേപ്പറ്റി ഞങ്ങൾ രണ്ടോ മൂന്നോ മണിക്കൂർ തുടർച്ചയായി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഹോം മിനിസ്റ്ററുടെ വിശദീകരണം കേട്ടപ്പോൾ ഞങ്ങൾ ആകെ കഴപ്പത്തിലായിരിക്കുകയാണ്. അതുകൊണ്ട് ഈ കഴപ്പങ്ങൾ ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം. അതിനു രണ്ടോ മൂന്നോ മണിക്കൂർ കൂട്ടി കൊടുക്കുന്നതിലും തരക്കേടില്ല.

മി. സ്പീക്കർ : അതു സംബന്ധിച്ചു വിവാദങ്ങൾ ടെഷറി ബഞ്ചിൽ നിന്നും പറയാൻപോകുകയാണ്. അതിനു കൂടുതൽ സമയം ആവശ്യമുണ്ടെങ്കിൽ അതേപ്പറ്റി ആലോചിച്ചു സമയം നിശ്ചയിക്കാം.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, ഒരു പോയിന്റ് ആഫ് ആർഡർ സാധാരണ ബില്ലുകൾപോലെ അല്ല അപ്രോപ്രിയേഷൻബിൽ. അതേ സംബന്ധിച്ചു റൂൾ 155 അനുസരിച്ചു ചില പ്രത്യേകതകൾ ഉണ്ട്. പക്ഷേ ഇന്നു ഈ അപ്രോപ്രിയേഷൻ ബില്ല ചർച്ചയ്ക്കു വന്നപ്പോൾ അതു സംബന്ധിച്ചു പല ആരോപണങ്ങളും ഉന്നയിക്കുകയും അതു കേൾക്കുമ്പോൾ ഉള്ള മന്ത്രിമാരുടെ മനസ്സാക്ഷിയുടെ കുത്തുകൊണ്ട് അപ്പോഴപ്പോൾ മറുപടി പറയുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് സ്വീകരിച്ചു വരുന്നതു്. അതു് ഒരു കീഴ്വഴക്കമായിത്തീരുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഡിബേറ്റു നടന്നുകൊണ്ടിരിക്കുമ്പോൾ ചില സംശയങ്ങൾ ഉണ്ടാകും. അവ വിശദീകരിക്കുവാൻ മന്ത്രിമാർക്കു് ഇൻറർവീൻ ചെയ്യാം. അതു പാർലമെൻറിറി നടപടികളിൽപ്പെട്ട ഒന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി നടന്ന വാദപ്രതിവാദങ്ങൾ ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിൽ ഏറ്റവും പ്രധാനമായി ഞാൻ കുറിക്കൊള്ളുന്നതു് കൊല്ലം മെമ്പർ ശ്രീ. ദിവാകരനും, അദ്ദേഹത്തെ തുടർന്നു് ശ്രീ. പ്രാക്കുളം ഭാസിയും ചെയ്ത പ്രസംഗങ്ങളെയാണു്. ആ പ്രസംഗങ്ങൾ ഈ അവസരത്തിൽ ചെയ്യാനുണ്ടായ കാരണങ്ങൾ എന്താണു്? ആ പ്രസംഗങ്ങൾമൂലം ഗവൺമെൻറിന്റെ പേരിലും എന്നിലും ചെളി വാരി എറിയാൻ ശ്രമിക്കുന്നതിന്റെ കാരണം—എന്താണെന്നു ഇപ്പോൾ പറയേണ്ട കാര്യമില്ല. വളരെ ആക്ഷേപകരമായ സംഗതികളാണു് ശ്രീ. ദിവാകരൻ ഇവിടെ ഉന്നയിച്ചിട്ടുള്ളതു്. ആ വിഷയത്തെക്കുറിച്ചു് ഒരു ജൂഡീഷ്യൽ എൻക്വയറി നടത്തുന്നതാണെന്നു ഞാൻ പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. ആ കാൺട്രാക്ടിന്റെ കാര്യത്തിൽ എങ്കിലും വിധത്തിലുള്ള അന്യായങ്ങളോ ക്രമക്കേടുകളോ തെറ്റുകളോ ഉണ്ടായിട്ടുണ്ടോ എന്നതിനെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു ജൂഡീഷ്യൽ എൻക്വയറിക്കു് ആർഡർ ചെയ്യുന്നതും അതിന്റെ വിവരങ്ങൾ സഭയ്ക്കു നൽകുന്നതുമാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ : ആ എൻക്വയറികാലത്തു രാജിവയ്ക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല. നാളെത്തന്നെ അവിശ്വാസപ്രമേയം പാസ്സാക്കുകയാണെങ്കിൽ രാജിവയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടാണ് ഇതു പറയുന്നതെന്നുവച്ചാൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായി റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി അവരുടെ ചില പരിപാടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിനായി വിലയേറിയ ചില നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതു പത്രങ്ങളിൽ വന്ന കാര്യമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. പരിഭ്രമിക്കേണ്ട. ചവറാമിനറൽസിൽ 128 തൊഴിലാളികളെ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. നടരാജപിള്ളയുടെ ഉത്തരവനുസരിച്ച് എംപ്ലോയിമെൻറ് എക്സ്ചേഞ്ചുവഴി റിക്രൂട്ട് ചെയ്യുകയുണ്ടായി. വീട്ടയിൻ പ്ലാൻറ് തുടങ്ങുന്നതിനുവേണ്ടിയാണ് അവരെ റിക്രൂട്ട് ചെയ്തത്. അങ്ങിനെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചുവഴി റിക്രൂട്ട് ചെയ്യുമെന്നുള്ള ഓർഡർ അന്നു മന്ത്രിയായിരുന്ന ശ്രീ. നടരാജപിള്ള 1954 ജൂണിലോ ജൂലൈയിലോ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആ ഓർഡർ പുനരാലോചന ചെയ്യണമെന്ന് യൂണിയൻ ആവശ്യപ്പെട്ടതനുസരിച്ച് പുനരാലോചിക്കുകയും മുൻ ഉത്തരവ് സ്ഥിരീകരിച്ചിരിക്കുന്നതായി യൂണിയനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആ ഉത്തരവ് പാസ്സാക്കിയ ബഹുമാനപ്പെട്ട നടരാജപിള്ള ഈ സഭയിൽ തന്നെ ഉണ്ട്. ആവശ്യമുണ്ടെങ്കിൽ ആ ഫയലുകളെല്ലാം നാളെ ഞാൻ കൊണ്ടുവരാം. ആ ഓർഡറനുസരിച്ചാണ് ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ഉടനെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖാന്തിരം 128 തൊഴിലാളികളെ റിക്രൂട്ടുചെയ്ത് വീട്ടയിൽ പ്ലാൻറ് തുടങ്ങാൻ ആരംഭിച്ചു. ആ സമയം ശ്രീ. ബേബിജോണിന്റെ നേതൃത്വത്തിലുള്ള യൂണിയൻ അവിടെ ഒരു പണിമുടക്കു തുടങ്ങി. ആ പണിമുടക്ക് തുടങ്ങിയപ്പോൾ ഗവണ്മെൻറ് ചെയ്തത് ശരിയാണെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടി ഈ 128 തൊഴിലാളികളെ പിരിച്ചുവിടുകയില്ലെന്നുള്ള ഒരു നിലപാടാണ് ഗവണ്മെൻറ് സ്വീകരിച്ചത്. അതു തുടങ്ങിയ കാലത്തു അക്കാര്യത്തെപ്പറ്റി മദ്ധ്യസ്ഥത പറയാൻ എന്റെ അടുക്കൽ വന്ന ഈ നിയമസഭയിലെ ഒരംഗം എന്നോടു പറയുകയുണ്ടായി, ന്യായങ്ങൾ എന്തൊക്കെ ഇരുന്നാലും ആർ. എസ്. പി–യ്ക്ക് സ്റ്റാണ്ടർ നടത്താനായി ഒരു മെഷീനറി കയ്യിലുണ്ടെന്നും ആ മെഷീനറി മുഴുവൻ അഴിച്ചുവിട്ട് പ്രശ്നങ്ങൾ നേടിക്കൊള്ളുമെന്നും.

ശ്രീ. എ. താണുപിള്ള : ആ മെംബർ ആരാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. ടി. എസ്. രാമസ്വാമിയാണ്.

ഇതിന്റെ ന്യായങ്ങൾ എങ്ങിനെയെല്ലാം ആയാലും സ്റ്റാണ്ടർ നടത്തി ഇന്നത്തെ മുഖ്യമന്ത്രിയെ മുട്ടുകുത്തിക്കാൻ അവർ ഒരുങ്ങിയിട്ടുണ്ടെന്ന് മുൻകൂട്ടി അറിയിപ്പു നൽകുകയുണ്ടായി. ആ മുന്നറിയിപ്പനുസരിച്ച് ഈ സ്ട്രൈക്ക് തുടങ്ങിയകാലത്തു വാളണ്ടിയർമാർ എന്താണ ചെയ്തതെന്ന ഈ സഭയിലെ അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഈ സെക്രട്ടേറിയറ്റിന്റെ മുമ്പിൽവന്ന് മുദ്രാവാക്യങ്ങൾ വിളിക്കുന്ന അവസരത്തിൽ എന്നെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ടാണ് മുദ്രാവാക്യങ്ങൾ വിളിച്ചിട്ടുള്ളത്. അങ്ങിനെയുള്ള ചരക്കുകളൊന്നും എന്റെ കമ്പോളത്തിൽ ചിലവാകുകയില്ലെന്ന ആർ. എസ്. പി. സ്നേഹിതന്മാർ അറിഞ്ഞിരുന്നാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : വ്യക്തി പരമായി എന്താണ് പറഞ്ഞത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. വ്യക്തിപരമായി പറഞ്ഞതു് ശ്രീ. ദിവാകരനു് അറിയാൻ പാടില്ലാത്തതാണോ ? ഈ തൊഴിലാളികളുടെ പിന്നിൽ നിന്നു് അവർക്കു് ഒരു പ്രോത്സാഹനം കൊടുത്തു് ഈ രാജ്യത്തു് ഒരു നടത്തുന്ന വ്യക്തികളുടെമേൽ ചെളി വാരി എറിയാനുള്ള സന്ദർഭം ഉണ്ടാക്കിയും നിയമം ലംഘിച്ചു് പോലീസുകാരെ തട്ടിനീക്കി നിയമസഭയുടെ പോർച്ചിലേയ്ക്കു് മാർച്ചുചെയ്തു് പോലീസിന്റെ ബലപ്രയോഗത്തിനിടയാക്കിയതുമായ ഈ നേതാക്കന്മാർ വ്യക്തിപരമായി പറഞ്ഞതു് എന്താണെന്നു് അറിയുന്നില്ലെ ? എന്താണെന്നു അന്നു പത്രങ്ങളിലുണ്ടായിരുന്നു. ഞാൻ അതാവർത്തിക്കാനുദ്ദേശിക്കുന്നില്ല. അതുകൊണ്ടാണോ ഈ പാവപ്പെട്ട നേതാക്കന്മാരുടെ ബുദ്ധിയില്ലായ്മയെ ഒരു് പരിഹാസ്യമായ ഒരു മന്ദഹാസമാണു് എനിക്കുണ്ടായതു്. ഇതിനെത്തുടർന്നു് ഈ 128 ആളുകളെ പിരിച്ചുവിടരുതെന്നുള്ള കോടതിയുടെ ഒരു ആർബിട്രേഷൻ വേണമെന്നു പറഞ്ഞു. ഔപചാരികമായി സാദ്ധ്യമല്ലെന്നും ഇൻഫാർമലായി ഒരു ആർബിട്രേഷനു് സമ്മതിക്കാമെന്നും പറഞ്ഞു ലേബർ കമ്മീഷണർ അവിടെപോയി രേഖകൾ പരിശോധിച്ചു് ശരിയാണെന്നു കണ്ടാൽ ഞാനും വഴിപ്പെട്ടുകൊള്ളാമെന്നു് ശ്രീ. ശ്രീനിവാസൻനായർ പറഞ്ഞതനുസരിച്ചു് ലേബർകമ്മീഷണർ യൂണിയന്റെയും മാനേജുമെന്റിന്റെയും സ്റ്റേറ്റുമെന്റുകൾ വാങ്ങി പരിശോധിച്ചശേഷം ഗവണ്മെന്റു ചെയ്തതിൽ തെറ്റൊന്നുമില്ലെന്നു റിപ്പോർട്ടുചെയ്തു. ലേബർകമ്മീഷണർ ഗവണ്മെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനായതുകൊണ്ടു് അങ്ങിനെയെ റിപ്പോർട്ടു ചെയ്യുകയുള്ളുവെന്നു് പിന്നെ പറഞ്ഞു.

ശ്രീ. പ്രാക്കുളം മാസി : സർ, ഒരു ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഈൽഡു ചെയ്യുന്നില്ല.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഈ സഭയിലെ ഒരു കക്ഷിയുടെ പേരിൽ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി പച്ചകള്ളങ്ങൾ തട്ടിവിടുമ്പോൾ അതിനെ നിഷേധിക്കാൻ ആ കക്ഷിയിലെ അംഗങ്ങൾക്കു് സ്വാതന്ത്ര്യം കൊടുക്കേണ്ടതല്ലേ ?

മി. സ്പീക്കർ : സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവർക്കു പറയാനുള്ളതെല്ലാം പറഞ്ഞിട്ടുണ്ടു്. ഗവണ്മെന്റുഭാഗത്തു നിന്നും പറയുന്നതു് കേട്ടുകഴിഞ്ഞശേഷം സമയമുണ്ടെങ്കിൽ അനുവദിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ചാർട്ടഡ് ഡിസ്പ്യൂട്ടിനെ സംബന്ധിച്ചോ അതിന്റെ ന്യായാന്യായങ്ങളെപ്പറ്റിയോ ഈ ഭാഗത്തുള്ള ആരും ഒന്നും പറഞ്ഞിട്ടില്ല. നാളെ എനിക്കു് സമയം തരുമെങ്കിൽ ചാർട്ടർ കമ്പനിയെ സംബന്ധിച്ചിടത്തോളം ഞാൻ ഗവണ്മെന്റിനു മറുപടി പറഞ്ഞുകൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആർബിട്രേറ്ററെ വയ്ക്കാൻ ഈ ഗവണ്മെന്റിനു സാദ്ധ്യമല്ല. ഇൻഡസ്ട്രിയൽ

ഡിസ്പ്യൂട്സ് ആക്ടനുസരിച്ച് ഇൻഡ്യാഗവണ്മെന്റിനെ അറിയിക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു ലോഹ്യമെന്ന നിലയിൽ ഇന്ന് ഫാർമിലായി ആർബിട്രേറ്ററെ വയ്ക്കണമെന്നുള്ളതു് ഗവണ്മെന്റ് സമ്മതിച്ചു. ആർബിട്രേഷനു് റഫർ ചെയ്യേണ്ട കാര്യമെന്താണെന്നു് കഴിഞ്ഞതരണമെന്നു് പറഞ്ഞു. അങ്ങനെതന്നെ ലേബർകമ്മീഷണറെ ഏൽപ്പിക്കുകയുംചെയ്തു. ലേബർ കമ്മീഷണർ അനേഷണം നടത്തിയപ്പോൾ യൂണിയൻ അനുകൂലിച്ചിരുന്നില്ല. അതുകഴിഞ്ഞു് ഇൻഡ്യാഗവണ്മെന്റിലേയ്ക്കു് ഒരു അഡ്ജൂഡിക്കേറ്ററെ വയ്ക്കണമെന്നു് അപേക്ഷിച്ചു. അപ്പോൾ ശ്രീ. ബാലകൃഷ്ണനും മറ്റും ഇൻഡ്യാഗവണ്മെന്റിനു അഡ്ജൂഡിക്കേറ്ററെ വയ്ക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതു് ഈ ഗവണ്മെന്റും സമ്മതിക്കണമെന്നും പറയുകയുണ്ടായി. ഈ ഗവണ്മെന്റിനു അതു് സമ്മതമാണെന്നു ഇൻഡ്യാഗവണ്മെന്റിനു് എഴുതി അയച്ചിട്ടുണ്ടു്. ആ എഴുത്തിന്റെ പകർപ്പു് ശ്രീ. ബാലകൃഷ്ണനു കൊടുത്തു. അങ്ങനെ 128 തൊഴിലാളികളെ പിരിച്ചുവിടണമോ വേണ്ടയോ എന്നുള്ള കാര്യത്തെപ്പറ്റി അഡ്ജൂഡിക്കേഷൻ നടന്നുകൊണ്ടിരിക്കയാണു്. അതിന്റെ അവസാനവിധി പിരിച്ചുവിടാമെന്നാണെങ്കിൽ ഗവണ്മെന്റു പിരിച്ചുവിടും. അല്ലെങ്കിൽ പിരിച്ചുവിടുകയില്ല. പത്തു നാലു ദിവസം സ്ട്രൈക്കു നടന്നു. അഡ്ജൂഡിക്കേഷൻ വന്നപ്പോൾ സ്ട്രൈക്കു പിൻവലിച്ചു.

പിന്നെ നിരാഹാരസത്യഗ്രഹത്തെപ്പറ്റി പറയുകയുണ്ടായി. ശ്രീ. ശ്രീകണ്ഠൻനായർ ചില കാര്യങ്ങളെല്ലാം പറഞ്ഞു. അതിൽ ചെയ്യാവുന്നതായി ചിലതൊക്കെ ഉണ്ടെന്നും, ചെയ്യാൻ സാധിക്കാത്തതായി ഇന്നതൊക്കെ ഉണ്ടെന്നും മറുപടി കൊടുത്തിട്ടുണ്ടു്. ആ എഴുത്തിൽ ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞതു് ചെയ്യാൻ സാദ്ധ്യമല്ല. ചെയ്യാൻ സാധിക്കുമെന്നു പറഞ്ഞതൊക്കെ ചെയ്യും. അതുകൊണ്ടു് മുഖ്യമന്ത്രി സ്ഥാനം പോകുകയാണെങ്കിൽ പോകട്ടെ. ശ്രീ. ഭാസി പറഞ്ഞതുപോലെ സി. പി. രാമസ്വാമിഅയ്യരെ ഓടിച്ചുമാറിയിട്ടു ഓടിക്കുകയാണെങ്കിൽ ഓടിക്കൊള്ളാം. അതിൽ എനിക്കു് അശേഷം ഭയമില്ല. ഒരുദിവസം എല്ലാവരും മരിക്കും. കോളറ, വസൂചിക, മസൂരി തുടങ്ങിയ രോഗങ്ങൾ പിടിച്ചു് മരിക്കുന്നതുപോലെ ആർ. എസ്സ്. പി. പിടിച്ചു് മരിക്കുകയാണെങ്കിൽ മരിക്കാം. ഈ രാജ്യത്തു് അമരന്മാരായി ആരുമില്ല. എന്നെ ബാധിക്കാൻപോകുന്ന വിഷൂചിക ആർ. എസ്സ്. പി. വിഷൂചികയാണെങ്കിൽ എനിക്കു വിരോധമില്ല. പത്തുനാൽപ്പത്തെട്ടു വയസ്സായി. ചത്തുപോകുന്നതിൽ ഭയമില്ല. അതുകൊണ്ടു് വെളിച്ചപ്പാടുണ്ടായി ഇളകുന്നമാതിരി ഇളക്കിയാൽ ഈ മുഖ്യമന്ത്രി ഇളകുമെന്നു വിചാരിക്കുന്നതു് അബദ്ധമാണു്.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെ വിശ്വാസമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹൂഡ് ഡിപ്പാർട്ട്മെന്റിലെ ഒരു കാൺടാക്റ്ററിനെപ്പറ്റി അഞ്ചുലക്ഷമാണു്, അഞ്ചുലക്ഷത്തിന്റെ അനുമാനമാണു്, കാൺട്രാക്റ്റിൽ കുഴപ്പമുണ്ടു് എന്നൊക്കെ പറഞ്ഞതു് ഒരു ജൂഡീഷ്യൽ എൻക്വയറിക്കു് വിടുകയാണു്. ഇങ്ങനെ ഉത്തരവാദിത്വമില്ലാതെ സ്റ്റാൻഡറാകുന്ന സപ്പ്ത്തെ ഇളക്കിവിട്ടു് ഈ മുഖ്യമന്ത്രിയെ മുട്ടുകുത്തിക്കുമെന്നു പറഞ്ഞതു് അത്ഭുതമാകുന്നു പോകുന്ന എന്നുള്ളതിന്റെ ലക്ഷണമാണു് ഇവിടെ കാണുന്നതു്. നാളത്തെ മോഷൻ ജയിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തോൽക്കുകയോ ചെയ്യും. ഏതായാലും ആ സ്റ്റാൻഡറാകുന്ന വഴിപ്പാമ്പിനെ ഇളക്കിവിട്ടിരിക്കുകയാണ്. ശ്രീ. ദിവാകരനെപ്പോലെ ശാന്തനായ ഒരാളിൽനിന്ന് ഇങ്ങനെ വിഷലിപ്തമായ പ്രസ്താവനകൾ ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അതു് പത്രങ്ങളിൽ വന്നതാണ്. ഞാനുണ്ടാക്കി പറഞ്ഞതല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പത്രങ്ങളിലും വന്നതു്. അതിനെതന്നെ ആവർത്തിക്കുകയല്ല, ഉത്തരവാദപ്പെട്ട മെംബറന്മാർ ചെയ്യുന്നതു്. ഞാൻ പത്രങ്ങളിൽ കണ്ടില്ല. ഇന്നലെയാണ് ഞാൻ ആദ്യമായി ഇതെപ്പറ്റി മനസ്സിലാക്കുന്നതു്. 25 ലക്ഷം രൂപയുടെ ഡിമാൻഡിനെ സപ്പോർട്ടു് ചെയ്യുമ്പോഴാണ് ഞാൻ ഇതിനെപ്പറ്റി അന്വേഷിക്കുന്നതു്. അതുകൊണ്ടു് അതിനെപ്പറ്റി ഒരു ജുഡീഷ്യൽ എൻക്വയറി ഉണ്ടാകണം.

ശ്രീമാൻ ഭാസി പറഞ്ഞതിനു മറുപടി ശ്രീ. ശ്രീകൃഷ്ണൻനായർ എനിക്കു് വേണ്ടപ്പെട്ട ഒരാളാണെന്നാണ്. അദ്ദേഹം ആഹാരം കഴിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിനു് ശ്രീ. ഭാസി ഉപദേശിച്ചാൽ കൊള്ളാം. ഏഴത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം നടക്കും. പക്ഷേ, അതു് നിയമസഭ അവസാനിച്ചിട്ടേ നടത്താൻ തരമുള്ളൂ. ഇപ്പോൾ വളരെ തിരക്കുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സ്പെഷ്യൽ ട്രിബ്യൂണലിനു് ഇപ്പോൾ ഒരു ധനാഭ്യർത്ഥന കൊണ്ടുവരേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ആവശ്യമില്ല. സേവിംഗ്സ് ഉണ്ടു്.

ശ്രീ. കെ. സി. ജോർജ്ജ്: പഞ്ചായത്തിന്റെ കാര്യം പറഞ്ഞില്ലല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പഞ്ചായത്തിന്റെ കാര്യത്തിൽ പണം മാറിവച്ചിരിക്കുന്നതു് സെക്ഷനാഫീസറന്മാരെ വയ്ക്കുന്നതിനു വേണ്ടിയാണ്. പബ്ലിക്കു് സർവ്വീസു് കമ്മീഷൻ മുഖാന്തിരം അവരെ റിക്രൂട്ടുചെയ്യുന്നതിനു് ആലോചിച്ചിട്ടുണ്ടു്. പഞ്ചായത്തുകളുടെ കാര്യം വളരെ അംഗിയായി നടത്തുന്നതിനു് ആലോചിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: സ്പെഷ്യൽ ട്രിബ്യൂണൽ 400 രൂപ പ്രതിമാസം പറഞ്ഞിരിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്പെഷ്യൽ ട്രിബ്യൂണലിനെ പിൻവലിച്ചു. സ്പെഷ്യൽ ട്രിബ്യൂണലായി റിട്ടയർഡു് ഹൈക്കോർട്ടുജഡ്ജി പി. കെ. സുബ്രഹ്മണ്യയ്യരെ നിയമിച്ചതു് തൃശ്ശൂർ ഏലക്ഷനുവേണ്ടിയാണെന്നു പറഞ്ഞതൊക്കെ സ്റ്റാൻഡറിന്റെ കൂട്ടത്തിൽപ്പെട്ടതായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: അദ്ദേഹത്തിന്റെ ഒരു മാസത്തെ ശമ്പളം എന്തായിരുന്നു എന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെല്ലാം സ്റ്റാൻഡറാണ്. ആർ. എസ്സ്. പി. ഇങ്ങനെ നാന പറഞ്ഞതുകൊണ്ട് വിപ്ലവം ഒന്നും ഉണ്ടാകാൻ പോകുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങേഹത്തിനെ എന്നു നിയമിച്ചു; പേസ്സ് എന്നു റഫർചെയ്തു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെല്ലാം സെമ്മേതേനിയസ്സായി നടന്നു. അങ്ങേഹം പിന്നെ രാജിവയ്ക്കേണ്ടിവന്നതു് വളരെ അധികം ആളുകൾ അങ്ങേഹത്തിനെതിരായി പ്രമേയം പാസ്സാക്കിയതുകൊണ്ടാണു്. അങ്ങേഹം വളരെ യോഗ്യനാണു്. ഇത്തിനെയുള്ള ഒരു സമാനത്തിരിക്കേണ്ടാ എന്നു വിചാരിച്ചു് അങ്ങേഹം രാജിവച്ചു.

ശ്രീ. പ്രാക്കുളം ഭാസി: ആർ. എസ്സ്. പി.—ക്കാർ മാത്രമേ പ്രമേയം പാസ്സാക്കിയിട്ടുള്ളൂ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല, പലരും ചെയ്തു. ആർ. എസ്സ്. പി. ക്കാക്കു മാത്രമാണോ തെറ്റുചെയ്യാനുള്ള അവകാശം.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങേഹത്തെ നിയമിച്ചു് എത്ര ദിവസം കഴിഞ്ഞിട്ടാണു് ആഫീസു് പ്രവർത്തനം തുടങ്ങിയതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചുദിവസങ്ങൾ കഴിഞ്ഞു്

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങേഹം രാജിവച്ചിട്ടു് പിന്നെ എന്താണു് ടൈബ്യൂണലിനെ വയ്ക്കാത്തതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ബഹുമാനപ്പെട്ട മെംബർക്കുതന്നെ അറിയാവുന്നതാണല്ലൊ. ഒരു ത്രികക്ഷി സമ്മേളനം നടത്തി ചിലതെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നറിയണമെന്നു ബഹുമാനപ്പെട്ട മെംബർ തന്നെ എന്റെ അടുക്കൽവന്നു പറഞ്ഞു. അതിൽ കുറെ കാര്യങ്ങളെങ്കിലും നടക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. അതനുസരിച്ചു് ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതു കഴിച്ചു് എന്തെങ്കിലും കാര്യം ബാക്കിയുണ്ടെങ്കിൽ മാത്രം ടൈബ്യൂണലിനെ ഏർപ്പിക്കാമെന്നാണു് കരുതിയതു്.

ശ്രീ. പ്രാക്കുളം ഭാസി : സർ, മുഖ്യമന്ത്രി ഡെൽഹിയിൽനിന്നും തിരിച്ചുവന്നാലുടൻതന്നെ കോൺഫറൻസു് വിളിച്ചുകൂട്ടുമെന്നാണു് പറഞ്ഞതു്. ടൈബ്യൂണലിനെ ഏർപ്പിക്കുമെന്നു് ആർ. എസ്സ്. പി. ക്കാർ മാത്രമല്ല തമിഴ്നാട് കോൺഗ്രസ്സു് പാർട്ടിമെംബർ ശ്രീ. തങ്കയ്യയും, ശ്രീ. ശമ്മയും ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം അറിയാമല്ലൊ. ഹെലിബറിയാ എസ്റ്റേറ്റിന്റെ കാര്യത്തിൽ ലേബർ ഡിപ്പാർട്ട്മെന്റ് ഫെയിൽ ചെയ്തുകയാണെങ്കിൽ ലേബർമന്ത്രി ഇടപെടുമെന്നു കാണിച്ചു് ചീഫ് സെക്രട്ടറി എനിക്കു കത്തയച്ചിട്ടുണ്ടു്. സർ, പ്രാക്കുളം ഭാസി ഇവിടെനിൽക്കുന്നതുപോലെയാണു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും ഇവിടെ വന്നിട്ടുള്ളതെന്നു വസ്തുത മനസ്സിലാക്കണം.

മി. സ്പീക്കർ : ആർഡർ, ആർഡർ. ഡിസ്കഷൻ കഴിഞ്ഞു. ഗവണ്മെന്റുഭാഗത്തുനിന്നും മറുപടിയും പറഞ്ഞുകഴിഞ്ഞതിനാൽ ഒരു പ്രസംഗംചെയ്യാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി: സർ, മറുപടി പറഞ്ഞപ്പോൾ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടു് ചോദ്യങ്ങൾ ചോദിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടൽഡുചെയ്യാത്തതുകൊണ്ടു് പറയാനുള്ളതു പറയുകയാണു്.

മി. സ്പീക്കർ: ചോദ്യം ചോദിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി 128 പേരെ ചവറ മിനറൽസിൽ എടുത്തതിനെപ്പറ്റി പുനഃപരിശോധന നടത്താമെന്നു തീരുമാനിച്ചിട്ടു് നാലുമാസമായി. ഇതുവരെ അതിനു ഒരു തീരുമാനമുണ്ടായിക്കാണുന്നില്ല. ഇങ്ങിനെയാണു് കാര്യങ്ങൾ മുന്നോട്ടു പോകുന്നതു്.

സർ, എസ്റ്റേറ്റ് കാര്യത്തെപ്പറ്റി പറയുമ്പോൾ ഒരു രാഷ്ട്രീയ പരിഗണനയും വച്ചുകൊണ്ടു് ആ കാര്യത്തെ വീക്ഷിക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. തലയാർ എസ്റ്റേറ്റ് കാര്യത്തെപ്പറ്റി ഒരു കോൺഫറൻസു് വിളിച്ചുകൂട്ടിയതു് എന്തെങ്കിലും രാഷ്ട്രീയപരിഗണനയിലാണോ? ആർ. എസ്സ്. പി. മാത്രമല്ല എസ്റ്റേറ്റ് പ്രശ്നം കൈകാര്യം ചെയ്യുന്നതെന്നു ബോദ്ധ്യമാകും. രണ്ടു് ജീപ്പു വാങ്ങിയതിനു് അപ്രോപ്രിയേഷൻ ബില്ലിൽ തുക കൊള്ളിച്ചുകാണുന്നു. അതു് പ്ലാന്റേഷൻ ഏരിയായിലേയ്ക്കാണെങ്കിലും ബാക്കിയുള്ള ടേഡുയൂണിയനെറ ആവശ്യത്തിനും ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യണം. ഫെഡറിയാ എസ്റ്റേറ്റ് സംബന്ധിച്ചിടത്തോളമുള്ള പ്രശ്നങ്ങൾ വിശദീകരിക്കുന്നതിനു് ഒരു കോൺഫറൻസു്.....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പ്രശ്നം നോട്ടീസ് അവസാനിപ്പിക്കാൻ ശ്രമിക്കാം.

ഒരു സംഗതികൂടി പറയാനുണ്ടു്. റിട്ടുപെറ്റിഷൻ കൊടുത്തിട്ടുള്ളതിനെപ്പറ്റി ഹോം മിനിസ്റ്റർ ഇപ്പോൾ ഒരു വിവരം അറിയിച്ചു. "Mr. C. V. Avira filed a Writ petition in the High Court that as his rates were the lowest in the Centre, he should be given the work. Government argued that the lowest rate favourable to Government has been accepted. The High Court dismissed the Writ Petition." ഇതിനെപ്പറ്റി എനിക്കോ ഹോം മിനിസ്റ്റർക്കോ ഇതിൽ കൂടുതലായി അറിവില്ല.

ശ്രീ ജെ. ഏട്ടൻ: പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെറിലേ പണികൾക്കു വേണ്ടി വലിയ സംഖ്യകൾ ഇതിൽ കൊള്ളിച്ചിട്ടുണ്ടു്. ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ള പണികൾ അടുത്ത ആറുമാസത്തിനകം തീർക്കുമോയെന്നുള്ള കാര്യത്തിനുകൂടി ഒരു വ്യക്തീകരണം മറുപടിയിൽ പറഞ്ഞാൽകൊള്ളാം.

ശ്രീ. കെ. ഏ. വേലായുധൻ: സർ, സിവിൽ വർക്ക്സിനുവേണ്ടി വളരെ അധികം തുക ഈയാണ്ടത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെന്നും, അതു ശരിയായി ചെലവുചെയ്യാതെ ഇപ്പോൾ സപ്ലിമെൻറി ഗ്രാൻറ കൊണ്ടുവന്നിരിക്കുകയാണെന്നും ഇവിടെ ശ്രീ. ദിവാകരൻ പറയുകയുണ്ടായി. അതു ശരിയല്ല. സ്പെഷ്യൽ വർക്ക്സ് ഇനത്തിനു 50 ലക്ഷം രൂപയാണു കൊള്ളിച്ചിട്ടുണ്ടായിരുന്നതു്. അതിൽ നാലുപ്രത്തിയഞ്ചുലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവുചെയ്യേണ്ടിവന്നു. നാലുലക്ഷം രൂപയാണ് അതിൽ ബാക്കിയുള്ളതു്. 315 വക്കുകളാണ് ഈ നാലു ലക്ഷം രൂപകൊണ്ടു് നിർവ്വഹിക്കാനുള്ളതു്. ആ പണികൾ ചെയ്തുതീർക്കുന്നതിലേക്കു ഈ നാലുലക്ഷം രൂപ മതിയാകുകയില്ലെന്നുള്ളതുകൊണ്ടാണ് ഈ 13,59,000 രൂപ ഈ ഇനത്തിൽ കൊള്ളിച്ചിട്ടുള്ളതു്. റോഡ് ഡെവലപ്പ്മെൻറ വർക്ക്സിനുവേണ്ടി 17 ലക്ഷം രൂപ കൊണ്ടുവന്നിട്ടുണ്ടു്. ഇതിലേക്കു 28 ലക്ഷം രൂപ സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഗ്രാൻറ തന്നിട്ടുണ്ടു്. കഴിഞ്ഞ ബഡ്ജറ്റിൽ ആ ഇനത്തിൽ ഏഴരലക്ഷം രൂപമാത്രമാണ് മിച്ചമുള്ളതു്. 25 ലക്ഷം രൂപയുടെ വക്കുകൾ നമ്മുടെ രാജ്യത്തു നടത്തേണ്ടതായിട്ടുണ്ടു്. അതിലേക്കു ആവശ്യത്തിനുവേണ്ടിയാണ് ഈ റോഡ് ഡെവലപ്പ്മെൻറ സ്കീമിലേക്കു 17 ലക്ഷം രൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

വാട്ടർ വർക്കുസ് സംബന്ധമായി 75 ലക്ഷം രൂപ കേന്ദ്രഗവണ്മെൻറിൽ നിന്നും സഹായമുണ്ടു്. തൃശ്ശൂർ, മട്ടാഞ്ചേരി, എറണാകുളം, കോട്ടയം, തിരുവാർപ്പു് എന്നീ സ്ഥലങ്ങളിലായി 6 വക്കുകൾക്കു വേണ്ടിയാണു്. മട്ടാഞ്ചേരി, എറണാകുളം ഈ സ്ഥലങ്ങളിലെ വക്കുകൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. രവീന്ദ്രൻ: സ്പെഷ്യൽ റോഡ്സ് സർഫസ് ചെയ്യുന്നതിനു കൊള്ളിച്ചിട്ടുള്ള തുക, അതായതു് 13, 59, 000 രൂപ, ഏതേതു റോഡുകൾക്കു എത്ര രൂപവീതം ചെലവു ചെയ്യേണ്ടിവരുമെന്നുള്ള ഒരു എസ്റ്റിമേറു തയാറാക്കിയതിനു ശേഷമാണോ?

ശ്രീ. കെ. എ. വേലായുധൻ: റോഡ് സർഫസു് ചെയ്യുന്നതിലേക്കായി നാനാഭാഗത്തുകളിലും നിന്നു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്. ആ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആണു് ജോലികൾ നടത്തുവാൻ ഉദ്ദേശിക്കുന്നതു്. അതിനാൽ ഈ ബിൽ പാസ്സാക്കിത്തരണമെന്നു ഞാൻ സഭയോടു് അപേക്ഷിച്ചുകൊള്ളുന്നു.

The question that the Travancore-Cochin Appropriation (No. 3) Bill, 1955, be taken up for consideration was put and carried.

The Bill was taken up for consideration.

**Clauses 2 and 3.**

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.



LIBRARY ARCHIVES Kerala Legislative Assembly

**Schedule.**

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

**Clause I, Preamble and Title.**

The question that Clause I, the Preamble and the Title stand part of the Bill was put and carried.

Clause I and the Preamble and the Title were added to the Bill.

SHRI PANAMPILLI GOVINDA MENON: I request that the Bill be taken up and finally passed.

SHRI A. J. JOHN: I second it.

The question that the Travancore-Cochin Appropriation (No. 3) Bill, 1955, be passed was put and carried.

The Bill was passed.

**The Travancore-Cochin Public Gambling Bill.**

*Home Minister* (Shri A. J. JOHN): I move that the Travancore-Cochin Public Gambling Bill, as reported by the Select Committee, be taken up for consideration.

സർ, തിരുവിതാംകൂറിലും കൊച്ചിയിലും ഇതിലേക്ക നിയമങ്ങൾ ഉണ്ടായിരുന്നു. ആ രണ്ടു നിയമങ്ങളും ഏകീകരിച്ചു ഒരു നിയമം ഉണ്ടാക്കുകയെന്നുള്ളതാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം. തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമം അടിസ്ഥാനപ്പെടുത്തിയാണ് ഈ ബിൽ തയാറാക്കിയിരിക്കുന്നത്. സെലക്ട് കമ്മിറ്റി പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

*Chief Minister* (Shri PANAMPILLI GOVINDA MENON): I second it.

Shri KALATHIL VELAYUDHAN NAIR: Sir, I move that the Bill be recommitted to the Select Committee for re-consideration.

LIBRARY ARCHIVES Kerala Legislative Assembly